PRICE ₹ 50/-

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL 5 I ISSUE 4 I BIMONTHLY I AUGUST 2025 I 48 PAGES



വി. എസ് എന്ന ഇതിഹാസം 04

വി. എസ് സമരമുഖങ്ങളിലെ കർമ്മധീരൻ 07

വി.എസ് പ്രതിപക്ഷസ്വരമുള്ള ഒറ്റയാൻ 09

ഒരാൾ; ഒരേയൊരാൾ
ഓർമ്മയിൽ അനശ്വരനാകുന്ന വി. എസ് 12

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 5 ലക്കം 4 ആഗസ്റ്റ് 2025

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ.എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

അംഗങ്ങൾ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം.കെ.റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഷാജി സി. ബേബി**
സ്പെഷ്യൽ സെക്രട്ടറി

**പി. ഹരി**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
ജോയിന്റ് സെക്രട്ടറി

**വി.ജി.റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ

**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

''വിജയത്തിലൂടെ കൈവരുന്നതല്ല ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ് നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്... ജീവിതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി''

– മഹാത്മാ ഗാന്ധി



# ഉൾത്താളുകളിലൂടെ .........


വി. എസ്. എന്ന ഇതിഹാസം 04
**എ.എൻ. ഷംസീർ**

വി. എസ്. സമരമുഖങ്ങളിലെ കർമ്മധീരൻ 07
**പിണറായി വിജയൻ**

വി.എസ്. പ്രതിപക്ഷസ്വരമുള്ള ഒറ്റയാൻ 09
**വി.ഡി. സതീശൻ**

ഒരാൾ; ഒരേയൊരാൾ ഓർമ്മയിൽ അനശ്വരനാകുന്ന വി.എസ്. 12
**ചിറ്റയം ഗോപകുമാർ**

സ്പീക്കറുടെ പൊതുപരിപാടികൾ 14

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ 15

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 19

ഇതരസഭാ വാർത്തകൾ 22

സുപ്രധാന കോടതി വിധികൾ 23

ചിത്രജാലകം 24

വിജ്ഞാനപഥം 28

സഭാനായകരുടെ ജീവിത രേഖയിലൂടെ 30

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 31

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ 32

നിയോജകമണ്ഡല ചരിത്രം 34

വേർപാട് 36

നിയമസഭാ പ്രസംഗങ്ങളിലൂടെ 37

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 40
**റ്റി. മനോഹരൻ നായർ**

അടിയന്തരാവസ്ഥാ വിളംബരത്തിന്റെ 50 വർഷങ്ങൾ 43
**ശ്യാം കെ. എസ്.**

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 46



# വി. എസ്. എന്ന ഇതിഹാസം

**എ. എൻ. ഷംസീർ**
സ്പീക്കർ

കർഷക തൊഴിലാളികളടക്കമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനതയ്ക്ക് വേണ്ടി സമരപഥങ്ങൾ താണ്ടുകയും വിമോചനത്തിന്റെ നീലാകാശം സൃഷ്ടിക്കുകയും ചെയ്ത ജൈവകമ്മ്യൂണിസ്റ്റ്, വി. എസ്. അച്യുതാനന്ദൻ ഇനി സ്മരണകളിൽ ജ്വലിക്കും. വി. എസിന്റെ വേർപാട് അറിഞ്ഞയുടൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരുവനന്തപുരത്തേക്കും ആലപ്പുഴയിലേക്കും വിലാപയാത്ര കടന്നുപോയ വഴിത്താരകളിലേക്കും അണമുറിഞ്ഞെത്തിയ പുരുഷാരം ഒരു ജനസാഗരമായി മാറിയത് നാമെല്ലാം കണ്ടു. ജനപക്ഷത്ത് നിൽക്കുന്ന, പാവങ്ങളുടെ വേദനകൾ ഒപ്പിയെടുക്കാൻ ക്ഷമയോടെ മെനക്കെടുന്ന ആ രാഷ്ട്രീയ നേതാവിനെ, അദ്ദേഹത്തിന്റെ ദർശനത്തെ മലയാളികൾ അത്രമേൽ ഇഷ്ടപ്പെട്ടിരുന്നു.

മനുഷ്യമോചന സിദ്ധാന്തം ഉയർത്തിപ്പിടിച്ച് സമൂഹത്തെ, പാവപ്പെട്ട ജനവിഭാഗങ്ങളെ ഉണർത്തിയ മഹാവിപ്ലവകാരി പോരാളികളുറങ്ങുന്ന രണഭൂമിയിൽ അന്ത്യാഭിവാദ്യങ്ങൾ ഏറ്റുവാങ്ങി ലയിച്ചുചേർന്നു. വലിയ ചുടുകാട് ഒരിക്കൽ കൂടി ചുവന്നുണർന്നു. പുന്നപ്ര-വയലാറിന്റെ സമരോർജ്ജം കേരളമാകെ പടർത്തിയ സമരസൂര്യന് വേണ്ടി ജനലക്ഷങ്ങൾ കണ്ഠമിടറി മുദ്രാവാക്യങ്ങൾ മുഴക്കി. വി. എസ്. ചികിത്സ തേടിയ എസ്.യു.ടി. ആശുപത്രി മുതൽ വലിയ ചുടുകാട്ടിലെ ചിത അണയുന്നതുവരെ ഞാനും ആ ജനസാഗരത്തിൽ ഒരുവനായി ഉണ്ടായിരുന്നു. പാളയിൽ കഞ്ഞികുടിപ്പിക്കാനിട





വരുത്താതെ, തമ്പ്രാനെന്ന് വിളിച്ചു കേഴാൻ സ്ഥിതിവരുത്താതെ പാവങ്ങൾക്ക് വേണ്ടി നിലയുറപ്പി ച്ചാൽ ഒരു പോരാളിക്ക് ലഭിക്കുന്ന സ്മരണാഞ്ജലി എത്രമാത്രം വികാരഭരിതമായിരിക്കുമെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു.

തൊഴിലാളികളുടെ മോചന ത്തിന് വേണ്ടിയുള്ള പോരാട്ട ങ്ങളിൽ നിന്ന് ഉരവം കൊണ്ട സമരധീരതയായിരുന്നു വി. എസ്. അച്യുതാനന്ദൻ. തിരുവിതാംകൂറും കൊച്ചിയും മലബാറുമായി മലയാളഭൂമിക വേർപെട്ടുനിന്ന കാലത്ത്, രാജഭരണവും ജന്മി -നാടുവാഴിത്തവും ബ്രിട്ടീഷ് കൊളോണിയലിസവും നാടു വാണിരുന്നപ്പോൾ തീർത്തും ദരിദ്രമായ ചുറ്റുപാടിലാണ് 1923 ൽ വി. എസ്. അച്യുതാനന്ദൻ ജനിച്ചത്. വി. എസ്. പിറന്ന് പത്താം മാസമായപ്പോൾ കേരളത്തെ മുക്കിയ 99ലെ (കൊല്ലവർഷം 1099) വെള്ള പ്പൊക്കം. കുട്ടനാട്ടിൽ നിരവധി പേർ മരണത്തിനിരയായ ആ വെള്ളപ്പൊക്കത്തിൽ വി. എസിന്റെ അച്ഛൻ ശങ്കരൻ മക്കളെയും ഭാര്യയെയും വള്ളത്തിൽ കയറ്റി ഒറ്റയ്ക്കു തുഴഞ്ഞാണ് ജീവിതത്തി ലേക്ക് മറുകര തേടിയത്.
വി. എസിന്റെ ജീവിതത്തിലെ അതിജീവനങ്ങളുടെ തുടക്കം അവിടെ നിന്നുമായിരുന്നു എന്ന് പറയാം. വി. എസിന് നാല് വയസ്സായപ്പോൾ നാട്ടിൽ വസൂരി പടർന്നുപിടിച്ചു. അമ്മ അക്കമ്മ യ്ക്കും വസൂരി ബാധിച്ചു.
വി. എസിനെയും സഹോദരങ്ങ ളെയും പാടത്തിനക്കരെയുള്ള ബന്ധുവീട്ടിലേക്കു മാറ്റി. ഗംഗാ ധരനും പുരുഷോത്തമനും അച്യുതാനന്ദനും ആഴിക്കുട്ടിയും അമ്മ വരുന്നതും പ്രതീക്ഷിച്ച് കാത്തിരുന്നു. പക്ഷേ, അമ്മ തിരികെ വന്നില്ല. വി. എസിന് 11 വയസ്സായപ്പോഴാണ് പിതാവ് ശങ്കരൻ മരിക്കുന്നത്. വി. എസി ന്റെയും സഹോദരങ്ങളുടെയും പഠനം അതോടെ നിലച്ചു. നാട്ടിൽ തയ്യൽക്കട നടത്തിയിരുന്ന ജ്യേഷ്ഠൻ ഗംഗാധരൻ അച്യുതാ നന്ദനെ ഒപ്പം കൂട്ടി. ജ്യേഷ്ഠന്റെ തയ്യൽക്കടയിൽ രണ്ടാൾക്ക് വേതനം കിട്ടാൻ മാത്രം പണിയി ല്ലായിരുന്നു. അപ്പോഴാണ് ആസ്പിൻവാൾ എന്ന കയർ ഫാക്ടറിയിൽ വി. എസ് ജോലി ക്കായി പോകുന്നത്. അവിടെ വി. എസ്. കയർ തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാവുന്നതും ആ ഘട്ടത്തിലാണ്. കോഴിക്കോട് സംഘടിപ്പിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ ആദ്യത്തെ സമ്മേളനത്തിൽ വി. എസ് പ്രതിനിധിയാവുന്നത് തിരുവിതാംകൂർ ഡെലിഗേഷനെ പ്രതിനിധീകരിച്ചാണ്. അതിന് ശേഷമാണ് കർഷക തൊഴിലാളി കളെ സംഘടിപ്പിക്കാൻ കൃഷ്ണ പിള്ള വി. എസിനെ നിയോഗി ക്കുന്നത്. വൈകാതെ കുട്ടനാട് കേന്ദ്രീകരിച്ച് തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻ എന്ന സംഘടന പ്രവർത്തന മാരംഭിച്ചു.

ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥിതിയുടെ ജീർണ്ണതക ളെല്ലാം നുരച്ചുനിന്ന അന്നത്തെ സമൂഹത്തിൽ കർഷക തൊഴിലാ ളികളും ദരിദ്ര കർഷകരും അടിമ സമാനമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. ജോലി സമയം നിജപ്പെടുത്താനും കൂലി വർധന വിനായും മനുഷ്യരെപ്പോലെ പരിഗണിച്ച് സമഭാവന ഉറപ്പാ ക്കാനും വി. എസിന്റെ നേതൃത്വ

ത്തിൽ കർഷക തൊഴിലാളി യൂണിയൻ പ്രവർത്തിച്ചു. കുടിയാൻമാരും കുടികിടപ്പുകാരും വാരക്കാരും പാട്ടക്കാരുമൊക്കെ അവകാശപോരാട്ടങ്ങളിൽ ഏർപ്പെട്ടു. ചോരയും കണ്ണീരും പുരണ്ട സമരോത്സുകതയുടെ ആ കാലത്തുതന്നെയാണ് സർ സി. പി.യ്ക്കെതിരായ സമര മുഖവും തുറക്കുന്നത്. ചരിത്ര ത്തിൽ സമാനതകളില്ലാത്ത ഒന്നാണ് സി. പി. രാമസ്വാമി അയ്യർ പ്രഖ്യാപിച്ച 'അമേരിക്കൻ മോഡൽ'. 'ഭരണപരിഷ്കാര ത്തിന്റെ അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന് പ്രഖ്യാ പിച്ചുകൊണ്ട് സ്വാതന്ത്ര്യ സമര ത്തിന്റെ പുതിയൊരു ഗാഥ തിരുവിതാംകൂറിൽ സൃഷ്ടിക്കപ്പെട്ടു. പുന്നപ്ര-വയലാർ പ്രക്ഷോഭവും രക്തസാക്ഷിത്വവും അതിന്റെ തുടർച്ചയായിരുന്നു. ആ വിപ്ലവ ഗാഥയുടെ സംഘാടകരിൽ വി. എസും ഉണ്ടായിരുന്നു. തുടർന്നുണ്ടായ പൊലീസ് നരനാ യാട്ടും ഭീകരതയും ചെറുക്കുന്ന തിന് വേണ്ടി ട്രേഡ് യൂണിയൻ കൗൺസിൽ രൂപീകരിച്ചപ്പോൾ മൂന്ന് ക്യാമ്പുകളുടെ ചുമതല ഏറ്റെടുത്തത് വി. എസായിരുന്നു. വൈകാതെ പൊലീസ് വി.എസിനെ അറസ്റ്റ് ചെയ്തു. പാലാ പൊലീസ് സ്റ്റേഷനിൽ വച്ച് മൃഗീയമായ മർദ്ദനത്തിന് അദ്ദേഹം ഇരയായി. ഉള്ളംകാലിൽ ബയണറ്റ് കുത്തിയിറക്കിയ നിഷ്ഠൂരത മനുഷ്യമനസ്സാക്ഷി മരവിപ്പിക്കുന്നതായിരുന്നു. മരിച്ചു എന്ന് കരുതി വലിച്ചെറിയാൻ തുനിഞ്ഞ വി. എസിന്റെ ശരീരം സ്റ്റേഷനിലെ ലോക്കപ്പിലുണ്ടായി രുന്ന കോലപ്പൻ എന്ന കള്ളന്റെ ഇടപെടലിലൂടെയാണ് ആശുപത്രി യിലേക്ക് എത്തിച്ചത്. ആ കാല ഘട്ടത്തിലാണ് എട്ടുവർഷത്തോളം ഒളിവിൽ കഴിഞ്ഞതും ജയിലിലട ക്കപ്പെട്ടതുമൊക്കെ. അങ്ങനെ യുള്ള പോരാട്ടജീവിതത്തിലൂടെ പാകപ്പെട്ട പുരോഗമന രാഷ്ട്രീയ മായിരുന്നു വി. എസ്. അച്യുതാ നന്ദൻ.

പാർലമെന്ററി പ്രവർത്തന രംഗത്തും വി. എസ്. മികച്ച മാതൃകയായിരുന്നു. എം.എൽ.എ. ആയും പ്രതിപക്ഷ നേതാവായും മുഖ്യമന്ത്രിയായും അദ്ദേഹം ശോഭിച്ചു. അഴിമതിക്കെതിരായും സ്ത്രീ സുരക്ഷയ്ക്ക് വേണ്ടിയും അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ പുരോഗമന കേരളത്തിന്റെ മുഖമുദ്രയായി മാറി. ഭരണകൂട ഭീകരതയ്ക്കെതിരായും ജനാധി പത്യ, മതനിരപേക്ഷ മൂല്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയും വി. എസ്. ശബ്ദമുയർത്തി. പരിസ്ഥിതി സംരക്ഷണവും അത് കൊള്ളയടിക്കാനൊരുങ്ങുന്ന മൂലധന ശക്തികൾക്കെതിരെയുള്ള അവസാനമില്ലാത്ത പോരാട്ടങ്ങളും വി. എസിന്റെ നേതൃത്വത്തിൽ ഉയർത്തിക്കൊണ്ടുവന്നു. ആത്മ ഹത്യ ചെയ്യുന്ന ദരിദ്ര കർഷ കർക്ക് വേണ്ടി വയനാട് പാക്കേജ് നടപ്പിലാക്കാൻ കാർഷിക മേഖല യുടെ പടനായകന് സാധിച്ചു. മുല്ലപ്പെരിയാർ, പറമ്പിക്കുളം, അന്തർ സംസ്ഥാന നദീജല തർക്കം, എൻഡോസൾഫാൻ, ഓൺലൈൻ ലോട്ടറി, ചന്ദന ക്കൊള്ള തുടങ്ങിയ പ്രശ്നങ്ങളി ലൊക്കെ സജീവമായി ഇടപെട്ട വി. എസിനെ നമുക്ക് ചരിത്ര ത്തിൽ കാണാനാവും. ബ്രഹ്മപുരം, ഗ്രാഫൈറ്റ്, ഇടമലയാർ, പാമൊലിൻ അഴിമതിക്കേസുക ളിൽ നിയമ പോരാട്ടത്തിന് പോയ വി. എസും മലയാളികൾക്ക് ആത്മാഭിമാനം പകർന്നു. മതി കെട്ടാനും കോവളം കൊട്ടാരവും പോലുള്ള കയ്യേറ്റ ഭൂമികകളിൽ മണ്ണ് സംരക്ഷിക്കാനായി വി. എസ്. മുന്നിട്ടിറങ്ങി. ജനപക്ഷത്ത് നിൽക്കാത്തവയെ തുറന്നെ തിർക്കാനും സാമൂഹ്യ തിന്മ കളോട് പൊരുതാനും അനീതികളോട് പടകുറിക്കാനും അദ്ദേഹം മടിച്ചില്ല. വി. എസിന്റെ നേതൃത്വത്തിൽ 2006-11 കാല ഘട്ടത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിന് മാതൃകയായി ചരിത്രപ്പെട്ടു.

1964 ൽ അവിഭക്ത കമ്മ്യൂ ണിസ്റ്റ് പാർട്ടിയുടെ നാഷണൽ കൗൺസിലിൽ നിന്ന് ഇറങ്ങിവന്ന 32 പേരിൽ ഒരാളായിരുന്നു വി. എസ്. അച്യുതാനന്ദൻ. ഇപ്പോൾ അവരിലാരും ജീവിച്ചി രിപ്പില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി ക്കകത്തെ ഇടത്-വലത് വ്യതിയാ നങ്ങൾക്കെതിരെ ത്വാത്വികവും പ്രായോഗികവുമായ ഇടപെട ലുകൾ നടത്താൻ എല്ലായ്പ്പോഴും വി. എസ്. മുന്നിൽ നിന്നു. സിപിഐ (എം) നെ ശക്തിപ്പെടു ത്താൻ അത്തരം നിലപാടുകൾ സഹായകമായി എന്ന് കാണാ നാവും. 1952 ൽ അവിഭക്ത കമ്മ്യൂ ണിസ്റ്റ് പാർട്ടിയുടെ ആലപ്പുഴ ഡിവിഷൻ സെക്രട്ടറി, 1954 ൽ സംസ്ഥാന കമ്മിറ്റി അംഗം, 1956 ൽ ആലപ്പുഴ ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, 1959 ൽ ദേശീയ കൗൺസിൽ അംഗം, 1964 ൽ സിപിഐ (എം) കേന്ദ്ര കമ്മിറ്റി അംഗം, 1964 മുതൽ 1970 വരെ ആലപ്പുഴ ജില്ലാ കമ്മിറ്റി യുടെ പ്രഥമ സെക്രട്ടറി, 1980 മുതൽ 1991 വരെ സിപിഐ (എം) സംസ്ഥാന സെക്രട്ടറി, 1986 ൽ പോളിറ്റ്ബ്യൂറോ അംഗം എന്നിങ്ങനെ തൊഴിലാളി വർഗ ത്തിന്റെ മോചനത്തിന് വേണ്ടി യുള്ള പ്രത്യയശാസ്ത്ര പ്രയോഗ ത്തെ വളർത്തിയെടുക്കാൻ അഹോ രാത്രം അദ്ദേഹം യത്നിച്ചു. സമാ നതകളില്ലാത്ത രീതിയിൽ മികവ് തെളിയിച്ചു. ഉജ്ജ്വല സമരപാര മ്പര്യത്തിന്റെയും അസാമാന്യമായ നിശ്ചയദാർഢ്യത്തിന്റെയും വിട്ടു വീഴ്ചയില്ലാത്ത പോരാട്ട നിലപാടു കളുടെയും പ്രതീകമായിരുന്നു വി. എസ്. അച്യുതാനന്ദൻ. ദേശീയ സ്വാതന്ത്ര്യസമരഘട്ടത്തെ വർത്തമാനകാല രാഷ്ട്രീയവുമായി കൂട്ടിയിണക്കിയ അർത്ഥകാന്തി യേറിയതും മൂല്യവത്തുള്ളതുമായ രാഷ്ട്രീയ സാന്നിധ്യമാണ് വി. എസിന്റെ വിയോഗത്തിലൂടെ മറഞ്ഞുപോയത്. മികച്ച ലോക ക്രമം സൃഷ്ടിക്കുന്നതിന് വരും തലമുറയ്ക്കുള്ള വഴികാട്ടിയായി വി. എസ്. അച്യുതാനന്ദനെന്ന ഇതിഹാസത്തിന്റെ സ്മരണകൾ എന്നും ജ്വലിച്ചുനിൽക്കും.



# വി. എസ്. സമരമുഖങ്ങളിലെ കർമ്മധീരൻ

**പിണറായി വിജയൻ**
മുഖ്യമന്ത്രി



സഖാവ് വി. എസ്. അച്യുതാനന്ദൻ വിടവാങ്ങിയിരിക്കുകയാണ്. ഒരായുഷ്ക്കാലം കൊണ്ട് കേരളത്തിന്റെ പുരോഗമനോന്മുഖ മുന്നേറ്റങ്ങളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും ചരിത്രത്തിൽ തന്റേതായ മുദ്ര പതിപ്പിച്ചാണ് അദ്ദേഹം കടന്നുപോയത്. കേരളത്തിന്റെ പൊതുസമൂഹത്തിനാകെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വിശേഷിച്ചും നികത്താനാകാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ ഉണ്ടായിരിക്കുന്നത്.

തന്റെ യൗവനകാലത്തിന്റെ സിംഹഭാഗവും അദ്ദേഹം വിനിയോഗിച്ചത് ജന്മിത്വത്തിനും കൂലി അടിമത്വത്തിനും എതിരെ തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിക്കുന്നതിനുവേണ്ടിയാണ്. അത്തരത്തിൽ അദ്ദേഹത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ അദ്ദേഹം വളർന്ന ചുറ്റുപാടുകളും അക്കാലത്തെ പുരോഗമന രാഷ്ട്രീയ മുന്നേറ്റങ്ങളും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ബാല്യത്തിൽ തന്നെ കടുത്ത ജീവിത പ്രതിസന്ധികളെ നേരിടേണ്ടി വന്നയാളാണ് വി. എസ്. ബാല്യം കഴിയുന്നതിന് മുമ്പേ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ടു. ജീവിത പ്രതിസന്ധികൾ കാരണം പഠനം തുടരാൻ കഴിയാത്തതിനാൽ പിന്നീട് ജ്യേഷ്ഠൻ ഗംഗാധരന്റെ ജൗളിക്കടയിൽ സഹായിയായി നിന്നു. അക്കാലത്ത് കടയിൽ എത്തിയിരുന്ന ആളുകളുടെ രാഷ്ട്രീയ ചർച്ചകൾ വി. എസിനെ വലിയ തോതിൽ സ്വാധീനിച്ചു. ഇതിനിടയിലാണ് അദ്ദേഹം ആസ്പിൻവാൾ കയർ കമ്പനിയിൽ തൊഴിലാളിയായി മാറുന്നത്.

കേരളത്തിലെ കയർ വ്യവസായത്തിന്റെയും കയറുൽപന്ന കയറ്റുമതിയുടെയും പ്രധാന കേന്ദ്രമായിരുന്നു അന്ന് ആലപ്പുഴ. പിയേഴ്സ് ലെസ്ലിയും ഡ്വാറാസ്മെയിലും പോലുള്ള നിരവധി ബ്രിട്ടീഷ് കയർ കമ്പനികൾ ആലപ്പുഴയിൽ സജീവമായിരുന്നു. ഇവിടങ്ങളിലായി പതിനായിരക്കണക്കിന് തൊഴിലാളികളും ഉണ്ടായിരുന്നു. ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളി യൂണിയൻ, ചേർത്തല കയർ ഫാക്ടറി തൊഴിലാളി യൂണിയൻ, മുഹമ്മ കയർ ഫാക്ടറി തൊഴിലാളി യൂണിയൻ എന്നീ സംഘടനകൾക്ക് പിന്നിൽ തൊഴിലാളികൾ ഒരേ മനസ്സോടെ അണിചേർന്ന കാലമായിരുന്നു അത്. മാത്രമല്ല, മത്സ്യത്തൊഴിലാളി യൂണിയൻ, ചെത്തു തൊഴിലാളി യൂണിയൻ, ഓയിൽ ആന്റ് കന്നിട്ട തൊഴിലാളി യൂണിയൻ എന്നീ സംഘടനകളുടെ കീഴിലും തൊഴിലാളികൾ സംഘടിത ശക്തിയായി മാറിവരുന്ന കാലം.

കയർ ഫാക്ടറികൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച തൊഴിലാളി യൂണിയനുകളുടെ യോഗങ്ങളിൽ സഖാവ് പി. കൃഷ്ണപിള്ളയുടെ സാന്നിധ്യം തൊഴിലാളികൾക്ക് വലിയ ആവേശമാണ് പകർന്ന് നൽകിയത്. സൈമൺ ആശാൻ, ആർ. സുഗതൻ, കെ. വി. പത്രോസ്, പി. എൻ. കൃഷ്ണപിള്ള, ശ്രീകണ്ഠൻ നായർ, ടി. വി. തോമസ് തുടങ്ങിയവരായിരുന്നു അന്നത്തെ പ്രധാന നേതാക്കൾ. ഇവരുടെ ഇടയിലേക്കാണ് വി.എസ്. അച്യുതാനന്ദനും കടന്നു ചെന്നത്. ചുരുങ്ങിയ കാലം കൊണ്ട് കയർ ഫാക്ടറി തൊഴിലാളികളുടെ പ്രധാന നേതാക്കളിലൊരാളായി മാറാൻ വി. എസിനു കഴിഞ്ഞു.

1940 മുതൽ 85 വർഷക്കാലമായി അദ്ദേഹം പാർട്ടി അംഗമായി

തുടർന്നു. 1941 ൽ സഖാവ് പി. കൃഷ്ണപിള്ളയുടെ നിർദ്ദേശപ്രകാരം കർഷക തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനായി അദ്ദേഹം കുട്ടനാട്ടിലേക്കു പോയി. കൂലി അടിമത്തം, ജാതി അടിമത്തം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾക്കെതിരെ കർഷക തൊഴിലാളികളെ സംഘടിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ചുമതല. കുട്ടനാട്ടിലെ ഗ്രാമങ്ങളിലൂടെ നൂറു കണക്കിന് കിലോമീറ്റർ നടന്ന് അദ്ദേഹം കർഷക തൊഴിലാളികളെ സംഘടിപ്പിച്ചു. തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻ എന്ന പേരിലൊരു സംഘടന രൂപീകരിച്ചായിരുന്നു പ്രവർത്തനം. കർഷക തൊഴിലാളികളുടെ അധ്വാനത്തിന് ആനുപാതികമായ കൂലിയും മറ്റ് അവകാശങ്ങളും നൽകണമെന്നാവശ്യപ്പെട്ട് എണ്ണമറ്റ സമരങ്ങൾ കുട്ടനാടിന്റെ വിവിധ മേഖലകളിൽ വി. എസ്. സംഘടിപ്പിച്ചു. അതിലൂടെ കർഷക തൊഴിലാളികളെ അവകാശബോധമുള്ളവരും സംഘടിത ശക്തിയുമാക്കി മാറ്റുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

തിരുവിതാംകൂറിന്റെ ഭരണം ഏറ്റെടുത്തിരുന്ന ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിലാകെ ഭീകരത അഴിച്ചുവിട്ട കാലമായിരുന്നു അത്. ദിവാന്റെ പൊലീസും പട്ടാളവും അവകാശങ്ങൾ ചോദിച്ച തൊഴിലാളികളെ അടിച്ചമർത്തുക മാത്രമല്ല, തൊഴിലാളികളുടെ വീടുകളിൽ കയറി സ്ത്രീകളോടടക്കം അതിക്രമങ്ങൾ കാട്ടുന്ന സ്ഥിതിയും ഉണ്ടായിരുന്നു. അവകാശബോധമുള്ള തൊഴിലാളികൾ ദിവാന്റെ ഭീകരതയ്ക്കെതിരെ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചു. വി. എസും പി. കെ. ചന്ദ്രാനന്ദനും എം. ടി. ചന്ദ്രസേനനും എം. കെ. സുകുമാരനുമൊക്കെയാണ് ഇതിനായി നിയോഗിക്കപ്പെട്ടത്. പുന്നപ്ര - വയലാറുമായി പര്യായപ്പെട്ടുനില്ക്കുന്നു വി. എസിന്റെ പേര്.

ദിവാന്റെ പൊലീസിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പട്ടാളത്തിൽ നിന്ന് തിരിച്ചെത്തിയ വി. കെ. കരുണാകരനെപ്പോലുള്ളവരും അവരോടൊപ്പം കൂടി. വാരിക്കുന്തമുണ്ടാക്കി പൊലീസിനെയും പട്ടാളത്തെയും നേരിടാനുള്ള പരിശീലനത്തിനു വേദിയൊരുങ്ങിയത് ഇങ്ങനെയായിരുന്നു.

പാർട്ടി നിർദ്ദേശപ്രകാരം ഒളിവിൽപോയ വി. എസിനെ പൊലീസ് അറസ്റ്റു ചെയ്തു. ആദ്യം പൊലീസ് ഔട്ട് പോസ്റ്റിലും പിന്നീട് പാലാ പൊലീസ് ലോക്കപ്പിലും കൊണ്ടുപോയി. അവിടെ ഇടിയൻ നാരായണപിള്ള എന്ന എസ്.ഐ.യുടെ നേതൃത്വത്തിൽ വി.എസിനെ ഭീകരമായി മർദ്ദിച്ചു. പി. കൃഷ്ണപിള്ളയും ഇ. എം. എസും കെ. വി. പത്രോസും എവിടെയാണെന്ന് പറയണമെന്നാവശ്യപ്പെട്ടായിരുന്നു മർദ്ദനം. മർദ്ദിച്ച പൊലീസ് അവശരായി എന്നതല്ലാതെ ഒരു രഹസ്യവും അവരോടു പറയാൻ വി. എസ്. തയ്യാറായില്ല. കലിയടങ്ങാതിരുന്ന പൊലീസ് വി. എസിനെ ലോക്കപ്പിന്റെ ജനലഴിയിലൂടെ കാൽപ്പാദം പുറത്തേക്കുവച്ച് മലർത്തി കിടത്തി. പിന്നീട് കാലുകൾ കൂട്ടിക്കെട്ടി കാൽവെള്ളയിൽ ചൂരൽ കൊണ്ടും ലാത്തികൊണ്ടും തുരുതുരെ അടിച്ചു. എന്നിട്ടും വി. എസിൽ നിന്നും ഒരു രഹസ്യവും അവർക്ക് ലഭിച്ചില്ല. കലിയടങ്ങാത്ത പൊലീസുകാരിൽ ഒരാൾ അദ്ദേഹത്തിന്റെ വലതുകാലിന്റെ വെള്ളയിൽ ബയണറ്റ് കുത്തിയിറക്കി. ഭീകരമായ മർദ്ദനത്തെ തുടർന്ന് അനക്കമില്ലാതെ കിടന്ന വി. എസിനെ മരിച്ചെന്ന് കരുതി സമീപത്തെ കുറ്റിക്കാട്ടിൽ കൊണ്ടുപോയി കുഴിച്ചിടാൻ പൊലീസ് ശ്രമിച്ചു. കുഴിവെട്ടുന്നതിനിടയിൽ ബോധമുണ്ടെന്ന് കണ്ടതിനെ തുടർന്ന് അവർ വി. എസിനെ ആശുപത്രിയിലെത്തിച്ചു.

പാലാ ഗവൺമെന്റ് ആശുപത്രിയിൽ ആഴ്ചകളോളം വി. എസ്. ചികിത്സയിൽ കഴിഞ്ഞു. ഇതിനിടയിൽ ആലപ്പുഴയിൽ സർക്കാരിനെതിരെ സംഘടിപ്പിച്ച യോഗത്തിൽ പ്രസംഗിച്ചു എന്നതിന്റെ പേരിൽ കേസുണ്ടെന്ന കാരണം പറഞ്ഞ് പൊലീസ് ആശുപത്രിയിലെത്തി അദ്ദേഹത്തെ അറസ്റ്റുചെയ്ത് ജയിലിലാക്കി. പതിനഞ്ച് മാസമാണ് അദ്ദേഹം ആലപ്പുഴ സബ് ജയിലിൽ കഴിഞ്ഞത്.

1948 ൽ കൽക്കട്ടാ തിസീസിന്റെ കാലത്ത് പാർട്ടി നിരോധിക്കപ്പെട്ടതിനെ തുടർന്ന് വീണ്ടും അറസ്റ്റിലായി. 1952 ൽ പാർട്ടിയുടെ ആലപ്പുഴ ഡിവിഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഇതിനിടയിൽ ഐക്യകേരളത്തിന് വേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തിയിരുന്ന പ്രക്ഷോഭങ്ങളിലും സജീവമായി. 1957 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തുന്ന സമയത്ത് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായി. 1959 ൽ പാർട്ടി ദേശീയ കൗൺസിൽ അംഗമായി. മിച്ചഭൂമി സമരമടക്കം എത്രയോ ധീരസമരങ്ങൾക്കു വി. എസ്. നേതൃത്വം നൽകി.

തന്റെ യൗവനകാലമാകെ തൊഴിലാളികളുടെയും കർഷകരുടെയും ഉന്നമനത്തിനായി ഉഴിഞ്ഞുവയ്ക്കുകയാണ് വി. എസ്. ചെയ്തത്. തുടക്കത്തിൽ ജനകീയ പോരാട്ടങ്ങളുടെ സമരനായകനായിരുന്നുവെങ്കിൽ പിന്നീട് ജനപ്രതിനിധിയായും പ്രതിപക്ഷ നേതാവായും മുഖ്യമന്ത്രിയായും അവസാനം ഭരണപരിഷ്കാര കമ്മിഷൻ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു. മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ ജനോന്മുഖവും അടിസ്ഥാന വർഗങ്ങൾക്കു വഴി തെളിക്കുന്നതുമായ എത്രയോ നടപടികൾക്ക് അദ്ദേഹം നേതൃത്വം നൽകി.

തൊഴിലാളിവർഗ മുന്നേറ്റങ്ങൾ കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് നൽകിയ ഈടുറ്റ സംഭാവനയായിരുന്നു സഖാവ് വി. എസ്. സാമൂഹികവും സാമ്പത്തികവുമായ വിവേചനങ്ങളിൽപ്പെട്ട് ഉഴറിയിരുന്ന കേരള സമൂഹത്തെ ഇന്ന് കാണുന്ന നിലയിലേക്ക് കൈപിടിച്ച് നടത്തുന്നതിൽ അതുല്യമായ സംഭാവന നൽകിയ ഒരു കണ്ണികൂടിയാണ് വി. എസിന്റെ വിയോഗത്തിലൂടെ വേർപെട്ടുപോയിരിക്കുന്നത്.



# വി.എസ്. പ്രതിപക്ഷസ്വരമുള്ള ഒറ്റയാൻ

**വി.ഡി. സതീശൻ**
പ്രതിപക്ഷ നേതാവ്

പരാജയങ്ങൾ ഭക്ഷിച്ച മനുഷ്യനെന്ന് വി.എസിനെക്കുറിച്ച് പറഞ്ഞത് എം.എൻ വിജയനാണ്. വസൂരി ബാധിച്ച് അമ്മ മരിച്ചു, വി.എസിന്റെ നാലാം വയസ്സിൽ. അച്ഛനും പോയതോടെ പതിനൊന്നാം വയസ്സിൽ വിദ്യാഭ്യാസവും നിലച്ചു. സുഖകരമായ ഓർമ്മകളല്ല വി.എസിന്റെ കുട്ടിക്കാലം. ജീവിതാനുഭവങ്ങളുടെ നെരിപ്പോടിൽ നീറി പതം വന്നതാണ് വി.എസിന്റെ രാഷ്ട്രീയം. അതുകൊണ്ടാണ് കാരിരുമ്പിന്റെ കരുത്തോടെ വി.എസ് അതിജീവിച്ചതും. തോൽവി, പരാജയം ഈ രണ്ട് വാക്കുകൾക്കിടയിലെ നേർത്ത അതിർവരമ്പുകളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? രാഷ്ട്രീയത്തിൽ ഒന്നും ഒന്നും കൂട്ടിയാൽ എപ്പോഴും രണ്ടാകില്ലെന്നതുപോലെ തോൽവിക്കും പരാജയത്തിനും എപ്പോഴും ഒരേ നിർവചനമല്ല. 1996 ൽ മാരാരിക്കുളത്ത് വി.എസ്. എന്ന വൻമരം വീഴുന്നത് പരാജയമാണ്. വിപ്ലവ മണ്ണെന്ന് സി.പി.ഐ.(എം) വിശേഷിപ്പിക്കുന്ന ആലപ്പുഴയിൽ, മാരാരിക്കുളത്തിന്റെ ചുവന്ന കോട്ടയിലാണ് വി.എസ്. നിലതെറ്റിവീണത്. പല തോൽവികളിലും വി.എസ്. തന്നെയായിരുന്നു വിജയി. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ സാങ്കേതികമായി പിന്നീടുള്ള അഞ്ച് വർഷം കഴിഞ്ഞേ അവസരമുള്ളൂ. പക്ഷേ മാരാരിക്കുളത്തെ തോൽവിക്ക് പകരം വീട്ടാൻ



വി.എസ്. അഞ്ചുദിവസം പോലും കാത്തിരുന്നില്ല.

1996 ലെ ആ പ്രഭാതം ഇടത് മുന്നണിയുടേതായിരുന്നു. പക്ഷേ അർധരാത്രിക്ക് ശേഷം എപ്പോഴോ അവരുടെ നായകൻ തോറ്റു. വി.എസ്. കൗണ്ടിംഗ് സെന്ററിന് പുറത്തേക്ക് പോകുമ്പോൾ യു.ഡി.എഫ്. പ്രവർത്തകർ നിശബ്ദരായിരുന്നു. അങ്ങനെയേ ആകാവൂവെന്ന് ഇടയ്ക്ക് അവിടെയെത്തിയ വി.എം. സുധീരൻ പ്രവർത്തകർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. പരാജയം പാർട്ടി പരിശോധിക്കാമെന്ന ഒറ്റവരിയിൽ പ്രതികരണം ഒതുക്കുമ്പോൾ മനസ്സിൽ കണക്കുകൂട്ടൽ വേറെയായിരുന്നു. മാരാരിക്കുളത്തെ തോൽവിക്ക് നാൽപ്പത്തിയെട്ട് മണിക്കൂറിനുള്ളിൽ തിരുവനന്തപുരത്ത് വി.എസ്. തിരിച്ചടിച്ചു. അങ്ങനെയാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കാതിരുന്ന ഇ.കെ നായനാർ കേരളത്തിന്റെ മുഖ്യമന്ത്രി ആയത്. അവിടെയാണ് തോൽവിക്കും പരാജയത്തിനും രണ്ടർഥമാകുന്നത്. അങ്ങനെയാണ് മാരാരിക്കുളത്ത് പരാജയപ്പെട്ടിട്ടും തിരുവനന്തപുരത്ത് വി.എസ്. വിജയിയെ പോലെ ആരവങ്ങൾക്ക് നടുവിൽ നിന്നത്.

വി.എസിന്റെ വിയോഗ വാർത്ത കേട്ടപ്പോഴാണ് രണ്ടക്ഷരം കൊണ്ട് മലയാളവും മലയാളത്തേയും അടയാളപ്പെടുത്തിയവരെക്കുറിച്ച് സാന്ദർഭികമായി

ഓർത്തത്. എം.എൻ., എം.ടി., വി.എസ്, ഒ.സി. അങ്ങനെ എത്രയോ പേർ. വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്ന പേര് പോലെ വി.എസ്. എപ്പോഴെങ്കിലും വേലിക്കകത്ത് ആയിട്ടുണ്ടോ? ഇല്ല എന്നാണ് എനിക്ക് തോന്നുന്നത്. വേലിക്കകത്തേക്ക് വി.എസിനെ മാറ്റാൻ പലരും ശ്രമിച്ചു. പക്ഷേ അപ്പോഴൊക്കെ വേലിയുടെ അതിരുകൾ എവിടെ വേണമെന്ന് വി.എസ്. തന്നെ നിശ്ചയിച്ചു. സി.പി.ഐ.(എം) കോഴിക്കോട് സമ്മേളനത്തിൽ വി.എസിനെ അമ്പരപ്പിച്ചു കൊണ്ടാണ് മറുപക്ഷം പാർട്ടി പിടിച്ചത്. 'വാരിക്കുഴി പണിയാളുകൾ' എന്ന കടുത്ത പദപ്രയോഗം കൊണ്ടാണ് വി.എസ്. അതിനെ നേരിട്ടത്. ആ കുഴിയും ഇടിച്ച് വി.എസ്. കരയ്ക്ക് കയറി. പക്ഷേ അദ്ദേഹത്തിനുവേണ്ടി എതിർചേരി ഒരുക്കുന്ന കുഴിയുടെ ആഴം മുൻകൂട്ടി തിരിച്ചറിയാൻ കഴിയാത്തത് വി.എസിനെ പിന്നീട് വേദനിപ്പിച്ചിട്ടുണ്ടാകും.

ഡാങ്കെയുടെ പാർട്ടിവിരുദ്ധ റിവിഷനിസ്റ്റ് നിലപാടിൽ കടുത്ത വിയോജിപ്പ് രേഖപ്പെടുത്തിയാണ് 1964 ഏപ്രിൽ 11 ന് വി.എസ്. ഉൾപ്പെടെ 32 പേർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ഇറങ്ങി വരുന്നത്. ധാർമ്മികതയുടെയും രാഷ്ട്രീയ നിലപാടിന്റെയും അടയാളപ്പെടുത്തലായാണ് അതിനെ വ്യാഖ്യാനിക്കുന്നത്. അങ്ങനെയെങ്കിൽ 2015 ഫെബ്രുവരിയിൽ ആലപ്പുഴയിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ നിന്ന് വി.എസ്. ഇറങ്ങി വരുന്നതും നിലപാടിന്റെ ഉദ്ഘോഷണമായി കാണേണ്ടിവരും. നിലപാടിനും രാഷ്ട്രീയധാർമ്മികതയ്ക്കും ജീവിതം കൊണ്ട് ഉദാഹരണം നൽകിയ നിരവധി നേതാക്കൾ വി.എസിന് മുൻപ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായിട്ടുണ്ട്. പക്ഷേ വി. എസ്. എങ്ങനെ അവർക്കെല്ലാം മുകളിൽ ഇരിപ്പുറപ്പിച്ചുവെന്ന് ചിന്തിച്ചിട്ടുണ്ടോ? അതിന്റെ മറുപടി കാലം എന്നാണ്. ഭൂരിഭാഗവും ധാർമ്മികതയിൽ നിന്ന് അകലുമ്പോൾ, നിലപാടിൽ വെള്ളം ചേർക്കുമ്പോൾ മറുഭാഗത്ത് നിൽക്കുന്ന ന്യൂനപക്ഷം ആഘോഷിക്കപ്പെടും. കാലത്തിന്റെ ആനുകൂല്യം എന്തായാലും ഇക്കാര്യത്തിൽ വി.എസിനുണ്ട്. മറുഭാഗത്തേക്ക് ചായാനുള്ള എല്ലാ സാഹചര്യവുമുണ്ടായിട്ടും അത് ചെയ്യാതിരുന്നതിനാൽ വി.എസ്. തീർച്ചയായും അഭിനന്ദനമർഹിക്കുന്നു.

മൂന്ന് പതിറ്റാണ്ട് കാലത്തെ സി.പി.ഐ.(എം) വിഭാഗീയത, പ്രത്യയശാസ്ത്ര നീക്കങ്ങൾക്കപ്പുറം വ്യക്തിഗത തർക്കങ്ങളുടേത് കൂടിയാണ്. ആശയങ്ങൾക്കപ്പുറം ആൾക്കൂട്ട പോരാട്ടങ്ങൾ കണ്ട അക്കാലത്ത് സി.പി.ഐ.(എം) ൽ എന്തൊക്കെ സംഭവിച്ചു? അവിടെയും വി.എസ് പ്രതിപക്ഷമായിരുന്നു. പാർട്ടിക്കുള്ളിലും പ്രതിപക്ഷം! മുഖ്യമന്ത്രി ആയിരിക്കുമ്പോഴും പ്രതിപക്ഷം! പ്രതിപക്ഷ നേതാവായിരിക്കുമ്പോഴും പ്രതിപക്ഷം! പരുക്കനായിരുന്ന വി.എസ്. സാഹചര്യത്തിന് അനുസരിച്ച് മാറിയതാണ്. അത് കാലം ആവശ്യപ്പെട്ടതാണെന്ന സന്ദേശം നൽകാനും വി.എസിന് കഴിഞ്ഞു. ഇരുമ്പുമറയ്ക്കുള്ളിൽ അതീവ കാർക്കശ്യമുള്ള ഒരു പാർട്ടിക്കപ്പുറം ജനങ്ങളെ അറിയുന്ന ഒരു നേതാവുണ്ടെങ്കിൽ ജയിച്ചു കയറാമെന്ന പ്രതിച്ഛായ വി. എസ് ബോധപൂർവം ഉണ്ടാക്കിയെടുത്തതാണ്. എന്റെ രാഷ്ട്രീയം അവർക്കുള്ളതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ വി. എസ്. വിജയിച്ചു. അവിടെ പരാജയപ്പെട്ടത് സി.പി.ഐ.(എം) ലെ ഔദ്യോഗിക പക്ഷമായിരുന്നു. ബദലായി അവർ ചെയ്തതെല്ലാം പിഴച്ചു. സീറ്റ് നിഷേധത്തിലൂടെ വി.എസിനെ വനവാസത്തിന് അയയ്ക്കാമെന്ന തീരുമാനമൊക്കെ എന്തൊരു ഭീമാബദ്ധമായിരുന്നു. ആ അബദ്ധത്തെ കൗശലത്തോടെ ഉപയോഗിച്ച വി.എസ് തന്റെ ജനകീയ അടിത്തറ വിപുലീകരിച്ചു. അകത്തും പുറത്തും പ്രതിപക്ഷ സ്വരമായി നിൽക്കുമ്പോൾ കിട്ടുന്ന പ്രിവിലേജിന്റെ ശരിക്കുമുള്ള ഗുണഭോക്താവായിരുന്നു വി.എസ്.

ന്യായയുക്തമെന്ന് തോന്നുന്ന കാര്യത്തിൽ എന്തും വെട്ടിത്തുറന്ന് പറയുകയും വികസന വിഷയത്തിൽ പ്രകൃതിയെ കൂടി കണക്കിലെടുക്കുകയും ചെയ്തു വി.എസ്. 2006-11 കാലത്ത് അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾ അന്നത്തെ പ്രതിപക്ഷമായ ഞങ്ങൾ അത് ആവോളം ആസ്വദിച്ചു. ഭരണത്തിൽ പിടിമുറുക്കുന്ന സി.പി.ഐ.(എം) ഒരു ഭാഗത്ത്. എല്ലാ കെണിയിൽ നിന്നും കുതറി മാറുന്ന വി.എസ് മറുഭാഗത്ത്. ഇതരസംസ്ഥാന ലോട്ടറികൾക്കെതിരെ നിയമസഭയിൽ ശക്തമായ വാദങ്ങൾ ഉയർത്തിയത് ഞാനാണ്. ധനമന്ത്രി അടക്കമുള്ളവർ അതിനെ എതിർക്കുമ്പോൾ വി.എസിന് പ്രതിപക്ഷ സ്വരമായിരുന്നു. നാലുവർഷം കൊണ്ട് അന്യസംസ്ഥാന ലോട്ടറികൾ 80,000 കോടി രൂപ സംസ്ഥാനത്ത് നിന്ന് കൊണ്ടുപോയെന്ന വി.എസിന്റെ മറുപടി പ്രതിപക്ഷ വാദങ്ങൾക്കുള്ള സാധൂകരണമായിരുന്നു. ഇതര സംസ്ഥാന ലോട്ടറികളുടെ വിൽപനയ്ക്ക് കേരളത്തിൽ അവസാനമായതും അങ്ങനെയാണ്. മുഖ്യമന്ത്രി അറിയാതെ എ.ഡി.ബി. യോഗത്തിന് ഡൽഹിയിലേക്ക് ഉദ്യോഗസ്ഥരെ അയച്ചതിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളിയുമായി മുഖ്യമന്ത്രി ഉടക്കി. ഐ.ജി. ടോമിൻ തച്ചങ്കരി അനുമതിയില്ലാതെ വിദേശയാത്ര നടത്തിയതിൽ ആഭ്യന്തരമന്ത്രി കോടിയേരിയുമായും മുഖ്യമന്ത്രി തെറ്റി. മെർക്കിസ്റ്റൻ ഭൂമി ഇടപാടിൽ അന്നത്തെ വനം വകുപ്പ് മന്ത്രി ബിനോയ് വിശ്വവുമായി ഇടഞ്ഞു. എച്ച്.എം.ടി. ഭൂമി ഇടപാടിൽ വ്യവസായ വകുപ്പ്മന്ത്രി എളമരം കരീമുമായി അകന്നു. ഒന്നോർക്കുക ഈ ആരോപണങ്ങളെല്ലാം അങ്ങേയറ്റം കൃത്യതയോടെ പ്രതിപക്ഷം കൊണ്ടുവന്നതാണ്. പാർട്ടിയും മന്ത്രിമാരും പ്രതിരോധിക്കാൻ അധര വ്യായാമം നടത്തുമ്പോൾ വി.എസ് പ്രതിപക്ഷത്തിന് ചെറുതല്ലാത്ത പ്രോത്സാഹനമാണ്

നൽകിക്കൊണ്ടിരുന്നത്. അതിനു കാരണം സി.പി.ഐ. (എം) ലെ വിഭാഗീയത മാത്രമല്ല; പ്രതിപക്ഷ വാദങ്ങളുടെ പെർഫക്ഷൻ കൂടിയായിരുന്നു. വി.എസ്. മുഖ്യ മന്ത്രിയായിരിക്കെ സർക്കാരിനെ തിരെയും മന്ത്രിമാർക്കെതിരെയും അഴിമതി ആരോപണങ്ങളും മറ്റ് വിഷയങ്ങളും സഭയ്ക്കുള്ളിൽ ഉയർത്തിക്കൊണ്ടുവന്നത് ഞാനാ യിരുന്നു. അതിൽ ഒരു അസ്വസ്ഥ തയും വി.എസ് കാട്ടിയിരുന്നില്ല.

ഐതിഹാസികം എന്ന് കരുതിയ 'മൂന്നാർ ഓപ്പറേഷൻ' പരാജയപ്പെട്ടത് എങ്ങനെയാണ്? അതിൽ വി.എസിനും പങ്കുണ്ട്. കാരണം ഭരണതലത്തിൽ കൃത്യ മായ ആസൂത്രണമില്ലാതെ ഒരു സുപ്രഭാതത്തിലെടുത്ത തീരു മാനം. പക്ഷേ ഞാൻ ഇപ്പോഴും കരുതുന്നത് വി.എസ്. വിചാരിച്ച രീതിയിലായിരുന്നു അതിന്റെ ഗതിവേഗമെന്നാണ്. പാർട്ടിയിലും മുന്നണിയിലും കാര്യമായ എതിർ പ്പുണ്ടായി. സി.പി.ഐ. സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ വരെ വി.എസിനെതിരെ തിരിഞ്ഞു. അഴിമതിക്കും അനധി കൃത നിർമ്മാണത്തിനുമെതിരെ വി.എസിന്റെ ഒറ്റയാൾ പോരാട്ട മായി മൂന്നാർ ഒഴിപ്പിക്കൽ. നിങ്ങ ളുടെ ആളുകളുടെ കയ്യേറ്റവും നിങ്ങളുടെ പാർട്ടി ഓഫീസുക ളുടെ കയ്യേറ്റവും ഒഴിപ്പിക്കുമോ യെന്ന പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയുടെ ചോദ്യത്തിന് നിശബ്ദതയായിരുന്നു വി.എസിന്റെ മറുപടി. പാർട്ടിയിലും മുന്നണി യിലും കാര്യമായ പിന്തുണ ഇല്ലാ തായതോടെ സ്വാഭാവികമായും വി.എസ്. എൺപത്തി ഏഴാം വയ സിൽ രക്തസാക്ഷി പരിവേഷ മുള്ള രാഷ്ട്രീയക്കാരനായി. പാർട്ടിയും മുഖ്യമന്ത്രിയും തമ്മി ലുള്ള ആശയസമരത്തിലും കലഹത്തിലും പ്രതിപക്ഷ സ്വഭാ വത്തോടെ വി.എസ് മുഖ്യമന്ത്രി കസേരയിൽ ഇരുന്നു.

അവസരങ്ങളുടെ കളിയും കലാപരമായ പൂർണ്ണതയുമാണ് രാഷ്ട്രീയം. അങ്ങനെ കിട്ടിയ അവ സരങ്ങൾ വി.എസ്. രാഷ്ട്രീയ മായും മനുഷ്യത്വപരമായും ഉപ യോഗിച്ചതാണ് ലാവ്‌ലിൻ കേസും ടി.പി. വധക്കേസും. ആദ്യത്തേത് തികഞ്ഞ രാഷ്ട്രീയം. രണ്ടാമത്തേ ത് അങ്ങേയറ്റം മനുഷ്യത്വപരം. വിഭാഗീയതയിൽ ബ്രഹ്മാസ്ത്ര മായി വി.എസ്. ഒരുക്കി വച്ചതാണ് ലാവ്‌ലിൻ. ലാവ്‌ലിൻ കേസിൽ പ്രോസിക്യൂഷൻ അനുമതി നൽക ണമോയെന്ന് തീരുമാനിക്കാൻ നിർണ്ണായക മന്ത്രിസഭാ യോഗം വി. എസിന്റെ അധ്യക്ഷതയിൽ ചേരുന്നു. അനുമതി നൽകേ ണ്ടെന്ന പാർട്ടികളുടെയും മുന്ന ണിയുടെയും തീരുമാനത്തിനൊപ്പ മാണ് മന്ത്രിമാർ. വി.എസ്. മൗനം വെടിഞ്ഞു. ഞാൻ നിങ്ങളുടെ തീരുമാനത്തിന് ഒപ്പമില്ല. വിജയൻ അടക്കം എല്ലാ പ്രതികളേയും പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകണം എന്നതാണ് എന്റെ നിലപാട്. എന്റെ വിയോജന കുറിപ്പോടെ ഫയൽ ഗവർണ്ണർക്ക് അയച്ചാൽ മതി. കാബിനറ്റ് റൂം നിശബ്ദമായി. മന്ത്രിമാർ സ്തബ്ധ രായി. ഒടുവിൽ ഒരു ഘടകകക്ഷി മന്ത്രി മൗനം വെടിഞ്ഞു. വി.എസെ ഇത് മന്ത്രിസഭയുടെ കൂട്ടുത്തരവാദത്തിന്റെ പ്രശ്ന മാണ്. ഇതാണ് അങ്ങയുടെ തീരുമാനമെങ്കിൽ നമുക്കിത് ഇവിടെ അവസാനിപ്പിക്കാം. വി.എസ്. ഇത് കരുതിയിരിക്കു കയായിരുന്നു. എങ്കിൽ ഞാൻ എന്റെ അഭിപ്രായം പരസ്യമായി പറയുമെന്ന പോംവഴിയും വി.എസ്. തന്നെ കണ്ടെത്തി. പറഞ്ഞത് അതേപടി പാലിക്കു കയും ചെയ്തു.

ഈച്ച പോലും കടക്കാത്ത കമ്മ്യൂണിസ്റ്റ് കോട്ടയാണ് ഒഞ്ചിയം. ആ ഒഞ്ചിയത്ത് കമ്മ്യൂ ണിസ്റ്റ് താരോദയമായിരുന്നു ടി.പി. ചന്ദ്രശേഖരൻ. പാർട്ടിയു മായി തെറ്റി സി.പി.ഐ.(എം) പുറത്താക്കിയ ടി.പി.യെ കുറിച്ച് ഒഞ്ചിയത്ത് പോയി പിണറായി വിജയൻ പറഞ്ഞത് കുലംകുത്തി കൾ എന്നാണ്. പിന്നീട് ടി.പി. കൊല്ലപ്പെട്ടു. വി.എസിനെ ഏറെ തളർത്തുകയും ദുഃഖിതനാക്കു കയും ചെയ്ത സംഭവമായിരുന്നു അത്. ഇങ്ങ് തെക്ക് നെയ്യാറ്റിൻ കരയിൽ നിർണ്ണായകമായ ഉപതിര ഞ്ഞെടുപ്പ് നടക്കുന്ന ദിവസം സി.പി.ഐ. (എം) നേതൃത്വത്തെ ഞെട്ടിച്ച് വി.എസ്. ടി.പി.യുടെ ഒഞ്ചിയത്തെ വീട്ടിലെത്തി. ടി.പി യുടെ ഭാര്യ കെ.കെ രമയെ പുത്രീവാത്സല്യത്തോടെ ചേർത്തു പിടിച്ചു. ചന്ദ്രശേഖരൻ ധീരനായ കമ്മ്യൂണിസ്റ്റ് പോരാളിയായിരു ന്നെന്ന് വി.എസ്. പറഞ്ഞു. വി.എസ്. ടി.പിയുടെ ഭാര്യയെ കണ്ടതല്ല, അതിന് തിരഞ്ഞെടുത്ത സമയമാണ് പാർട്ടിയെ അങ്കലാപ്പി ലാക്കിയത്. കാരണം നെയ്യാറ്റിൻ കരയിൽ പോളിങ് അവസാനി ക്കാൻ അപ്പോഴും നാലഞ്ച് മണി ക്കൂറുകൾ ബാക്കിയുണ്ടായിരുന്നു. അപ്പോഴും പുന്നപ്ര-വയലാർ സമരത്തിന്റെ പോരാട്ട വീര്യം വി.എസിന്റെ മനസിൽ നക്ഷത്ര ങ്ങൾ പോലെ മിന്നിയിട്ടു ണ്ടാകണം.

എന്തിനാണ് ഭരണ പരിഷ്കാര കമ്മിഷൻ ചെയർമാൻ സ്ഥാനം വി.എസ് ഏറ്റെടുത്ത തെന്ന ചോദ്യം ഞാൻ പലവട്ടം എന്നോട് തന്നെ ചോദിച്ചിട്ടുണ്ട്. വി.എസിനോട് ചോദിക്കണമെ ന്നുണ്ടായിരുന്നെങ്കിലും നടന്നില്ല. അവിടെയും തോൽവിയിലും ജയിക്കുന്ന എപ്പോഴും പ്രതിപക്ഷ സ്വരമുള്ള ഒറ്റയാനായി വി.എസ്. നിൽക്കട്ടെ. വി.എസിന്റെ പാരമ്പ ര്യത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ തുടർച്ച ഉണ്ടാകുമോയെന്ന ചോദ്യത്തിന് ഇല്ലെന്നാണ് എന്റെ വ്യക്തിപരമായ മറുപടി. ഒരു യുഗം അവസാനിച്ചു. അപ്പോഴും ഞാൻ ചോദിച്ച ചോദ്യം പ്രസക്ത മായി നിൽക്കുന്നു. വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദനെ വേലിക്കകത്ത് ഒതുക്കി നിർത്താൻ പാർട്ടിക്കോ വ്യക്തികൾക്കോ കഴിഞ്ഞിട്ടുണ്ടോ? ഇല്ല എന്ന് എനിക്ക് തോന്നുന്നു. കാരണം വേലിയുടെ അതിർത്തികൾ എപ്പോഴും വി.എസ്. തന്നെയാണ് നിശ്ചയിച്ചിരുന്നത്.



# ഒരാൾ; ഒരേയൊരാൾ ഓർമ്മയിൽ അനശ്വരനാകുന്ന വി. എസ്.

**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

ചില കാലങ്ങളിൽ ജീവിച്ചിരിക്കുന്നത് കൊണ്ട് മാത്രം ചരിത്രമാകുന്ന ജനതകളുണ്ട്. ചില വ്യക്തികൾ ജീവിച്ചിരുന്നു എന്നതാകാം ചിലപ്പോഴൊക്കെ ചില കാലങ്ങൾ അടയാളപ്പെടുത്തപ്പെടുന്നതിനു കാരണം. ചില വ്യക്തികൾ തലമുറകളുടെ ഓർമ്മകളിലൂടെ അനശ്വരരാക്കപ്പെടുന്നു. സാധാരണ ഗതിയിൽ ഒരു അനുസ്മരണ കുറിപ്പിൽ അന്തരിച്ച ആളിനോടുള്ള വ്യക്തിപരമായ അടുപ്പവും അനുഭവങ്ങളും പറയുക എന്നതാണ് രീതി. പക്ഷേ വി. എസ്സിന്റെ കാര്യത്തിൽ അത് ഞാൻ മന:പൂർവം ഒഴിവാക്കുന്നു. കാരണം വി. എസ്. ഒരിക്കലും അത് ഇഷ്ടപ്പെട്ടില്ല. ദുരിത ജീവിതം മാത്രമറിയാവുന്ന തൊഴിലാളികൾക്ക് നിശ്ചയദാർഢ്യത്തിന്റെ കരുത്തും പ്രതീക്ഷയുമായിരുന്നു വി. എസ്. ; സമരകേരളത്തിന്റെ രാഷ്ട്രീയ മുഖം.

വി. എസിന്റെ സമരങ്ങളും പോരാട്ടങ്ങളും ഒരു ഏഴാം ക്ലാസുകാരനായ തൊഴിലാളി നേതാവിന്റേത് ആയിരുന്നില്ല. നേരിന്റെ നിലപാടും നിശ്ചയദാർഢ്യവും മാത്രമായിരുന്നു അതിന്റെ അടിത്തറ. മറയൂരിലെ ചന്ദന



ക്കൊള്ള, പ്ലാച്ചിമടയിലെ കുടിവെള്ള പ്രശ്നം, നഴ്സിങ് സമരം, പെമ്പിളൈ ഒരുമൈ സമരം, അനധികൃത ഭൂമി കയ്യേറ്റങ്ങൾക്കെതിരെയുള്ള സമരം....
വി. എസിന്റെ സമരങ്ങൾ അദ്ദേഹത്തിന്റെ ജനകീയ നേതൃത്വത്തിന്റെയും ആദർശ നിഷ്ഠയുടെയും പ്രതിഫലനമാണ്. വി. എസ്. ഇടപെട്ട ജനകീയ വിഷയങ്ങൾ കേരളം ഹൃദയം കൊണ്ട് ഏറ്റെടുത്തവയായിരുന്നു. കേരളത്തിന്റെ ഏറ്റവും ജനകീയനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലും പിന്നീട് ഐക്യ കേരളത്തിലും നടന്ന തൊഴിലാളിവർഗ രാഷ്ട്രീയ പോരാട്ടങ്ങളുടെ ഒരു യുഗമാണ് വി. എസ്. വിട വാങ്ങുന്നതോടെ അവസാനിക്കുന്നത്.

ജീവിത സമരങ്ങളുടെ കനൽ വഴികൾ കടന്നാണ് അദ്ദേഹം വന്നത്. അതാണ് പിൽക്കാല പോരാട്ടങ്ങളുടെ പാതയിൽ ഇടറാതെ നിൽക്കാൻ അദ്ദേഹത്തിന് കരുത്തായത്. നാലാം വയസ്സിൽ അമ്മയും പതിനൊന്നാം വയസ്സിൽ അച്ഛനും അദ്ദേഹത്തിന് നഷ്ടപ്പെട്ടു. അനാഥത്വവും ദാരിദ്ര്യവും വലച്ച നാളുകളിലും അദ്ദേഹം പോരാളിയായിരുന്നു. കുട്ടികൾ ചോവച്ചെറുക്കനെന്ന് വിളിച്ച് ആക്ഷേപിച്ചപ്പോൾ വി. എസ്. കരുത്തോടെ പ്രതികരിച്ചു. അന്നേ വി.എസ്. അച്യുതാനന്ദൻ സവർണ്ണ സാമൂഹികവ്യവസ്ഥിതിയോട് കലഹം പ്രഖ്യാപിച്ചു. പതിനഞ്ചാം വയസിൽ ആസ്പിൻവാൾ കമ്പനിയിൽ ജോലിക്ക് കയറി. കുറഞ്ഞ കൂലിക്കും മോശമായ തൊഴിൽ സാഹചര്യങ്ങൾക്കുമെതിരെ അവിടെയും അദ്ദേഹം കലഹിച്ചു. അന്ന് പ്രഖ്യാപിച്ച പ്രതിരോധത്തിന്റെ, പ്രതിഷേധത്തിന്റെ കലഹം ഒരു ബോധ്യമായി അവസാനം വരെ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു എന്ന് കാണാം. അതുകൊണ്ടുതന്നെയാണ് വി. എസിന്റെ ജീവിതം കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ചരിത്രം കൂടിയാകുന്നത്.

കേരളത്തിൽ ഹരിത രാഷ്ട്രീയം അടയാളപ്പെടുത്തിയ ആളെന്ന് കാലം വി.എസിനെ വിലയിരുത്തും. പശ്ചിമഘട്ട ആവാസ വ്യവസ്ഥയും തണ്ണീർത്തടങ്ങളും വയലുകളുമാണ് ഇവിടത്തെ മണ്ണിനെയും മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും നിലനിർത്തുന്നതും കാലാവസ്ഥയെ ക്രമീകരിക്കുന്നതും എന്ന് അദ്ദേഹം പൂർണ്ണമായും വിശ്വസിച്ചു. ഇക്കാര്യത്തിൽ ഒരു രാഷ്ട്രീയ മത ശക്തികളുടെ സമ്മർദ്ദങ്ങൾക്കും അദ്ദേഹം വഴങ്ങിയിട്ടില്ല. പ്ലാച്ചിമടയിൽ ജല ചൂഷണത്തിനെതിരായ ജനകീയ സമരത്തിൽ വി. എസ്. ഒപ്പമുണ്ടായിരുന്നു. 1997 ൽ കേരളം കണ്ട ഒരു പ്രധാന പ്രക്ഷോഭത്തിന്റെ മുന്നണിപ്പോരാളി വി. എസ്. ആയിരുന്നു. കുട്ടനാട്ടിൽ, നെൽവയലുകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് എതിരെയായിരുന്നു വി.എസിന്റെ പോരാട്ടം. ഈ സമരത്തിൽ കർഷക തൊഴിലാളികളെ ഒരുമിച്ച് കൊണ്ടുവന്ന്, നെൽവയലുകളുടെ സംരക്ഷണം ഉറപ്പാക്കാൻ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനായുള്ള നിയമനിർമ്മാണത്തിനും ഈ സമരം ഒരു പ്രധാന കാരണമായി. അദ്ദേഹം കേരള മുഖ്യമന്ത്രിയായിരിക്കെ 2008 ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നു. നിലപാടുകളുടെ ഈ തുടർച്ചയാണ് കേരളത്തെ അദ്ദേഹത്തോടൊപ്പം നിർത്തിയത്. അതുകൊണ്ടാണ് വി. എസ്. എന്ന രണ്ടക്ഷരം ലക്ഷോപലക്ഷങ്ങൾക്ക് പ്രതീക്ഷയുടെ വെളിച്ചമായത്.

അഴിമതിക്കെതിരായ പോരാട്ടം, സാമൂഹികനീതി തുടങ്ങിയ വിഷയങ്ങളിലെടുത്ത നിലപാടുകളിൽ അദ്ദേഹത്തിന്റെ ജനാധിപത്യ വിശ്വാസവും ഉറച്ച നിലപാടുകളും പ്രസക്തമാണ്. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ അവിസ്മരണീയമാണ്. സൂര്യനെല്ലി, ഐസ്ക്രീം പാർലർ, കിളിരൂർ കേസുകളിൽ വി.എസിന്റെ ഇടപെടലുകൾ കമ്യൂണിസ്റ്റ് നേതാവിന്റെ സാമൂഹിക ബോധ്യങ്ങൾ വ്യക്തമാക്കുന്നതായിരുന്നു. ജനങ്ങളുടെ വേദനകൾ മനസ്സിലാക്കി, അവർക്കായി പോരാടുക എന്നത് വി. എസിന്റെ സ്ഥിരം സമീപനമായിരുന്നു. 2015 ൽ തന്റെ തൊണ്ണൂറുകളിലും അദ്ദേഹത്തിന്റെ പോരാട്ട വീര്യം കേരളം കണ്ടതാണ്. അന്ന് കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കൊപ്പമായിരുന്നു വി. എസ്.പോരാട്ടത്തിനിറങ്ങിയത്. എൻഡോസൾഫാൻ മൂലം ഉണ്ടായ ദുരന്തത്തിനിരയായ കുടുംബങ്ങൾക്ക് നീതി നേടിക്കൊടുക്കാൻ വി. എസിന്റെ നേതൃത്വത്തിൽ തുടങ്ങിയ സമരം വൻ ജനകീയ പ്രക്ഷോഭമായി ദേശീയ ശ്രദ്ധനേടി.

ഒപ്പം നിൽക്കാൻ ആരുണ്ടെന്ന് നോക്കിയല്ല; അപ്പുറത്ത് ആരെന്നു നോക്കിയുമല്ല വി. എസ്. ഇത്തരം വിഷയങ്ങൾ ഏറ്റെടുത്തത്. പാമോയിൽ, ഇടമലയാർ അഴിമതിക്കേസുകളിൽ വി. എസ്. നടത്തിയ പോരാട്ടം സമാനതകളില്ലാത്തതായിരുന്നു. വ്യവഹാരങ്ങൾ എത്ര കാലം നീണ്ടാലും വി. എസ്. വിട്ടുവീഴ്ചകൾക്കില്ലായിരുന്നു. ഒത്തുതീർപ്പു രാഷ്ട്രീയത്തിന്റെ വഴി അദ്ദേഹത്തിന് ഒരിക്കലും സ്വീകാര്യമായിരുന്നില്ല. അഴിമതിക്കെതിരെ ആരോപണം ഉന്നയിക്കുക മാത്രമല്ല നിരന്തര നിയമ പോരാട്ടത്തിലൂടെ ശിക്ഷ വാങ്ങിക്കൊടുക്കുക കൂടി ചെയ്തയാളാണ് വി. എസ്. ഒന്നര പതിറ്റാണ്ട് കേരളത്തിന്റെ പ്രതിപക്ഷ നേതാവായ വി. എസ്. പ്രതിപക്ഷ നേതാവിന്റെ പദവി എന്താണെന്ന് കേരളത്തെ പഠിപ്പിച്ച നേതാവാണ്.

വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്ന വി. എസ്. അച്യുതാനന്ദൻ കേരള രാഷ്ട്രീയ ചരിത്രത്തിലെ വിസ്മരിക്കാനാവാത്ത വ്യക്തിത്വങ്ങളിലൊരാളാണ്. കേരള രാഷ്ട്രീയത്തിൽ വി. എസ്. എന്ന രണ്ടക്ഷരം തലമുറകളുടെ ഓർമ്മകളിൽ തുടിച്ചു നിൽക്കും. ആ ഓർമ്മകൾ ഏതൊരു പൊതുപ്രവർത്തകനും കരുത്താണ്.

# എം.എൽ.എ. പ്രതിഭാ പുരസ്കാരം 2025




ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ആഡിറ്റോറിയത്തിൽ മത്സ്യബന്ധന, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ നടന്ന 'എം.എൽ.എ. പ്രതിഭാ പുരസ്കാരം 2025' നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. ചെങ്ങന്നൂർ മണ്ഡലത്തിൽ കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. പരീക്ഷകളിലും കലാകായിക മേഖലകളിലും മറ്റും തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ പ്രതിഭകളെ ചടങ്ങിൽ അനുമോദിച്ചു. നാടിന്റെ ഭാവി രൂപപ്പെടുത്തുന്ന ഈ പ്രതിഭകളുടെ നേട്ടങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാകട്ടെയെന്ന് സ്പീക്കർ ആശംസിച്ചു. ചടങ്ങിൽ ചലച്ചിത്ര താരം അർജ്ജുൻ അശോക് വിശിഷ്ടാതിഥിയായിരുന്നു.

# പ്രതിഭാ സംഗമം 2025




വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഒല്ലൂർ നിയോജക മണ്ഡലത്തിലെ പ്രതിഭകളെ ആദരിക്കുന്നതിനായി കേരള കാർഷിക സർവകലാശാല ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'പ്രതിഭാ സംഗമം 2025' നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിദ്യാർഥികൾ അറിവ് നേടുന്നതിനോടൊപ്പം നല്ല വ്യക്തികളായും സഹാനുഭൂതിയുള്ളവരായും മാറേണ്ടതാണെന്ന് സ്പീക്കർ ഓർമ്മിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഇസാഫ് മാനേജിംഗ് ഡയറക്ടർ, ചലച്ചിത്ര താരങ്ങളായ മനോജ് കെ. ജയൻ, ജയരാജ് വാര്യർ, ഗാനരചയിതാവ് ബി. കെ. ഹരിനാരായണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# തലശ്ശേരിയിലെ താരങ്ങൾ

**എ.എൻ.ഷംസീർ, തലശ്ശേരി**

ഹയർ സെക്കൻഡറി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ അനുമോദിക്കുന്നതിനായി തലശ്ശേരി മണ്ഡലത്തിൽ സംഘടിപ്പിച്ച 'തലശ്ശേരിയിലെ താരങ്ങൾ' എന്ന പരിപാടി പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. നിയമ സഭാ സ്പീക്കറും സ്ഥലം എം.എൽ.എ. യുമായ എ.എൻ. ഷംസീർ ചടങ്ങിൽ നന്ദി രേഖപ്പെടുത്തി. വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടിയ സ്പീക്കർ യുവതലമുറയുടെ ഭാവിക്കായി സർക്കാർ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തന്റെ പൂർണ്ണ പിന്തുണയുണ്ടാവുമെന്ന് ഉറപ്പ് നൽകി. ഫിഷറീസ് സ്പെഷ്യൽ സെക്രട്ടറി, സബ് കളക്ടർ, കണ്ണൂർ ഡി.ഡി.ഇ., തലശ്ശേരി നഗരസഭാധ്യക്ഷ, നഗര സഭാ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷ, പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥ പ്രതിനിധി കൾ, തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.




# സ്മാർട്ട് ക്ലാസ്റൂം ഉദ്ഘാടനം

കണ്ണൂർ ജില്ലയിലെ കതിരൂർ തരുവണത്തെരു യു.പി. സ്കൂളിൽ പുതിയ സ്മാർട്ട് ക്ലാസ് റൂമിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവ ഹിച്ചു. വിദ്യാർഥികൾക്കായി ആധു നിക പഠന സൗകര്യങ്ങൾ ഒരു ക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനം കൂടുതൽ രസകരവും കാര്യക്ഷമവുമാക്കു വാനും ഉതകുന്ന സ്മാർട്ട് ക്ലാസ് റൂമുകൾ ഭാവി തലമുറയ്ക്ക് ഒരു മുതൽക്കൂട്ടാകുമെന്ന് സ്പീക്കർ വിലയിരുത്തി.



# ഇടത്തിട്ട എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണോദ്ഘാടനം

**ചിറ്റയം ഗോപകുമാർ, അടൂർ**



അടൂർ നിയോജക മണ്ഡലത്തിലെ കൊടുമൺ ഇടത്തിട്ട സർക്കാർ എൽ.പി. സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. മണ്ഡലത്തിലെ പ്രൈമറി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

# കെ.എസ്.ആർ.ടി.സി. സെന്റർ നവീകരണം



എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അടൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ. ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ഇ-ഓഫീസായി നവീകരിച്ചതിന്റെ പ്രഖ്യാപനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. ഓഫീസ് നടപടിക്രമങ്ങൾ വേഗത്തിൽ നടപ്പാക്കാനും സേവനങ്ങൾ സമയബന്ധിതമാക്കാനും ഇ-ഓഫീസ് സംവിധാനത്തിലൂടെ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

# കൂത്തുപറമ്പ് മണ്ഡലത്തിലെ വികസന പദ്ധതികൾ

**കെ.പി. മോഹനൻ, കൂത്തുപറമ്പ്**

കൂത്തുപറമ്പ് മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി  ഓരോ വിദ്യാലയത്തിലും ജ്യോതിസ് വിദ്യാഭ്യാസ പദ്ധതി നടപ്പാക്കി വരുന്നു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്, ത്രിതല പഞ്ചായത്ത് ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷാ പരിശീലനം, മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാർഥികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ് എന്നിവ നടത്തിവരുന്നു. എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് മണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും ലൈബ്രറിയിലേക്ക് പുസ്തകങ്ങളും അലമാരിയും, ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് 147 വിദ്യാലയങ്ങൾക്ക് സ്പോർട്സ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പാചകപ്പുര, ശൗചാലയം എന്നിവ നവീകരിക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതി നടപ്പാക്കുന്നു. ആരോഗ്യ രംഗത്ത് 77.58 കോടി രൂപ ചെലവിൽ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവും പൂർത്തീകരിച്ചു. 25 കോടി രൂപ ചെലവിൽ കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് പുറമേ ചെറുവാഞ്ചേരിയിൽ സ്റ്റേഡിയവും കുന്നോത്തുപറമ്പ് പഞ്ചായത്തിലും പാട്യം ചെറുവാഞ്ചേരിയിലും ഇൻഡോർ സ്റ്റേഡിയവും പാട്യം പഞ്ചായത്തിൽ സ്പോർട്സ് അക്കാദമിയും യാഥാർഥ്യമാവുന്നു.

# 'റൈസിംഗ് പൂഞ്ഞാർ 2k25' നിക്ഷേപക സംഗമം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**




പൂഞ്ഞാർ മണ്ഡലത്തിന്റെ വ്യവസായ വാണിജ്യ വികസനത്തിനായി വിനോദ സഞ്ചാര, ഐ.ടി., മരം-റബ്ബർ അധിഷ്ഠിത വ്യവസായ മേഖലകളെ കേന്ദ്രീകരിച്ച് എരുമേലിയിലെ നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാധ്യതകൾ ഉപയുക്തമാക്കി ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ മാതൃകയിൽ പദ്ധതി ആരംഭിച്ചു. ഈരാറ്റുപേട്ടയിൽ 'റൈസിംഗ് പൂഞ്ഞാർ 2k25' എന്ന പേരിൽ നടന്ന നിക്ഷേപക സംഗമത്തിന്റെ ഔപചാരിക ഉദ്ഘാടനം നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. ചടങ്ങിൽ പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അധ്യക്ഷനായിരുന്നു. നിക്ഷേപക സംഗമത്തോടനുബന്ധിച്ച് നടത്തിയ പ്രദർശന സ്റ്റാളുകൾ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. പാറത്തോട് സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ രൂപീകരിച്ച അഗ്രോ ഫുഡ് പാർക്കിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും രാജ്യസഭാംഗം ജോസ് കെ. മാണി നിർവഹിച്ചു. സംഗമത്തിൽ 308 സംരംഭകരിൽ നിന്നായി 2456.88 കോടി രൂപയുടെ തൽപര്യപത്രങ്ങൾ ലഭിച്ചു. യോഗത്തിൽ ജില്ലാ കളക്ടർ, വ്യവസായ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ഈരാറ്റുപേട്ട നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ മന്ദിരം

മണ്ഡലത്തിലെ ഏക സാങ്കേതിക വിദ്യാഭ്യാസ സ്കൂളായ തീക്കോയി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ, സമൂഹ്യനീതി വകുപ്പു മന്ത്രി ആർ. ബിന്ദു നിർവഹിച്ചു. ചടങ്ങിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള 7.50 കോടി രൂപയും എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപയും ഉൾപ്പെടെ 8.50 കോടി രൂപ വിനിയോഗിച്ചാണ് ആനയിളപ്പിൽ മുപ്പതിനായിരം ചതുരശ്ര അടിയിലധികം വിസ്തീർണ്ണത്തിൽ മൂന്നുനിലകളിലായി എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടം നിർമ്മിച്ചത്. കഴിഞ്ഞ നാല്പത്തിരണ്ട് വർഷത്തോളമായി വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചുവന്നത്.



# ലൈഫ് മിഷൻ പാർപ്പിട പദ്ധതി

**ജി. സ്റ്റീഫൻ, അരുവിക്കര**

അരുവിക്കര മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ ഭാഗമായി പന്നിയോട് സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ രണ്ടേമുക്കാൽ ഏക്കർ ഭൂമിയിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ളാറ്റ് സമുച്ചയത്തിന്റെ ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. യോഗത്തിൽ ജി. സ്റ്റീഫൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. 24.99 കോടി രൂപ ചെലവഴിച്ചാണ് ഭവനരഹിതരായ നൂറ്റിപ്പന്ത്രണ്ട് കുടുംബങ്ങൾക്കായി അങ്കണവാടിയും ഖരമാലിന്യ സംസ്കരണ സംവിധാനവുമുൾപ്പെടെയുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നത്.



ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, അംഗങ്ങൾ, ലൈഫ് മിഷൻ സി.ഇ.ഒ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ചെറ്റച്ചൽ സമരഭൂമിയിലെ ഭവനരഹിതർക്ക് വീട്



വിതുര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചെറ്റച്ചൽ സമരഭൂമിയിലെ ഭവനരഹിതരായ പതിനെട്ട് ആദിവാസി കുടുംബങ്ങൾക്കുള്ള വീടുകളുടെ ശിലാസ്ഥാപനം പട്ടിക ജാതി-പട്ടിക വർഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ. കേളു നിർവഹിച്ചു. ചടങ്ങിൽ ജി. സ്റ്റീഫൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. രണ്ടു പതിറ്റാണ്ടോളമായി സമരം ചെയ്തുവരുന്ന ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്ന കൈവശാവകാശ രേഖയുള്ള കുടുംബങ്ങൾക്കാണ് ഒരു കോടി എട്ട് ലക്ഷം രൂപ ചെലവിൽ വീടുകൾ നിർമ്മിക്കുന്നത്. വിതുര, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്തംഗം, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, വിതുര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ, സംസ്ഥാന പട്ടിക വർഗ ഉപദേശക സമിതി അംഗം, ഊര് മൂപ്പൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



*സംസ്ഥാന പൊലീസ് മേധാവിയായി ചുമതലയേറ്റ റവാഡ ആസാദ് ചന്ദ്രശേഖർ കേരള നിയമസഭയിലെത്തി സ്പീക്കർ എ.എൻ. ഷംസീറിനെ സന്ദർശിച്ചപ്പോൾ*

# വായന ദിനാചരണം

നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ 2025 ലെ വായന ദിനം സമുചിതമായി ആചരിച്ചു. 2025 ജൂൺ 19 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ 'രാഷ്ട്രഭാവനയും വായനയും' എന്ന വിഷയത്തിൽ മുൻ ചീഫ് സെക്രട്ടറിയും പ്രശസ്ത സാഹിത്യകാരനുമായ കെ. ജയകുമാർ ഐ.എ.എസ്. പ്രഭാഷണം നടത്തി. തുടർന്ന് വായന ദിനവുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച 2025 ലെ 'പ്രിയ പുസ്തകം-വായനക്കുറിപ്പ്' മത്സരവിജയികൾക്കുള്ള സമ്മാനദാനവും 2024 ലെ ഭരണ ഭാഷാ വാരാഘോഷവുമായി ബന്ധപ്പെട്ട് നടത്തിയ മത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസ് വിതരണവും നടന്നു.



ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി വിഭാഗം ജോയിന്റ് സെക്രട്ടറി ദീപ ആർ. കൃഷ്ണൻ ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.




# 'പെയ്തിറങ്ങുന്ന ഓർമ്മകൾ'

ഭരണഘടനാ നിർമ്മാണസഭാ ചർച്ചകളുടെ മലയാള പരിഭാഷയുടെ ഒന്നാം വാല്യത്തിന്റെ പ്രകാശനവും അതോടനുബന്ധിച്ചുള്ള പരിപാടികളും 2025 ജൂൺ 24 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു.

രാവിലെ 9 മണിക്ക് ദേശീയ നേതാക്കളുടെ പ്രതിമകളിൽ പുഷ്പാർച്ചനയോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. തുടർന്ന് ഭരണഘടനാ നിർമ്മാണസഭയെയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തെയും സംബന്ധിച്ച് നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ പ്രദർശനം സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്തു. ഭരണഘടന രൂപപ്പെടുത്തിയതിൽ ഭരണഘടനാ നിർമ്മാണസഭയുടെ പങ്ക്, അതിൽ പങ്കാളികളായ മലയാളി അംഗങ്ങൾ, കേരള നിയമസഭയുടെ ചരിത്രം എന്നിവ പ്രതിപാദിക്കുന്നതായിരുന്നു പ്രദർശനം. തുടർന്ന് 'പെയ്തിറങ്ങുന്ന ഓർമ്മകൾ' എന്ന പേരിൽ സംഘടിപ്പിച്ച നിയമസഭയിലെ മുൻ സാമാജികർ, മുൻ സെക്രട്ടറിമാർ, മുൻ ജീവനക്കാർ, മുതിർന്ന മാധ്യമപ്രവർത്തകർ എന്നിവരുടെ സ്നേഹകൂട്ടായ്മ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ സ്വാഗതം ആശംസിച്ചു. മുൻ സ്പീക്കർമാരായിരുന്ന എം. വിജയകുമാർ, എൻ. ശക്തൻ, മുൻ മന്ത്രി പന്തളം സുധാകരൻ, മുൻ നിയമസഭാ സെക്രട്ടറി (റിട്ട.) ജസ്റ്റിസ് ആർ. രാജേന്ദ്ര ബാബു, സീനിയർ ജേർണലിസ്റ്റ് എസ്.ആർ. ശക്തിധരൻ, നിയമസഭാ സെക്രട്ടേറിയറ്റ് സർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ സംഘടനാ ഭാരവാഹിയും മുൻ ജോയിന്റ് സെക്രട്ടറിയുമായ എസ്. ജയശ്രീ എന്നിവർ സംസാരിച്ച ചടങ്ങിൽ നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബി കൃതജ്ഞത രേഖപ്പെടുത്തി.

തുടർന്ന് പുസ്തക പ്രകാശന സമ്മേളനത്തിന്റെ ഉദ്ഘാടനവും പുസ്തക പ്രകാശനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യാതിഥിയായിരുന്ന ചടങ്ങിൽ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിക്കുകയും ഡെപ്യൂട്ടി സ്പീക്കർ



ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിക്കുകയും ചെയ്തു. നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച ഭരണഘടനാ നിർമ്മാണസഭാ ചർച്ചകൾ മലയാള പരിഭാഷ വാല്യം I, വജ്രകാന്തിയിൽ പതിനാലാം കേരള നിയമസഭ, കേരളം പാസാക്കിയ നിയമങ്ങൾ- പ്രഭാവ പഠനങ്ങൾ വാല്യം II, ബജറ്റ് പ്രസംഗങ്ങൾ വാല്യം I & II, സഭാധ്യക്ഷന്റെ തീരുമാനങ്ങളും റൂളിംഗുകളും എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു. 'സംവാദങ്ങളിലൂടെ സാധ്യമായ ഇന്ത്യൻ ഭരണഘടന' എന്ന പേരിൽ ഭരണഘടനാ നിർമ്മാണസഭയെക്കുറിച്ച് സഭാ ടി.വി. തയ്യാറാക്കിയ വീഡിയോയും ചടങ്ങിൽ പ്രദർശിപ്പിച്ചു. മുതിർന്ന മുൻ നിയമസഭാ സാമാജികർ, നിയമസഭയിൽ ഇരുപത്തഞ്ച് വർഷം പൂർത്തിയാക്കിയ സാമാജികർ, മുതിർന്ന മുൻ നിയമസഭാ സെക്രട്ടറിമാർ, മുതിർന്ന മാധ്യമ പ്രവർത്തകർ, മുതിർന്ന മുൻ നിയമസഭാ ജീവനക്കാർ, ദേശീയ, അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയ മുൻ നിയമസഭാംഗം എം.ജെ. ജേക്കബ് എന്നിവരെ ആദരിച്ചു. ഭരണഘടനാ നിർമ്മാണസഭാ ചർച്ചകളുടെ മലയാള പരിഭാഷാ പ്രോജക്ട് വിദഗ്ധ സമിതി ചെയർപേഴ്സനുള്ള പ്രത്യേക ആദരവ്, കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പുമായി ബന്ധപ്പെട്ട മാധ്യമ അവാർഡ്/മെഗാഷോ അവാർഡ്, അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ചുള്ള മത്സര വിജയികൾക്കുള്ള പുരസ്കാരം എന്നിവയും ചടങ്ങിൽ വിതരണം ചെയ്തു. മന്ത്രിമാരായ കെ. രാജൻ, കെ.എൻ. ബാലഗോപാൽ, പി. രാജീവ്, എം.ബി. രാജേഷ്, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, പി.ജെ. ജോസഫ് എം.എൽ.എ., ഭരണഘടനാ നിർമ്മാണസഭാ ചർച്ചകളുടെ മലയാള പരിഭാഷാ പ്രോജക്ട് വിദഗ്ധ സമിതി ചെയർപേഴ്സൺ ഡോ. എൻ.കെ. ജയകുമാർ എന്നിവർ പങ്കെടുത്ത ചടങ്ങിൽ നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ കൃതജ്ഞത രേഖപ്പെടുത്തി.

ഉച്ചയ്ക്കുശേഷം 'കോൺസ്റ്റിറ്റ്യൂഷണൽ ഫെഡറലിസം-എമർജിംഗ് ചലഞ്ചസ് ആൻഡ് റെസ്പോൺസസ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. നുവാൽസ് (NUALS) മുൻ വൈസ് ചാൻസലർ കെ.സി. സണ്ണി അധ്യക്ഷത വഹിച്ച സെമിനാറിൽ നുവാൽസ് വൈസ് ചാൻസലർ ജി.ബി. റെഡ്ഡി, കേരള ഹൈക്കോടതി മുൻ ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് & മുൻ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി, ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് സോഫി തോമസ് എന്നിവർ വിഷയം അവതരിപ്പിച്ചു.

നിയമസഭാ സാമാജികരും ജീവനക്കാരും പങ്കെടുത്ത സംഗീത പരിപാടിയോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

# ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് പരിശീലനം



കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2025 ജൂൺ 26 ന് നിയമസഭാ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. നിയമസഭാ സമുച്ചയത്തിലെ 5 ഇ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ആദ്യ സെഷൻ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി ഉദ്ഘാടനം ചെയ്തു. പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും ഐ.എം.ജി.യിലെ അസോസിയേറ്റ് പ്രൊഫസറുമായ ഷുജ ആർ. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 നെ സംബന്ധിച്ച പരിശീലന ക്ലാസ് നയിച്ചു. കെ-ലാംപ്സ് പഠന പരിശീലന ഹാളിൽ സംഘടിപ്പിച്ച രണ്ടാം സെഷനിൽ കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ ആർ. ഷാജി സ്വാഗതം ആശംസിച്ചു. Behavioural intelligence: Aligning Actions with Organizational Values എന്ന വിഷയത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് കോ-ഓർഡിനേറ്ററും അധ്യാപകനുമായ അൻവർ കെ. ക്ലാസിന് നേതൃത്വം നൽകി. കെ-ലാംപ്സ് (പി.എസ്.) ഡെപ്യൂട്ടി ഡയറക്ടർ പുഷ്പലത വി.സി. പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തി.

# ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാജിവച്ചു



ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ 2025 ജൂലൈ 21 ന് രാജി വച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ ഭരണഘടനയുടെ അനുച്ഛേദം 67 (എ) പ്രകാരമാണ് അദ്ദേഹം രാഷ്ട്രപതി ദ്രൗപതി മുർമുവിന് രാജിക്കത്ത് നൽകിയത്. സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനായിരുന്ന ധൻകർ പശ്ചിമബംഗാൾ ഗവർണ്ണറായിരിക്കെ 2022 ആഗസ്റ്റിലാണ് ഇന്ത്യയുടെ പതിനാലാമത് ഉപ രാഷ്ട്രപതിയായി സ്ഥാനമേറ്റത്. ആർ. വെങ്കിട്ടരാമനും വി. വി. ഗിരിയുമാണ് കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് രാജി വച്ച ഉപരാഷ്ട്രപതിമാർ. ജഗ്ദീപ് ധൻകറിന് 2027 ആഗസ്റ്റ് 10 വരെ കാലാവധിയുണ്ടായിരുന്നു. രണ്ടു തവണ ലോക്സഭാംഗമായിട്ടുള്ള അദ്ദേഹം 1990 ലെ ചന്ദ്രശേഖർ മന്ത്രിസഭയിൽ പാർലമെന്ററി കാര്യ സഹമന്ത്രിയായിരുന്നു.

ഇതരസഭാ വർത്തകൾ

# ഇ–വോട്ടിംഗ് നടപ്പാക്കി ബിഹാർ

പോളിംഗ് ബൂത്തുകളിലെത്തി വോട്ട് ചെയ്യാൻ ബുദ്ധിമുട്ടുള്ള വോട്ടർമാർക്കായി ഇ-വോട്ടിംഗ് സംവിധാനമൊരുക്കി ബിഹാർ. തദ്ദേശസ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ മൊബൈൽ ഫോൺ അധിഷ്ഠിത ഇ-വോട്ടിംഗ് നടപ്പിലാക്കിയതോടെ ബിഹാർ രാജ്യത്ത് ഇത്തരം സംവിധാനം നടപ്പാക്കുന്ന ആദ്യ സംസ്ഥാനമായി. മുതിർന്ന പൗരന്മാർ, അംഗപരിമിതർ, ഗർഭിണികൾ, ഗുരുതര രോഗബാധിതർ തുടങ്ങിയവരെ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ ഈ സമ്പ്രദായം വോട്ടർമാരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതും തിരഞ്ഞെടുപ്പുചെലവുകൾ കുറയ്ക്കുന്നതുമാണ്. വോട്ടുകളുടെ എൻക്രിപ്ഷൻ, വോട്ടർമാരുടെ മുഖം തിരിച്ചറിയൽ സംവിധാനങ്ങൾ (FRS), വോട്ടെണ്ണലിനായുള്ള ഒപ്റ്റിക്കൽ പ്രതീക തിരിച്ചറിയൽ (OCR), ഇ.വി.എം. സ്ട്രോങ്ങ് റൂമുകൾക്കുള്ള ഡിജിറ്റൽ ലോക്കുകൾ എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ നടപടികളോടെയാണ് ഈ സംവിധാനം




രൂപകല്പന ചെയ്തിരിക്കുന്നത്. ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക്/ഒ.റ്റി.പി. സിസ്റ്റം ഇ-വോട്ടിംഗിന്റെ പ്രത്യേകതയാണ്. വ്യാജ വോട്ടിംഗ് തടയുന്നതിനും ഒരു വ്യക്തി ഒരു വോട്ട് ഘടന ഉറപ്പാക്കുന്നതിനും ഇതുമൂലം സാധിക്കുന്നു. ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുന്ന 2 വോട്ടർമാർക്ക് മാത്രമേ ഇതിൽ ലോഗിൻ ചെയ്യാൻ അനുവാദമുള്ളൂ. ഓരോ വോട്ടർക്കും വെരിഫിക്കേഷൻ വോട്ടർ ഐഡന്റിറ്റി നമ്പർ നൽകിയാണ് ഇത് നടപ്പാക്കുന്നത്.

# പെൺമക്കൾക്ക് പൂർവിക സ്വത്തിൽ തുല്യാവകാശം : കേരള ഹൈക്കോടതി



കേരളത്തിലെ ഹിന്ദു കുടുംബങ്ങളിലെ പെൺമക്കൾക്ക് പൂർവിക സ്വത്തിൽ തുല്യാവകാശം ഉറപ്പിച്ച് ഹൈക്കോടതി. 2005 ലെ ഹിന്ദു പിന്തുടർച്ചാവകാശ (ഭേദഗതി) നിയമം അനുസരിച്ച് 2004 ഡിസംബർ 20 ന് ശേഷം മരണമടഞ്ഞവരുടെ സ്വത്തുക്കളിൽ പെൺമക്കൾക്കും തുല്യാവകാശമുണ്ടെന്ന് ഹൈക്കോടതി വ്യക്തമാക്കി. 1975 ലെ കേരള കൂട്ടുകുടുംബ വ്യവസ്ഥ (നിർത്തലാക്കൽ) നിയമത്തിലെ സെക്ഷൻ 3 പ്രകാരം പാരമ്പര്യ സ്വത്തിൽ ആർക്കും ജന്മാവകാശമില്ല എന്നാണെങ്കിലും സെക്ഷൻ 4 അനുസരിച്ച് ഹിന്ദു അവിഭക്ത കുടുംബത്തിലുള്ളവർക്ക് സ്വത്ത് പങ്കിടുന്നതിൽ കൂട്ടവകാശമുണ്ടായിരിക്കും എന്ന് പറയുന്നു. എന്നാൽ 2005 ലെ ഹിന്ദു പിന്തുടർച്ചാവകാശ (ഭേദഗതി) നിയമത്തിലെ 6 ാം വകുപ്പ് പ്രകാരം എല്ലാ മക്കൾക്കും തുല്യാവകാശമുണ്ടായിരിക്കുമെന്നാണ്. നിയമഭേദഗതി കേരളത്തിൽ നടപ്പാക്കാൻ തടസ്സമായി നിന്ന 1975 ലെ കേരള കൂട്ടുകുടുംബ സമ്പ്രദായം (നിർത്തലാക്കൽ) നിയമത്തിലെ 3,4 വകുപ്പുകൾ നിലനിൽക്കില്ലെന്ന് ജസ്റ്റിസ് എസ്. ഈശ്വരൻ ഉത്തരവിൽ വ്യക്തമാക്കി. കോഴിക്കോട് സ്വദേശികളായ സഹോദരിമാർ സമർപ്പിച്ച ഹർജിയിലാണ് സുപ്രധാന വിധി.

# ജാതി, മത രഹിത സർട്ടിഫിക്കറ്റുകൾ നൽകണം : മദ്രാസ് ഹൈക്കോടതി

ജാതിയോ മതമോ ഇല്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നവർക്ക് അടിയന്തരമായി നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് മദ്രാസ് ഹൈക്കോടതി. തിരുപ്പത്തൂർ ജില്ലക്കാരനായ എച്ച്. സന്തോഷ് നൽകിയ ഹർജിയിലാണ് ജസ്റ്റിസുമാരായ എം.എസ്. രമേശ്, എൻ. സെന്തിൽകുമാർ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ്. ജാതി, മത രഹിത സർട്ടിഫിക്കറ്റ് നൽകാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് സിംഗിൾ ബഞ്ചിന് നൽകിയ ഹർജി തള്ളിയതിനെത്തുടർന്നാണ് ഡിവിഷൻ ബഞ്ചിന് അപ്പീൽ നൽകിയത്. സിംഗിൾ ബഞ്ച് ഉത്തരവ് റദ്ദാക്കിയ ഡിവിഷൻ ബഞ്ച് ഒരു മാസത്തിനകം ഹർജിക്കാരന് സർട്ടിഫിക്കറ്റ് നൽകണമെന്ന് തിരുപ്പത്തൂർ ജില്ലാ കളക്ടർക്കും തഹസിൽദാർക്കും നിർദ്ദേശം നൽകി. ഇത്തരത്തിൽ യോഗ്യരായ അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ റവന്യൂ വകുപ്പിന് അധികാരം നൽകണമെന്ന് കോടതി നിർദ്ദേശിച്ചു.

ആർട്ടിക്കിൾ 25 മതസ്വാതന്ത്ര്യത്തോടൊപ്പം



ഒരു മതവും പിന്തുടരാതിരിക്കുന്നതുൾപ്പെടെയുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. ഭരണഘടന ജാതി വിവേചനത്തെ ശക്തമായി എതിർക്കുന്നുവെങ്കിലും സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ ജാതിക്കും മതത്തിനും ഇപ്പോഴും പ്രാധാന്യമുള്ളതിനാൽ ജാതിയും മതവും ആവശ്യമില്ലെന്നുള്ള ഇത്തരം ഹർജികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് കോടതി നിരീക്ഷിച്ചു.

# ചിത്രജാലകം

## നിയമസഭാ സമുച്ചയം



*നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച ഭരണഘടനാ നിർമ്മാണസഭാ ചർച്ചകളുടെ മലയാളം പരിഭാഷ ഒന്നാം വാല്യം മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിപക്ഷ നേതാവ് വി.ഡി. സതീശന് നൽകി പ്രകാശനം ചെയ്യുന്നു.*



*ഭരണഘടനാ നിർമ്മാണസഭയെയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തെയും സംബന്ധിച്ച് നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ പ്രദർശനത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു.*



*വിവര വിഭവ വികസന വിഭാഗം പ്രസിദ്ധീകരിച്ച കേരളം പാസാക്കിയ നിയമങ്ങൾ പ്രഭാവ പഠനങ്ങൾ  വാല്യം II റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ പ്രതിപക്ഷ ഉപ നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് നൽകി പ്രകാശനം ചെയ്യുന്നു.*




‘Constitutional Federalism- Emerging Challenges and Responses’*എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കേരള ഹൈക്കോടതി മുൻ ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് ജെ.ബി. കോശി സംസാരിക്കുന്നു.*

# പ്രസിഡൻഷ്യൽ റഫറൻസ് : കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് നോട്ടീസ് നൽകി സുപ്രീം കോടതി

സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലുകളിന്മേൽ തീരുമാനമെടുക്കുന്നതിൽ രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും സമയപരിധി നിശ്ചയിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കോടതിക്ക് അധികാരമുണ്ടോ എന്നതിൽ വ്യക്തത തേടി സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നോട്ടീസയച്ചു. സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചിൽ ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായിക്ക് പുറമേ ജസ്റ്റിസുമാരായ സൂര്യകാന്ത്, വിക്രം നാഥ്, പി. എസ്. നരസിംഹ, എ. എസ്. ചന്ദുർക്കർ എന്നിവർ അംഗങ്ങളാണ്. നിയമസഭ പാസാക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകുന്നതിന് രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും സമയപരിധി നിശ്ചയിച്ച സുപ്രീം കോടതി വിധി സംബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു സുപ്രീം കോടതിയുടെ അഭിപ്രായം തേടിയിരുന്നു. ഭരണഘടനയുടെ 200, 201 എന്നീ അനുച്ഛേദങ്ങൾ പ്രകാരം രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും സമയപരിധി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സുപ്രീം കോടതിക്ക് എങ്ങനെ സമയപരിധി നിശ്ചയിക്കാനാകുമെന്നാണ് അനുച്ഛേദം 143(1) പ്രകാരമുള്ള റഫറൻസിൽ രാഷ്ട്രപതി സുപ്രീം കോടതിയോട് അഭിപ്രായം തേടിയിരുന്നത്. തമിഴ്നാട് നിയമസഭ പാസാക്കിയ പത്ത് ബില്ലുകളിന്മേൽ തീരുമാനമെടുക്കാതെ വൈകിപ്പിച്ച ഗവർണ്ണറുടെ നടപടിയെ ചോദ്യം ചെയ്ത് തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി സമയപരിധി നിശ്ചയിച്ച് വിധി പുറപ്പെടുവിച്ചിരുന്നത്.

രാഷ്ട്രപതിയുടെ റഫറൻസ് 'മറുപടി നൽകാതെ മടക്കണമെന്ന്' ജൂലൈ 28 ന് സുപ്രീം കോടതിയിൽ നൽകിയ അപേക്ഷയിൽ കേരളം ആവശ്യപ്പെട്ടു. രാഷ്ട്രപതി ഉന്നയിച്ച പതിനാല് ചോദ്യങ്ങളിൽ പതിനൊന്നിനും തമിഴ്നാട് ഗവർണ്ണർക്കെതിരായ കേസിൽ സുപ്രീം കോടതി പരിശോധിച്ച് മറുപടി നൽകിയിട്ടുള്ളതാണെന്നും വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ളതാണ് രാഷ്ട്രപതിയുടെ റഫറൻസെന്നും അപേക്ഷയിൽ കേരളം പറയുന്നു. സുപ്രീം കോടതി വിധിക്കെതിരെ കേന്ദ്ര സർക്കാർ പുന:പരിശോധന ഹർജി/തിരുത്തൽ ഹർജി ഫയൽ ചെയ്യാത്തതിനാൽ വിധി അന്തിമമാണെന്നും കേരളം ചൂണ്ടിക്കാട്ടി.

## സുപ്രീം കോടതിയിൽ ഒ.ബി.സി. സംവരണം

സുപ്രീം കോടതിയിലെ നേരിട്ടുള്ള നോൺ ജുഡീഷ്യൽ തസ്തികകളിൽ 27% ഒ.ബി.സി. സംവരണം ഏർപ്പെടുത്താൻ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് തീരുമാനിച്ചു. അംഗപരിമിതർ, എക്സ് സർവീസ്മെൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ ആശ്രിതർ എന്നിവർക്കും സംവരണം അനുവദിച്ചിട്ടുണ്ട്. സുപ്രീംകോടതി ഓഫീസേഴ്സ് ആൻഡ് സെർവന്റ്സ് (കൺഡീഷൻസ് ഓഫ് സർവീസ് ആൻഡ് കൺഡക്ട്) റൂൾസ്, 1961 ലെ റൂൾ 4 എ യിൽ ഭേദഗതി വരുത്തിയാണ് തീരുമാനം നടപ്പാക്കിയത്. ഭരണഘടനയുടെ ആർട്ടിക്കിൾ 146(2) പ്രകാരമാണ് ചീഫ് ജസ്റ്റിസിന് ജീവനക്കാരുടെ സേവനം സംബന്ധിച്ച അധികാരം ലഭിക്കുന്നത്. എസ്.സി. വിഭാഗത്തിന് 15%, എസ്.ടി. വിഭാഗത്തിന് 7.5% എന്നിങ്ങനെയാണ് നിയമനത്തിനും സ്ഥാനക്കയറ്റത്തിനുമായി സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

## സുപ്രീം കോടതി ലോഗോ

സുപ്രീം കോടതിയുടെ പഴയ ലോഗോ പുന:സ്ഥാപിച്ചു. ഇന്ത്യയുടെ ദേശീയ ചിഹ്നമായ സാരനാഥിലെ അശോക സ്തംഭത്തിലെ സിംഹങ്ങളുടെ ചിത്രം കേന്ദ്ര ബിന്ദുവായി ഉൾപ്പെടുത്തിയിട്ടുള്ള ലോഗോയാണ് ചീഫ് ജസ്റ്റിസായി ബി.ആർ. ഗവായ് ചുമതലയേറ്റ ശേഷം പുന:സ്ഥാപിച്ചത്. 2024 സെപ്റ്റംബറിൽ സുപ്രീം കോടതിയുടെ എഴുപത്തഞ്ചാം വാർഷിക ചടങ്ങിനിടെയാണ് പഴയ ലോഗോ മാറ്റി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി രൂപകല്പന ചെയ്ത, സുപ്രീം കോടതി മന്ദിരം, ഭരണഘടന, അശോകചക്രം എന്നിവ ഉൾപ്പെടുന്ന പുതിയ ലോഗോ സ്ഥാപിച്ചത്.

# സി. സദാനന്ദൻ ഉൾപ്പെടെ നാലുപേർ രാജ്യസഭയിലേക്ക്

അധ്യാപകനും സാമൂഹ്യ പ്രവർത്തകനുമായ സി. സദാനന്ദൻ ഉൾപ്പെടെ നാലുപേരെ രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. നിലവിൽ ബി.ജെ.പി. യുടെ സംസ്ഥാന വൈസ് പ്രസിഡന്റാണ് അദ്ദേഹം. മുൻ വിദേശ കാര്യ സെക്രട്ടറി ഹർഷ് വർധൻ ശൃംഗ്ല, മുംബൈ ഭീകരാക്രമണ കേസിലെ പബ്ലിക് പ്രോസിക്യൂട്ടർ ഉജ്ജ്വൽ നികം, ചരിത്രകാരി മീനാക്ഷി ജെയിൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ട മറ്റുള്ളവർ. ഭരണഘടനയുടെ അനുച്ഛേദം 80(1) (എ) പ്രകാരം കല, ശാസ്ത്രം, സാഹിത്യം, സാമൂഹ്യ സേവനം എന്നിവയിൽ പ്രത്യേക



ജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള പന്ത്രണ്ട് പേരെ രാഷ്ട്രപതിക്ക് രാജ്യസഭയിലേക്ക് നേരിട്ട് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. സർദാർ കെ. എം. പണിക്കർ (1959–1960), (1960–1961), ജി. രാമചന്ദ്രൻ (1964–1970), ജി. ശങ്കരക്കുറുപ്പ് (1968–1972), അബു എബ്രഹാം (1972–1978), ഡോ. കെ. കസ്തൂരിരംഗൻ (2003–2009), പ്രൊഫ. എം. എസ്. സ്വാമിനാഥൻ (2007–2013), സുരേഷ് ഗോപി (2016–2022), പി.ടി. ഉഷ (2022–..........) എന്നിവരാണ് കേരളത്തിൽ നിന്ന് രാജ്യസഭയിലേക്ക് മുൻപ് നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാളികൾ.

# നിലമ്പൂർ എം.എൽ.എ.യായി ആര്യാടൻ ഷൗക്കത്ത്




പതിനഞ്ചാം കേരള നിയമസഭയിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്ന് വിജയിച്ച ആര്യാടൻ ഷൗക്കത്ത് ശപഥം ചെയ്ത് സാമാജികനായി ചുമതലയേറ്റു. നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 2025 ജൂൺ 27 ന് നടന്ന ചടങ്ങിൽ സ്പീക്കർ എ.എൻ. ഷംസീർ മുമ്പാകെയായിരുന്നു പ്രതിജ്ഞ. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ മന്ത്രിമാർ, എം.പി. മാർ, എം.എൽ.എ. മാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

പി.വി. അൻവർ രാജിവച്ച ഒഴിവിലേക്ക് 2025 ജൂൺ 19 ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥിയായ ആര്യാടൻ ഷൗക്കത്ത് 11,077 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. മുൻ മന്ത്രിയും ദീർഘകാലം നിലമ്പൂർ എം.എൽ.എ. യുമായിരുന്ന ആര്യാടൻ മുഹമ്മദിന്റെ മകനായ ആര്യാടൻ ഷൗക്കത്ത് അറിയപ്പെടുന്ന ചലച്ചിത്ര നിർമ്മാതാവും തിരക്കഥാകൃത്തുമാണ്.

1. ലോക ജനസംഖ്യാ ദിനത്തിന്റെ (ജൂലൈ 11) ഈ വർഷത്തെ പ്രമേയം എന്താണ് ?

   ന്യായവും പ്രതീക്ഷയുമുള്ള ഒരു ലോകത്ത് അവർ ആഗ്രഹിക്കുന്ന കുടുംബങ്ങൾ സൃഷ്ടിക്കാൻ യുവാക്കളെ ശാക്തീകരിക്കുക.

2. അന്താരാഷ്ട്ര അസ്ട്രോണമിക്കൽ യൂണിയന്റെ (ഐ.എ.യു.) ഉൽക്കാ പഠന നേതൃത്വ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യാക്കാരൻ ?

   മലയാളിയായ ജ്യോതിശാസ്ത്രജ്ഞൻ അശ്വിൻ ശേഖർ



അശ്വിൻ ശേഖർ

3. അടുത്തിടെ മനുഷ്യരിൽ കണ്ടെത്തിയ അത്യപൂർവ രക്തഗ്രൂപ്പ് ?

   ഗ്വാഡ നെഗറ്റീവ്

4. ഇന്ത്യയിൽ വെള്ളപ്പൊക്കം സംബന്ധിച്ച് മുന്നറിയിപ്പ് നൽകാൻ തയ്യാറാക്കിയ വെബ് അധിഷ്ഠിത പ്ലാറ്റ്ഫോം ?

   സി-ഫ്ളഡ് (C-FLOOD)

5. ഗവൺമെന്റ് സർവീസിൽ സ്ത്രീകൾക്ക് അനുവദിച്ച 35% സംവരണത്തിന് സ്ഥിര താമസ നയം (domicile policy) ഏർപ്പെടുത്തിയ സംസ്ഥാനം ?

   ബിഹാർ

6. ട്രൈബൽ ജീനോം സീക്വൻസിങ് നടത്തുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം ?

   ഗുജറാത്ത്

7. ഇന്ത്യയിലാദ്യമായി ഐ.എസ്.ഒ. അംഗീകാരം ലഭിച്ച പൊലീസ് സ്റ്റേഷൻ ?

   ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ പൊലീസ് സ്റ്റേഷൻ



അർത്തുങ്കൽ പൊലീസ് സ്റ്റേഷൻ

8. കേരളത്തിലെ ആദ്യ സ്കിൻ ബാങ്ക് നിലവിൽ വന്നതെവിടെ ?

   തിരുവനന്തപുരം മെഡിക്കൽ കോളേജ്




തിരുവനന്തപുരം മെഡിക്കൽ കോളേജ്

9. പുതിയ ആശയങ്ങളിലൂടെയും സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും കാർഷിക മേഖലയിലെ ആധുനികവൽക്കരണവും സുസ്ഥിര വികസനവും ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന നടപ്പാക്കിയ പദ്ധതി ?

   കെ-ടാപ്പ് (Kudumbasree Technology Advancement Programme)

10. അന്താരാഷ്ട്ര കോഡായ 'മെയ്ഡേ കോൾ' എന്താണ് ?

    വിമാനത്തിന്/കപ്പലിന് ഗുരുതരമായ അപകടം സംഭവിച്ച് അടിയന്തര സഹായം ആവശ്യമുണ്ടെന്ന് സൂചിപ്പിക്കാനാണ് ഒരു പൈലറ്റ്/ക്യാപ്റ്റൻ മെയ്ഡേ കോൾ വിളിക്കുന്നത്. 'എന്നെ സഹായിക്കൂ' എന്നർഥമുള്ള 'm'aider' എന്ന ഫ്രഞ്ച് വാക്കിൽ നിന്നാണ് കോഡിന്റെ ഉത്ഭവം.

# ബഹിരാകാശ നിലയത്തിലെ പ്രഥമ ഇന്ത്യൻ സാന്നിധ്യമായി ശുഭാംശു ശുക്ല



ബഹിരാകാശത്തെത്തുന്ന രണ്ടാമത്തെ ഇന്ത്യൻ പൗരനും രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യാക്കാരനുമായ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് ജൂലൈ 15 ന് ഭൂമിയിൽ തിരിച്ചെത്തി. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ഐ.എസ്.ആർ.ഒ. യോടൊപ്പം അമേരിക്കൻ ബഹിരാകാശ ഏജൻസി നാസയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയും സ്വകാര്യ കമ്പനികളായ ആക്സിയം സ്പെയ്സും സ്പെയ്സ് എക്സുമായി സഹകരിച്ച് നടത്തിയ ആക്സിയം 4 ദൗത്യം ശുഭകരമായി അവസാനിച്ചു. വ്യോമസേനയിൽ ഗ്രൂപ്പ് ക്യാപ്റ്റനായ ശുഭാംശുവായിരുന്നു ദൗത്യത്തിന്റെ പൈലറ്റ്. കമാൻഡർ നാസയുടെ മുൻ ബഹിരാകാശ സഞ്ചാരി പെഗ്ഗി വിറ്റ്സൺ, മിഷൻ സ്പെഷ്യലിസ്റ്റുകളായ പോളണ്ടിന്റെ സ്ലാവോസ് ഉസ്നൻസ്കി, ഹംഗറിയുടെ ടിബോർ കാപു എന്നിവരായിരുന്നു സംഘാംഗങ്ങൾ.

അമേരിക്കയിലെ കെന്നഡി സ്പെയ്സ് സെന്ററിലെ 39 എ വിക്ഷേപണത്തറയിൽ നിന്ന് ജൂൺ 25 നാണ് സ്പേസ് എക്സിന്റെ ഫാൽക്കൺ 9 ബ്ലോക്ക് 5 റോക്കറ്റിന് മുകളിൽ ഘടിപ്പിച്ച 'ഗ്രേയ്സ്' എന്ന് പേര് നൽകിയ ഡ്രാഗൺ സി 213 പേടകത്തിൽ ശുഭാംശു ഉൾപ്പെട്ട സംഘം ബഹിരാകാശ യാത്ര പുറപ്പെട്ടത്. യാത്രാ ദിവസങ്ങളുൾപ്പെടെ ആകെ 20 ദിവസങ്ങൾ ഉൾപ്പെട്ട ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശ പേടകത്തിൽ 288 തവണയാണ് ഭൂമിയെ ചുറ്റിയത്. ആകെ 433 മണിക്കൂറുകളാണ് സംഘം ബഹിരാകാശത്ത് ചെലവഴിച്ചത്. നിലയത്തിലെ ശൂന്യഗുരുത്വാവസ്ഥയിൽ (സീറോ ഗ്രാവിറ്റി) ഏഴ് പരീക്ഷണങ്ങൾക്കാണ് ശുഭാംശുവിനെ ഐ.എസ്.ആർ.ഒ. ചുമതലപ്പെടുത്തിയിരുന്നത്.

ഐ.എസ്.ആർ.ഒ. യുടെ ബഹിരാകാശ യാത്രാ പദ്ധതിയായ 'ഗഗൻയാൻ', ഇന്ത്യയുടെ ബഹിരാകാശ നിലയ പദ്ധതിയായ 'ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ' തുടങ്ങിയവയ്ക്ക് ഒരു മുതൽക്കൂട്ടാണ് ശുഭാംശുവിന്റെ വിജയയാത്ര. ഗഗൻയാൻ ദൗത്യത്തിന്റെ കമാൻഡർ കൂടിയാണ് വ്യോമസേനാ ടെസ്റ്റ് പൈലറ്റായ ശുഭാംശു ശുക്ല.

സർക്കാർ ഉദ്യോഗസ്ഥനായിരുന്ന ശംഭുദയാൽ ശർമ്മയുടെയും ആശ ശുക്ലയുടെയും മകനായാണ് ഉത്തർപ്രദേശ് സ്വദേശിയായ ശുഭാംശുവിന്റെ ജനനം. പ്രശസ്തമായ സിറ്റി മോണ്ടിസ്സോറി സ്കൂളിലെ പഠനത്തിനുശേഷം നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ ബിരുദവും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് എയ്റോസ്പേസ് എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. വ്യോമസേനയിലെ ടെസ്റ്റ് പൈലറ്റായ ശുഭാംശു സുഖോയ് 30, മിഗ് 21, മിഗ് 29, ജാഗ്വർ, ഡോണിയർ, എ എൻ 32 ഉൾപ്പെടെയുള്ള യുദ്ധവിമാനങ്ങൾ 2000 മണിക്കൂറിലേറെ പറത്തിയിട്ടുണ്ട്.

ഭാര്യ കാമ്ന മിശ്ര, ഒരു മകനുണ്ട്.

# മുനിസിപ്പൽ കൗൺസിൽ അധ്യക്ഷനിൽ നിന്ന് സഭാധ്യക്ഷനിലേക്ക്



കേരള നിയമസഭ കണ്ട കഴിവുറ്റ വ്യക്തിത്വങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പി.പി. തങ്കച്ചന്റേത്. കേരള നിയമസഭാ സ്പീക്കർ, സംസ്ഥാന കൃഷി വകുപ്പ് മന്ത്രി, പ്രതിപക്ഷ ചീഫ് വിപ്പ് എന്നീ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചു. കേരള നിയമസഭയിൽ അധ്യക്ഷ പദവിക്ക് തുടർച്ചയായി മന്ത്രി പദവി വഹിച്ച ആദ്യ വ്യക്തി കൂടിയാണ് പി. പി. തങ്കച്ചൻ. തുടർച്ചയായി നാല് തവണ പെരുമ്പാവൂർ മണ്ഡലത്തെയാണ് അദ്ദേഹം നിയമസഭയിൽ പ്രതിനിധീകരിച്ചത്.

എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 1939 ജൂലൈ 29 ന് റവ. ഫാദർ പൗലോസ് പൈനാടത്തിന്റെയും അന്നമ്മയുടെയും പുത്രനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും അസാമാന്യ താൽപര്യം പ്രദർശിപ്പിച്ചിരുന്ന തങ്കച്ചൻ 1956-57 ൽ തേവര സേക്രട്ട് ഹാർട്ട് കോളേജിലെ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിക്കുള്ള അവാർഡ് കരസ്ഥമാക്കി. ബിരുദാനന്തരം ബി.എൽ നേടുകയും പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ കരസ്ഥമാക്കുകയും ചെയ്തു. 1968 ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട് അധ്യക്ഷ സ്ഥാനത്ത് എത്തിയപ്പോൾ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാൻ എന്ന ബഹുമതിക്കും അർഹനായി. 1980 വരെ പ്രസ്തുത പദവിയിൽ തുടർന്ന അദ്ദേഹം 1980-82 കാലഘട്ടത്തിൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലെ പ്രതിപക്ഷ നേതാവുമായിരുന്നു.

ഏഴ് മുതൽ പത്ത് വരെ കേരള നിയമസഭകളിലേക്ക് കോൺഗ്രസ് പ്രതിനിധിയായി 1982, 1987, 1991, 1996 വർഷങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട പി. പി. തങ്കച്ചൻ 1987-91 കാലയളവിൽ കോൺഗ്രസ് നിയമസഭാ കക്ഷി നേതാവായി പ്രവർത്തിച്ചിട്ടുണ്ട്. എട്ടാം കേരള നിയമസഭയുടെ കാലത്ത് പതിനാലാമത്തെ സ്പീക്കറായി 1991 ജൂലൈ 1 ന് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1995 മേയ് 2 വരെ പദവിയിൽ തുടർന്നു. തുടർന്ന് മേയ് 3 ന് എ. കെ. ആന്റണി മന്ത്രിസഭയിൽ കൃഷി വകുപ്പ് മന്ത്രിയായി ചുമതലയേൽക്കുകയും മേയ് 9 വരെ പദവിയിൽ തുടരുകയും ചെയ്തു. 1996 മുതൽ 2001 വരെ പത്താം കേരള നിയമസഭയിലെ പ്രതിപക്ഷ ചീഫ് വിപ്പായിരുന്ന അദ്ദേഹം 1987-91 കാലയളവിൽ കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സമിതി, പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നീ നാല് പ്രധാന നിയമസഭാ സമിതികൾ രൂപം കൊണ്ടത് പി. പി. തങ്കച്ചൻ സ്പീക്കറായിരുന്ന കാലത്താണ്. 1996-98 കാലയളവിൽ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനുമായിരുന്നു.

ഐക്യജനാധിപത്യ മുന്നണി (യു.ഡി.എഫ്.) കൺവീനർ (2004-2018), കെ.പി.സി.സി. പ്രസിഡന്റ് (2004), വൈസ് പ്രസിഡന്റ് (2001-2004), എറണാകുളം ഡി.സി.സി. പ്രസിഡന്റ്, കേരള മാർക്കറ്റ് ഫെഡ് ചെയർമാൻ, റബ്ബർ ബോർഡ് അംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. 1993 ൽ സൈപ്രസിലും 1994 ൽ കാനഡയിലും നടന്ന കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ മുപ്പതാമത്, നാല്പതാമത് സി.പി.എ. കോൺഫറൻസുകളിൽ പങ്കെടുത്തു. 1993 ൽ ഗ്ലോറി ഓഫ് ഇന്റർനാഷണൽ അവാർഡ് ലഭിച്ചു.

ഭാര്യ റ്റി. വി. തങ്കമ്മയും മൂന്ന് മക്കളുമടങ്ങുന്നതാണ് കുടുംബം.



# പി.കെ. കുഞ്ഞ് : ശ്രീമൂലം സഭയിൽ നിന്ന് നിയമസഭയിലേക്ക്

സംസ്ഥാനത്തെ മൂന്നാമത്തെ ധനകാര്യമന്ത്രിയാണ് ശ്രീമൂലം അസംബ്ലിയിലും തിരുവിതാംകൂർ, തിരു-കൊച്ചി, കേരള നിയമസഭകളിലും അംഗമായിരുന്ന പി.കെ. കുഞ്ഞ്. തിരു-കൊച്ചി നിയമസഭയുടെ കാലത്ത് പട്ടം എ. താണുപിള്ള മന്ത്രിസഭയിൽ തൊഴിലും മെഡിക്കലും തദ്ദേശസ്ഥാപനങ്ങളും വകുപ്പ് മന്ത്രിയായിരുന്നു. പി.കെ. കുഞ്ഞ് ധനകാര്യ മന്ത്രിയായിരിക്കെയാണ് കേരള സംസ്ഥാന ഭാഗ്യക്കുറി ആരംഭിക്കുന്നത്. സാമൂഹ്യ പരിഷ്കരണത്തിന്റെ ഭാഗമായ വൈക്കം സത്യാഗ്രഹത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

1937 ലെ ശ്രീമൂലം അസംബ്ലിയിൽ കൊല്ലം-കൊട്ടാരക്കര മണ്ഡലത്തെ പ്രതിനിധീകരിച്ച പി.കെ. കുഞ്ഞ് സ്വാതന്ത്ര്യാനന്തരം 1948-49 ൽ തിരുവിതാംകൂർ നിയമസഭയിലും 1954 ലെ തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. രണ്ടാം കേരള നിയമസഭയിലേക്ക് കൃഷ്ണപുരത്തുനിന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പി.) പ്രതിനിധിയായും മൂന്നാം കേരള നിയമസഭയിലേക്ക് കായംകുളത്തുനിന്ന് സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി (എസ്.എസ്.പി.) പ്രതിനിധിയായും വിജയിച്ചു. രണ്ടാം ഇ.എം.എസ്. മന്ത്രിസഭയിൽ 1967 മാർച്ച് 6 മുതൽ 1969 മേയ് 13 വരെയാണ് ധനകാര്യവകുപ്പിന്റെ ചുമതല വഹിച്ചത്.

കായംകുളത്തെ സമ്പന്നമായ പുത്തൻപുരയിൽ കുടുംബത്തിൽ കുഞ്ഞുഷേഖ് കുഞ്ഞിന്റെയും ഫാത്തിമയുടെയും മകനായി 1906 ൽ ജനിച്ച പി.കെ. കുഞ്ഞ് വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിച്ചു തുടങ്ങി. ഇന്റർമീഡിയറ്റ് പാസായ അദ്ദേഹം ഉപരിപഠനത്തിനായി അലിഗഡ് മുസ്ലിം സർവകലാശാലയിൽ ചേർന്നുവെങ്കിലും പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഉത്തരവാദ ഭരണ പ്രക്ഷോഭ കാലത്ത് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രമുഖ നേതാവായിരുന്ന പി.കെ. കുഞ്ഞ് 1940 ൽ കോൺഗ്രസിൽ നിന്ന് രാജി വച്ചു. പിന്നീട് മുസ്ലിം ലീഗിലും തുടർന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചു.

തിരുവിതാംകൂർ നിയമസഭയിൽ അഖില തിരുവിതാംകൂർ ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ വിപ്പ്, സംസ്ഥാന മുസ്ലിം ലീഗ് ജോയിന്റ് സെക്രട്ടറി, തിരു-കൊച്ചി മുസ്ലിം ലീഗ് (1952), ട്രാവൻകൂർ ലേബർ അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റ്, കേരള പി.എസ്.പി. ട്രഷറർ (1957-61) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ, പത്രപ്രവർത്തന രംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള പൊതുപ്രവർത്തകനായിരുന്നു പി.കെ. കുഞ്ഞ്. കായംകുളത്തെ എം.എസ്.എം. ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിച്ചത് അദ്ദേഹമാണ്. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ 'കേരള ജനത' ദിനപത്രത്തിന്റെയും തിരുവിതാംകൂർ സ്റ്റേറ്റ് സർവീസ് ലീഗിന്റെ മുഖപത്രം 'രാജ്യാഭിമാനി'യുടെയും 'സ്വരാജ്' വാരികയുടെയും മുഖ്യ പത്രാധിപരായിരുന്നു. ട്രേഡ് യൂണിയൻ സമരങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. സമ്പന്ന കുടുംബാംഗമായിരുന്ന അദ്ദേഹം തന്റെ സമ്പത്ത് പൊതുപ്രവർത്തനത്തിനായാണ് വിനിയോഗിച്ചത്.

1979 ജൂൺ 24 ന് അന്തരിച്ച അദ്ദേഹത്തിന് 1979 ഒക്ടോബർ 5 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.



# നെല്ലിയാമ്പതി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളുമായി നിയമസഭാ സമിതി

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021–2023) പാലക്കാട് നെല്ലിയാമ്പതി ഗവ. ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം 2023 മേയ് 18 ന് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. സന്ദർശനത്തിന്റെയും വിവര ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2023–26) യുടെ അറുപത്തിനാലാമത് റിപ്പോർട്ട് സമിതി അധ്യക്ഷൻ ടി.പി. രാമകൃഷ്ണൻ എം.എൽ.എ. 2025 മാർച്ച് 20 ന് സഭയിൽ സമർപ്പിച്ചു.

നെല്ലിയാമ്പതി കൃഷി ഫാമിന്റെ വിസ്തൃതിക്കനുസരിച്ച് കാര്യക്ഷമതയുള്ള തൊഴിലാളികളില്ലെന്ന് വിലയിരുത്തിയ സമിതി ഫാമിലെ പ്രവർത്തനങ്ങളിൽ താല്പര്യവും തൊഴിൽ വൈദഗ്ധ്യവുമുള്ള പരിചയ സമ്പന്നരായ തൊഴിലാളികളെ ചുരുങ്ങിയത് അഞ്ച് വർഷത്തേക്കെങ്കിലും നിയമിക്കണമെന്ന് നിർദ്ദേശിച്ചു. വൈദ്യുതി മുടക്കവും ഇന്റർനെറ്റ് സൗകര്യത്തിന്റെ അപര്യാപ്തതയും ഫാമിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഫാമിലെ ലേബർ പാഡികൾ നവീകരിക്കണം, പുതിയ പാഡികൾ നിർമ്മിച്ചു നൽകണം, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ വാസയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം, ഫാമിൽ ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സെയിൽസ് കൗണ്ടറും നഴ്സറികളും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം തുടങ്ങിയ ശിപാർശകളും സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഫാമുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ട സമിതി, ഫാമുകളിൽ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിപണന കേന്ദ്രം ആരംഭിക്കണമെന്നും ഐ.എസ്.ഒ. സ്റ്റാൻഡേർഡിലുള്ള ഫുഡ് പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കണമെന്നും നെല്ലിയാമ്പതി ഫാമിലെ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് പാലക്കാട് ടൗണിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കാൻ കൃഷി വകുപ്പ് മുൻകൈയെടുക്കണമെന്നും ഫാമിലെ മുഴുവൻ സ്ഥലങ്ങളിലും വെള്ളമെത്തിക്കുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണമെന്നും വനം വകുപ്പിന്റെ സഹകരണം ഉറപ്പാക്കി ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും  നിർദ്ദേശിച്ചു.

നെല്ലിയാമ്പതി ഫാമിന്റെ പ്രവർത്തനങ്ങൾക്കായി പിക് അപ്പ് വാൻ, ട്രാക്ടർ തുടങ്ങിയവ താൽക്കാലികാടിസ്ഥാനത്തിൽ

അനുവദിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്നും ഫാമിന് അവകാശപ്പെട്ട ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. ഭൂമി കയ്യേറ്റം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും സർവേ നടപടികൾ പൂർത്തീകരിച്ചാലുടൻ അതിർത്തി നിർണ്ണയിച്ച് ഫെൻസിംഗിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

ഫാമിന്റെ അധീനതയിൽ ഉണ്ടായിരുന്നതും അന്യാധീനപ്പെട്ടുപോയതുമായ സ്ഥലങ്ങളെ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കൃഷി വകുപ്പിനോട് നിർദ്ദേശിച്ച സമിതി, ഫാമിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷിക്കുവേണ്ടി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും അധീനതയിലുള്ള സ്ഥലം അന്യാധീനപ്പെട്ടുപോകരുതെന്നും മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കാനുള്ള നിർദ്ദേശം വകുപ്പ് മുഖാന്തരം നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

നിലവിൽ ഫാം കൗൺസിൽ അധ്യക്ഷൻ ജില്ലാ പഞ്ചായത്ത് ചെയർമാനാണെന്നും ജില്ലാ പഞ്ചായത്തിന് ഫാമിന്റെ ഭരണ നിർവഹണത്തിലോ കാര്യങ്ങളിലോ നിയന്ത്രണങ്ങളില്ലെന്നും സമിതി നിരീക്ഷിക്കുകയും ഫാമിന്റെ ഭരണ നിർവഹണത്തിന് നേതൃത്വം നൽകുന്നത് കൃഷി വകുപ്പായതിനാൽ സർക്കാർ തലത്തിൽ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനമെന്ന നിലയിൽ ഫാം പ്രവർത്തിക്കുന്ന സ്ഥലത്തെ എം.എൽ.എ.യെ ഫാം കൗൺസിൽ ചെയർപേഴ്സണായി നിയോഗിക്കണമെന്നും ഇത് കേരളത്തിലെ എല്ലാ ഫാമുകൾക്കും ബാധകമാകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവിറക്കണമെന്നും സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

സാമാജികരായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. എൻ. ജയരാജ്, കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ, ടി.ഐ. മധുസൂദനൻ, എ.സി. മൊയ്തീൻ, മോൻസ് ജോസഫ്, ഐ.ബി. സതീഷ്, ഇ.കെ. വിജയൻ, പി.സി. വിഷ്ണുനാഥ് എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

# എസ്റ്റിമേറ്റ്സ് കമ്മിറ്റികളുടെ നാഷണൽ കോൺഫറൻസ്

ലോക്സഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ എഴുപത്തഞ്ചാമത് വാർഷികത്തോടനുബന്ധിച്ച് ലോക്സഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ പാർലമെന്റിലെയും സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റികളുടെ നാഷണൽ കോൺഫറൻസ് മഹാരാഷ്ട്ര വിധാൻ സഭയിൽ സംഘടിപ്പിച്ചു. 2025 ജൂൺ 23 ന് മഹാരാഷ്ട്ര വിധാൻ സഭ സെൻട്രൽ ഹാളിൽ ലോക്സഭാ സ്പീക്കർ ഓം ബിർള കോൺഫറൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു. രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായണ സിംഗ്, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രി എക്നാഥ് ഷിൻഡെ, സ്പീക്കർ രാഹുൽ നരേക്കർ, മഹാരാഷ്ട്ര നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർപേഴ്സൺ അർജുൻ ഖോട്കർ, നിയമസഭ കൗൺസിൽ ചെയർമാൻ റാം ശങ്കർ ഷിൻഡെ എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് നടന്ന പ്ലീനറി സെഷനിൽ നടന്ന ചർച്ചയിൽ ലോക്സഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർപേഴ്സൺ സഞ്ജയ് ജയ്സ്വാൾ മുഖ്യ പ്രഭാഷണം നടത്തി. പ്ലീനറി സെഷനിൽ 'Roll of Estimates Committee in effective Monitoring and Review of Budget Estimates for Ensuring Efficiency and economy in Administration' എന്ന വിഷയത്തിൽ ചർച്ച നടന്നു. ജൂൺ 24 ന് നടന്ന സമാപന സമ്മേളനം മഹാരാഷ്ട്ര ഗവർണ്ണർ സി.പി.




രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ പങ്കെടുത്ത യോഗത്തിൽ കേരള നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് ചെയർപേഴ്സൺ കെ. കെ. ശൈലജ ടീച്ചർ സംസാരിച്ചു. ജി.എസ്. ജയലാൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ഷംസുദ്ദീൻ എന്നീ സമിതിയംഗങ്ങളും കോൺഫറൻസിൽ പ്രതിനിധികളായി പങ്കെടുത്തു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ പ്രതിനിധികളും സമിതിയെ അനുഗമിച്ചു.



# നെടുമങ്ങാട് എന്ന ചരിത്രനഗരം

**ജി.ആർ. അനിൽ**
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി

തലസ്ഥാന നഗരിയിൽ നിന്നും 18 കി.മീ. മാറി വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന നെടുമങ്ങാട് കിള്ളിയാറിന്റെ ജലസമൃദ്ധിയിൽ ഹരിതാഭമായ കാർഷിക പ്രദേശമാണ്. ഗോത്രവാഴ്ച കാലത്ത് ഇളവള്ളൂർ നാടെന്നും ആയ് രാജാക്കന്മാരുടെ കാലത്ത് ഇളവേണാട്ട് നല്ലൂരെന്നും ഫ്യൂഡൽ ഭരണകാലത്ത് പേരകത്താവഴി എന്നും ക്ഷാത്രവാഴ്ച കാലത്ത് നെടുമങ്ങാട് എന്നും വിളിപ്പേരുള്ള ഈ മലനാടിന്റെ പഴയകാല അതിർത്തികൾ വടക്ക് ഉള്ളൂർ കുന്നുകളും തെക്ക് പൂന്തുറയും കിഴക്ക് അഗസ്ത്യകൂടവും പടിഞ്ഞാറ് പേരൂർക്കട വെള്ളയമ്പലം കുന്നിൻ നിരകളും ആയിരുന്നു. പ്രസിദ്ധമായ കോയിക്കൽ കൊട്ടാരം നെടുമങ്ങാട് നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. പരമ്പരാഗത കേരളീയ വാസ്തുശില്പ ശൈലിയിൽ നാലുകെട്ട് സമ്പ്രദായത്തിൽ നിർമ്മിച്ച കൊട്ടാരം 1670 കളിൽ വേണാടിന്റെ റീജന്റായിരുന്ന പേരകം സ്വരൂപത്തിലെ ഉമയമ്മ റാണിയുടേതായിരുന്നു എന്ന് കരുതപ്പെടുന്നു. നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള കൊട്ടാരത്തിൽ ഫോക്‌ലോർ മ്യൂസിയവും നാണയ ശേഖരണകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പ്രകൃതി രമണീയമായ വെള്ളാണിക്കൽ പാറ നെടുമങ്ങാട് മണ്ഡലത്തിലാണ്. പോത്തൻകോടിനും വെഞ്ഞാറമൂടിനും ഇടയിൽ സമുദ്ര നിരപ്പിൽ നിന്ന് 1000 അടി ഉയരെ സ്ഥിതി ചെയ്യുന്ന ഈ പാറ വിനോദസഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാണ്.

1734 ൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്ത് നെടുമങ്ങാട്, തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായി. രാജഭരണ കാലത്താണ് ഈ നാട്ടിൽ ആദ്യമായി ഒരു വിദ്യാലയവും അഞ്ചൽ ആപ്പീസും ആധുനിക വൈദ്യത്തിന്റെ ഡിസ്പെൻസറിയും സ്ഥാപിക്കപ്പെടുന്നത്. മഹാത്മാ ഗാന്ധിയുടെ കാലടിപ്പാടുകൾ പതിഞ്ഞ രണ്ട് പ്രദേശങ്ങൾ നെടുമങ്ങാട് മണ്ഡലത്തിലുണ്ട്. 1934ൽ ഹരിജനോദ്ധാരണത്തിനായുള്ള ധനശേഖരണാർഥം വേറ്റിനാടുള്ള ഊരുട്ടമ്പലം ക്ഷേത്രം വിശ്രമത്തിനായി തെരഞ്ഞെടുത്തപ്പോഴും പിന്നീട് പിരപ്പൻകോട് കോട്ടപ്പുറം കുന്നിൽ വന്ന് പ്രസംഗിച്ചപ്പോഴും ആ മഹനീയ സാന്നിധ്യം ഈ മണ്ണ് അനുഭവിച്ചു.

1938 ൽ തിരുവനന്തപുരത്ത് ചേർന്ന സ്വാതന്ത്ര്യസമര ഭടന്മാരുടെ യോഗത്തിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന് രൂപം നൽകിയതോടെ നെടുമങ്ങാടും സ്വാതന്ത്ര്യപോരാട്ടത്തിന്റെ പുതുയുഗത്തിലേക്ക് പ്രവേശിച്ചു. എന്നാൽ സമൂഹത്തിൽ നടമാടിയ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള ഉശിരൻ പോരാട്ടങ്ങൾ വളർന്നുവരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തോടു കൂടിയാണ്. സ്റ്റേറ്റ് കോൺഗ്രസിൽ പ്രവർത്തിച്ചിരുന്ന നെടുമങ്ങാട്ടെ ഇടതുപക്ഷക്കാർ ഒന്നടങ്കം കമ്മ്യൂണിസ്റ്റ് ഗ്രൂപ്പായി നിലകൊണ്ടത് 1950 ന്റെ തുടക്കത്തോടെയാണ്. നെടുമങ്ങാട് ടൗണിന് കുളിർപകരുന്ന ആൽമര ചുവടിന് ഒട്ടേറെ പോരാട്ടകഥകൾ പറയാനുണ്ട്. നെടുമങ്ങാട് ചന്തയിലെ അയിത്തത്തിനെതിരെ 1912 ൽ മഹാത്മ അയ്യങ്കാളി നയിച്ച



ചന്ത സമരങ്ങൾ മുതൽ 1954 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നയിച്ച ചന്ത സമരങ്ങളും കൊയ്ത്ത് കശുവണ്ടി സമരങ്ങളും ചായക്കട, ബാർബർ ഷോപ്പ് സമരങ്ങളും ഈ നാടിന്റെ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ടവയാണ്. പട്ടികജാതിക്കാരെ ചായക്കടകൾ ക്കുള്ളിൽ പ്രവേശിപ്പിച്ച് ഭക്ഷണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കരിപ്പൂരിലും താന്നിമൂട്ടിലും ഇരിഞ്ചയത്തും നടന്ന ചായക്കട സമരങ്ങൾ സംഘർഷഭരിതമായി രുന്നു. പതമളപ്പിന്റെ കൂലി എട്ടി ലൊന്നിൽ നിന്ന് ആറിലൊന്നായി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നടന്ന ജന്മിത്വവിരുദ്ധസമരം, നെടുമങ്ങാട് ചന്തയിലെ കൊള്ള പ്പിരിവിനെതിരെ നടന്ന ചന്ത സമരം എന്നിവയെല്ലാം നീതി യ്ക്കും സമത്വത്തിനും വേണ്ടി യുള്ള കേരളത്തിന്റെ മുന്നേറ്റ ചരിത്രത്തിൽ ഈ നാടിന്റെ പങ്ക് എഴുതിച്ചേർത്തു.

അഗസ്ത്യമലനിരകൾ കടന്ന് പാണ്ടിവണിക്കുകളും ബുദ്ധ ജൈന സന്യാസിമാരും ഈ നാട്ടിലേക്ക് കടന്നുവന്നു. നാടൻ പന്തുകളിയും കുട്ടിയും കോലും കിളിത്തട്ടുകളിയും പാറകളിയും പാണ്ടികളിയുമൊക്കെ ആധുനിക കായിക വിനോദങ്ങൾക്ക് വഴി മാറി. രാപ്പാട്ട്, നന്തുണിപ്പാട്ട്, വില്ലടിച്ചാൻപാട്ട്, കമ്പടികളി, കതിരുകാള കളി, കാക്കാരുകളി, തിരുവാതിര കളി, കുടംകളി എന്നിങ്ങനെയുള്ള കലാരൂപ ങ്ങളും ആയോധന കലയായ തെക്കൻ കളരിയുടെ വിസ്മയച്ചു വടുകളും ഈ നാടിനെ കോരി ത്തരിപ്പിക്കുന്നു. മൂന്ന് മഹാ ക്ഷേത്രങ്ങളിൽ നിന്ന് ഒരേ സമയം ആരംഭിക്കുന്ന 'നെടുമങ്ങാട് ഓട്ടം ഉത്സവം' ഈ നാടിന്റെ ദേശീയ മഹോത്സവമാണ്.

കേരള ചരിത്രത്തിലെ ഉജ്ജ്വലതാരമായ പൊന്നറ ശ്രീധർ 1948 ൽ തിരുവിതാംകൂർ നിയമസഭ യിൽ നെടുമങ്ങാടിനെ പ്രതിനിധീ കരിച്ചിരുന്നു. 1922 ലെ നിസ്സഹ കരണ പ്രസ്ഥാനം, വിദേശ വസ്ത്ര ബഹിഷ്കരണം, നാഗ്പൂർ സത്യാഗ്രഹം, വൈക്കം സത്യാഗ്രഹം, ഉപ്പ് സത്യാഗ്രഹം തുടങ്ങിയവയിലെല്ലാം അദ്ദേഹം പങ്കാളിയായി. സ്റ്റേറ്റ് കോൺഗ്രസി ന്റെയും എസ്.എസ്.പിയുടെയും നേതാവും ക്വിറ്റ് ഇന്ത്യാ സമര പോരാളിയുമായിരുന്ന കെ. സോമ ശേഖരൻ നായർ, സ്വാതന്ത്ര്യ സമരസേനാനിയും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന കരിപ്പൂർ ശ്രീകുമാർ എന്നിവരും നെടുമ ങ്ങാടിന്റെ പൊതുരംഗത്ത് നിറഞ്ഞുനിന്നവരായിരുന്നു.

കവിയും ഗാനരചയിതാവും നാടകകൃത്തും ഗ്രന്ഥശാലാ പ്രവർത്തകനും നിയമസഭാ സാമാജികനുമായ പിരപ്പൻകോട് മുരളി, നിയമസഭാ സാമാജികയും നഗരസഭാ അധ്യക്ഷയും അധ്യാ പികയുമായിരുന്ന പരേതയായ നബീസ ഉമ്മാൾ, നാടക സംവി ധായകൻ കരകുളം ചന്ദ്രൻ, കഥാകൃത്തുകളും നോവലിസ്റ്റു കളുമായ പി.എ ഉത്തമൻ, വി.ഷിനി ലാൽ, ഗായിക പി.ജി. രാജലക്ഷ്മി, ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവായ വി.സി. അഭിലാഷ്, ചരിത്രകാരൻ വെള്ള നാട് രാമചന്ദ്രൻ, കവി വിഭു പിര പ്പൻകോട് എന്നിവരെല്ലാം നെടുമ ങ്ങാടിന്റെ സാമൂഹ്യസാംസ്കാരിക ജീവിതത്തിൽ വ്യക്തിമുദ്ര പതിപ്പി ച്ചവരാണ്.

1957 ൽ നിലവിൽ വന്ന ആദ്യ കേരള നിയമസഭ മുതലി ങ്ങോട്ട് നിരവധി പ്രമുഖ രാഷ്ട്രീയ വ്യക്തിത്വങ്ങൾ നെടുമങ്ങാടിനെ നിയമസഭയിൽ പ്രതിനിധീകരിച്ചി ട്ടുണ്ട്. എൻ.എൻ.പണ്ടാരത്തിൽ, കെ.ജി. കുഞ്ഞുകൃഷ്ണപിള്ള, കണിയാപുരം രാമചന്ദ്രൻ, കെ.വി. സുരേന്ദ്രനാഥ്, പാലോട് രവി, മാങ്കോട് രാധാകൃഷ്ണൻ, സി.ദിവാകരൻ എന്നിവരാണവർ. സമ്പന്നമായ ചരിത്രത്തിൽ കാലൂന്നി നിന്ന് വികസനത്തി ന്റെയും പുരോഗതിയുടെയും പുതുപാതകൾ വെട്ടിത്തെളിച്ച് നെടുമങ്ങാട് മുന്നേറുകയാണ്.

**ജി. ആർ അനിൽ**

പതിനഞ്ചാം കേരള നിയമസഭ യിൽ തിരുവനന്തപുരം ജില്ല യിലെ നെടുമങ്ങാട് നിയോജക മണ്ഡലത്തെ പ്രതിനിധീകരി ച്ചാണ് ജി.ആർ. അനിൽ ആദ്യ മായി നിയമസഭയിലെത്തിയത്. നിലവിൽ ഭക്ഷ്യ-പൊതു വിതരണ, ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രിയാണ്. സി.പി.ഐ. പ്രതി നിധിയായ അദ്ദേഹം സ്കൂൾ കാലം മുതൽ ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ (എ.ഐ.എസ്.എഫ്.) സജീവ പ്രവർത്തകനായിരുന്നു. എ.ഐ. എസ്.എഫ്., എ.ഐ.വൈ. എഫ്., കിസാൻ സഭ എന്നിവ യുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം 2000 മുതൽ 2010 വരെ തിരുവന ന്തപുരം കോർപ്പറേഷനിൽ കൗൺസിലറായും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായും സേവ നമനുഷ്ഠിച്ചിട്ടുണ്ട്. വിവിധ തൊഴിലാളി സംഘടനകളുടെ പ്രസിഡന്റ്, സെക്രട്ടറി, വിവിധ ബോർഡുകളുടെ ഡയറക്ടർ തുടങ്ങി നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്.

## സി.വി. പത്മരാജൻ



മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന സി.വി. പത്മരാജൻ (94) 2025 ജൂലൈ 16 ന് അന്തരിച്ചു. 1931 ജൂലൈ 22 ന് പരവൂരിൽ ജനിച്ച അദ്ദേഹം ഏഴ്, ഒമ്പത് നിയമസഭകളിൽ ചാത്തന്നൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചു. കെ. കരുണാകരൻ മന്ത്രിസഭകളിൽ വിവിധ കാലയളവുകളിലായി (1982,1991) സാമൂഹ്യവികസനം, മത്സ്യബന്ധനം, വൈദ്യുതി, കയർ, ധനകാര്യം എന്നീ വകുപ്പുകളും എ. കെ. ആന്റണി മന്ത്രിസഭയിൽ (1995) ധനകാര്യം, കയർ, ദേവസ്വം എന്നീ വകുപ്പുകളും കൈകാര്യം ചെയ്തിട്ടുണ്ട്. 1992 ൽ കെ. കരുണാകരൻ ചികിത്സാർഥം കുറച്ചുകാലം മുഖ്യമന്ത്രി പദവിയിൽ നിന്ന് മാറി നിന്നപ്പോൾ ആ സ്ഥാനം വഹിച്ചത് പത്മരാജനായിരുന്നു. മിച്ച ബജറ്റ് അവതരിപ്പിച്ച ചുരുക്കം ധനമന്ത്രിമാരിൽ ഒരാളായ അദ്ദേഹം വൈദ്യുതി മന്ത്രിയായിരുന്ന കാലത്താണ് 20 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമാക്കിയത്. 1973–79 കാലഘട്ടത്തിൽ കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡറായും പബ്ലിക് പ്രോസിക്യൂട്ടറായും സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം ആസൂത്രണബോർഡ് വൈസ് ചെയർമാൻ, കെ.പി.സി.സി. അധ്യക്ഷൻ, എ.ഐ.സി.സി. അംഗം, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ആർ. വസന്തകുമാരി, രണ്ട് മക്കൾ.

## തെന്നല ജി. ബാലകൃഷ്ണപിള്ള



മുൻ നിയമസഭാംഗവും രാജ്യസഭാംഗവുമായിരുന്ന തെന്നല ജി. ബാലകൃഷ്ണപിള്ള (94) 2025 ജൂൺ 6 ന് അന്തരിച്ചു. പ്രമുഖ കോൺഗ്രസ് നേതാവായിരുന്ന അദ്ദേഹം അഞ്ച്, ഏഴ് കേരള നിയമസഭകളിൽ അടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 1992–98, 2003–2009 കാലഘട്ടങ്ങളിൽ കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു. കൊല്ലം ജില്ലയിലെ ശൂരനാട് തെന്നല വീട്ടിൽ ഗോപാലപിള്ളയുടെയും ഈശ്വരിയമ്മയുടെയും മകനായി 1931 മാർച്ച് 11 നാണ് തെന്നല ബാലകൃഷ്ണപിള്ള ജനിച്ചത്. തിരുവനന്തപുരം എം.ജി കോളേജിൽ നിന്ന് ബിരുദ പഠനം പൂർത്തിയാക്കിയ അദ്ദേഹം ശൂരനാട് പുലിക്കുളം വാർഡ് കമ്മിറ്റി അംഗമായാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. ദീർഘകാലം കെ.പി.സി.സി. പ്രസിഡന്റായിരുന്ന തെന്നല, കെ.പി.സി.സി. ജനറൽ സെക്രട്ടറി, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കൊല്ലം ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്, സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയംഗം, കൊല്ലം ഡി.സി.സി. പ്രസിഡന്റ്, ഇന്റർനാഷണൽ സെന്റർ ഫോർ ഗാന്ധിയൻ തോട്ട്സിന്റെ ചെയർമാൻ, അഖില ഭാരത അയ്യപ്പ സേവാ സംഘം പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ സതീദേവി. ഒരു മകൾ.

## പി.ജെ. ഫ്രാൻസിസ്

മുൻ നിയമസഭാംഗവും അഭിഭാഷകനും കോൺഗ്രസ് നേതാവുമായിരുന്ന പി.ജെ. ഫ്രാൻസിസ് (88) 2025 ജൂൺ 18 ന് അന്തരിച്ചു. പത്താം കേരള നിയമസഭയിൽ മാരാരിക്കുളം മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് നിയമസഭയിലെത്തിയത്. 1996 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ മാരാരിക്കുളം മണ്ഡലത്തിൽ പരാജയപ്പെടുത്തിയ തോടെയാണ് അദ്ദേഹം ശ്രദ്ധേയനായത്. ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് പഞ്ചായത്ത് പി.ജി. ജസിങ്ങിന്റെയും പി.ജെ. റബേക്കയുടെയും മകനായി 1937 ഫെബ്രുവരി 19 നാണ് ഫ്രാൻസിസ് ജനിച്ചത്. ബി.എ.,



ബി.എൽ. ബിരുദധാരിയായ അദ്ദേഹം കുറച്ചുകാലം തപാൽ വകുപ്പിൽ ജോലി ചെയ്തിട്ടുണ്ട്. ആലപ്പുഴ ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം, ആലപ്പുഴ നഗരസഭാ പ്രതിപക്ഷ നേതാവ്, ആലപ്പുഴ ബാർ അസോസിയേഷൻ പ്രസിഡന്റ്, മത്സ്യത്തൊഴിലാളി കോൺഗ്രസ് ജില്ലാ പ്രസിഡന്റ്, മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം, കേരള സ്പോർട്സ് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഏതാനും പുസ്തകങ്ങളും രചിച്ചിട്ടുണ്ട്.

ഭാര്യ വി. പി. മറിയാമ്മ, നാല് മക്കൾ.

# രാജ്യപുരോഗതിക്കായി യത്നിക്കുമ്പോൾ തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കരുത്

*നാലാം കേരള നിയമസഭയിൽ 1976 ഡിസംബർ 23 ന് 1976 ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് പി. കുഞ്ഞൻ നടത്തിയ പ്രസംഗത്തിൽ നിന്ന്.....*

**പി. കുഞ്ഞൻ**
മൂന്ന്, നാല് കേരള നിയമസഭകളിൽ സി.പി.ഐ.(എം) പ്രതിനിധിയായി നിയമസഭയിലെത്തിയ പി. കുഞ്ഞൻ 1957 മുതൽ 1967 വരെ ലോക്സഭാംഗവുമായിരുന്നു. 1944 മുതൽ 1948 വരെ ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം 1949 ലാണ് സി.പി.ഐ. യിൽ ചേർന്നത്. സി.പി.ഐ.(എം) പാലക്കാട് ജില്ലാ കമ്മിറ്റിയംഗം, പാലക്കാട് ഹരിജനസംഘം പ്രസിഡന്റ്, സി.ഐ.റ്റി.യു. പാലക്കാട് ജില്ലാ ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2000 ഒക്ടോബർ 21 ന് അന്തരിച്ച അദ്ദേഹത്തിന് 2000 ഡിസംബർ 21 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.



'സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ സപ്ലിമെന്ററി ഡിമാൻഡ്സ് അവതരിപ്പിച്ചു പ്രസംഗിച്ചതിന് മറുപടിയായി പറഞ്ഞു ഇവിടെ വ്യവസായ സ്തംഭനവും കാർഷിക സ്തംഭനവുമൊന്നുമില്ല, നല്ല യുഗത്തിലാണ് ഭരണം നടത്തുന്നതെന്ന്! സത്യാവസ്ഥ മറച്ചുവച്ചുകൊണ്ട് മന്ത്രിമാർ നിയമസഭയിൽ പ്രസംഗിക്കുകയെന്നുവച്ചാൽ അത് ശരിയായ ഒരു മാർഗ്ഗമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന കാലഘട്ടത്തിൽ നമ്മുടെ മന്ത്രിമാർ പറഞ്ഞു അകാരണമായി ഒരൊറ്റ വ്യവസായ സ്ഥാപനം പോലും ഈ രാജ്യത്ത് പൂട്ടുകയില്ലെന്ന്. തൊഴിലാളികളുടെ ആവശ്യങ്ങൾ ഏതെങ്കിലും മുതലാളിമാർ നിഷേധിക്കുന്ന പക്ഷം അവരെ സെൻട്രൽ ജയിലിലേയ്ക്ക് അയയ്ക്കണമെന്നാണ് മന്ത്രി പറഞ്ഞത്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനുശേഷം ഈ രാജ്യത്ത് നടന്നിട്ടുള്ള ചില കാര്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കണ്ണൂരിൽ നാൽപ്പതിനായിരം കൈത്തറി മില്ലുകൾ ഉണ്ടായിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനുശേഷം മുപ്പത്തയ്യായിരം കൈത്തറി മില്ലുകളും പ്രവർത്തിക്കുന്നില്ല. ഇതിന്റെ ഭാഗമായി അരലക്ഷം തൊഴിലാളികൾ ഇന്ന് തൊഴിലില്ലാതെ അലഞ്ഞു തിരിയുകയാണ്. അതുപോലെതന്നെ 19.11.1976 ൽ മമ്പറം ഓട്ടുകമ്പനി പൂട്ടിയിട്ട് മുതലാളി സ്ഥലം വിട്ടു. അതിൽ ഉണ്ടായിരുന്ന അമ്പത്തിയൊൻപത് തൊഴിലാളികൾ ഇന്ന് തൊഴിലില്ലാതെ തെണ്ടിത്തിരിയുകയാണ്. ഇത് കണ്ണൂർ ജില്ലയിലെ ഒരു ചെറിയ ചിത്രമാണ്. കോഴിക്കോട് ജില്ലയിൽ 01.10.1976 മുതൽ ചെറുവണ്ണൂരിലെ കോട്ടൺമിൽ പൂട്ടി. അതിൽ പണിയെടുത്തുകൊണ്ടിരുന്ന എഴുന്നൂറോളം തൊഴിലാളികൾക്ക് ഇന്ന് പണിയില്ലാതായിരിക്കുകയാണ്. അവർക്ക് ശബ്ദിക്കാൻ നിവൃത്തിയില്ലാതായിരിക്കുകയാണ്. 23.07.1976 ൽ സ്റ്റാർടൈൽ വർക്സ് പൂട്ടി. ഇരുന്നൂറ് തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുന്നു. പ്രീമിയർ സ്റ്റീൽ കമ്പനി ഒരു വർഷമായി പൂട്ടിക്കിടക്കുന്നു. അത് എന്തിന് പൂട്ടിയെന്ന് അന്വേഷിക്കാൻ ഇതുവരെ ഈ രാജ്യത്തെ മന്ത്രിമാരോ ഉത്തരവാദപ്പെട്ടവരോ തയ്യാറായിട്ടില്ല. കോഴിക്കോട് കയർ വ്യവസായമാകെ തകർന്നിരിക്കുകയാണ്. അതിലേയ്ക്കൊന്നും ചുരുങ്ങിയ സമയമായതുകൊണ്ട് കടക്കുന്നില്ല. മലപ്പുറം ജില്ലയിൽ ചെറിയ ചെറിയ സ്റ്റാർച്ച് ഫാക്ടറികളാണുള്ളത്. താഴക്കോട് പഞ്ചായത്തിൽ മൂന്നു ഫാക്ടറിയുണ്ടായിരുന്നു. ആ മൂന്ന് ഫാക്ടറിയും പൂട്ടിയിരിക്കുകയാണ്. നൂറ്റിയമ്പത് തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്, ആലിപ്പറമ്പിലെ ഫാക്ടറികൾ പൂട്ടിയതിന്റെ ഫലമായി 1800 തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. ഏലംകുളത്ത് അഞ്ച് ഫാക്ടറിയുണ്ടായിരുന്നു. അവിടെ അറുന്നൂറ് തൊഴിലാളികൾ പണിയെടുത്തി



രുന്നു. ആ ഫാക്ടറികൾ പൂട്ടിയതിന്റെ ഫലമായി അറുന്നൂറ് തൊഴിലാളികൾക്കും തൊഴിലില്ലാതായിരിക്കുകയാണ്. പെരിന്തൽമണ്ണയിലെ ഫാക്ടറികൾ പൂട്ടിയതിന്റെ ഫലമായി അഞ്ഞൂറോളം തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. പുഴക്കാട്ടിരിയിൽ രണ്ട് സ്റ്റാർച്ച് ഫാക്ടറിയുണ്ടായിരുന്നു. മുന്നൂറ് തൊഴിലാളികൾ അവിടെ പണിയെടുത്തിരുന്നു. അത് പൂട്ടിയിരിക്കുകയാണ്. മൂർക്കനാട് രണ്ട് സ്റ്റാർച്ച് ഫാക്ടറിയുണ്ടായിരുന്നു. അവിടെ മുന്നൂറോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. അത് ഇപ്പോൾ പൂട്ടിയിരിക്കുകയാണ്. കീഴാറ്റൂർ എഴുപത്തിയഞ്ച് തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. വെട്ടത്തൂർ രണ്ട് സ്റ്റാർച്ച് ഫാക്ടറിയുണ്ടായിരുന്നു. അതിൽ 150 തൊഴിലാളികൾ പണിയെടുത്തിരുന്നു. അത് പൂട്ടിയതിന്റെ ഫലമായി നൂറ്റിയമ്പത് തൊഴിലാളികൾക്ക് ജോലിയില്ലാതായിരിക്കുകയാണ്. നിലമ്പൂരിൽ ഇരുന്നൂറ് തൊഴിലാളികൾ പണിയെടുത്തിരുന്നു. അവിടത്തെ ഫാക്ടറി പൂട്ടിയതിന്റെ ഫലമായി ആ തൊഴിലാളികൾക്ക് ജോലിയില്ലാതായിരിക്കുകയാണ്. മമ്പാട് നൂറ്റിയമ്പത് തൊഴിലാളികളുള്ള ഒരു ഫാക്ടറിയുണ്ടായിരുന്നു. ആ ഫാക്ടറി പൂട്ടിയിട്ടിരിക്കുകയാണ്. ഇതേപ്പറ്റി അന്വേഷിക്കാൻ ആരുമില്ല ആ തൊഴിലാളികൾ ഇന്ന് തെണ്ടിത്തിരിയുകയാണ്. അങ്ങനെ സ്റ്റാർച്ച് ഫാക്ടറികളിൽ മാത്രം പണിയെടുത്തിരുന്ന 4445 തൊഴിലാളികളും തൊഴിലില്ലാതെ തെണ്ടിത്തിരിയുകയാണ്. അവരോട് ശബ്ദിക്കാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഇന്ന് അവർ തലയിൽ കയ്യും വച്ച് മിണ്ടാതിരിക്കുന്ന സ്ഥിതിയാണ് മലപ്പുറം ജില്ലയിലുള്ളത്. അതിനുംപുറമെ മലപ്പുറം ജില്ലയിൽ മലബാർ സ്റ്റീൽ റോളിംഗ് കമ്പനി പൂട്ടിയിട്ടിരിക്കുകയാണ്. നാനൂറ് തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ ഭരണകക്ഷിയിലെ പ്രധാനിയും ഈ രാജ്യത്തെ തൊഴിലില്ലാത്ത വിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ വേണ്ടി കച്ചകെട്ടിയിറങ്ങിയിട്ടുള്ള ബാലചന്ദ്രമേനോൻ നടത്തിയിട്ടുള്ള വ്യവസായത്തിന്റെ കഥയുണ്ട്. ഷൊറണൂർ മെറ്റൽ ഇൻഡസ്ട്രീസ് ബാലചന്ദ്രമേനോൻ ഏറ്റെടുത്തു. രണ്ടായിരത്തി അഞ്ഞൂറ് രൂപ മുതൽ ഏഴായിരം രൂപ വരെ ഓരോ വിദഗ്ധ തൊഴിലാളികളിൽ നിന്നും ഷെയർ പിരിച്ചു ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തു. ഇന്ന് അവിടെ ഒരൊറ്റ തൊഴിലാളിക്കുപോലും പണിയില്ല. ഇത്രയും തൊഴിലാളികളിൽ നിന്ന് പണം പിരിച്ച് നടത്താനുള്ള സൗകര്യമുണ്ടോ അതിനുള്ള സാധ്യതയുണ്ടോയെന്നുപോലും അന്വേഷിക്കാതെ പണം പിരിച്ചു. ഇന്ന് ആ തൊഴിലാളികൾ തൊഴിലില്ലാതെ വിഷമിക്കുകയാണ്. കഴിഞ്ഞ ഓണക്കാലത്ത് അത് പൂട്ടി. അവർ ബാലചന്ദ്രമേനോനെ ഘെരാവോ ചെയ്തു. സ്വന്തം കുടിയിരിപ്പ് വിറ്റ് പണം കെട്ടിവച്ചവരുണ്ട്. വീട്ടിലെ എല്ലാ സമ്പത്തുക്കളും വിറ്റ് പണം കെട്ടിവച്ചവരുണ്ട്. ഏത് വിധത്തിലെങ്കിലും ഒരു തൊഴിൽ കരസ്ഥമാക്കാൻ വേണ്ടി വളരെയധികം പണം കെട്ടിവച്ച, തലസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വന്നിട്ടുള്ള വിദഗ്ധ തൊഴിലാളികൾ ഓണക്കാലത്ത് പട്ടിണി കിടന്നതിന്റെ ഭാഗമായി ഒന്നുകിൽ ഞങ്ങൾ ഡെപ്പോസിറ്റ് ചെയ്ത പണം തരണം അല്ലെങ്കിൽ തൊഴിൽ തരണമെന്ന് പറഞ്ഞ് ഘെരാവോ ചെയ്തു.

അതുപോലെതന്നെ എൻകോസിനെ സംബന്ധിച്ച കഥ. എൻകോസിലും ഇന്ന് നൽപതോളം തൊഴിലാളികളെ പിരിച്ചു വിട്ടിരിക്കുകയാണ്. തൊഴിലാളികളുടെ കയ്യിൽ നിന്നു രൂപ മുഴുവനും വാങ്ങിച്ചു, നാടു മുഴുവനും നടന്ന് പ്രചരണം നടത്തി, ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. അറുപത് സ്ററാഫിനെ വച്ച് പണി തുടങ്ങി. തൊഴിലാളികളുടെ കയ്യിൽ നിന്നും രണ്ടായിരം മുതൽ എണ്ണായിരം രൂപ വരെ പിരിച്ചെടുത്തു. ഇന്ന് അത് പൂട്ടിക്കിടക്കുകയാണ്. എൻകോസിന്റെ പേരിൽ ബാങ്കിൽ നിന്നും എടുത്ത പണത്തിന് ഗവൺമെന്റ് മറുപടി പറയേണ്ട സ്ഥിതിയിലേക്ക് മാറിയിരിക്കുകയാണ്. ഇങ്ങനെ സ്റ്റേറ്റിന്റെ പണം മുഴുവനും ദുർവ്യയം ചെയ്യുന്നു, പാവപ്പെട്ട ആളുകളുടെ പണം ദുർവ്യയം ചെയ്യുന്നു. എന്നിട്ട് തൊഴിലാളികൾ തെരുവിലിറങ്ങി തെണ്ടുകയാണ്. അതിനെ സംബന്ധിച്ച് അന്വേഷിക്കാൻ സമയമില്ല, ആവശ്യമായ മെഷിനറിയില്ല, ആവശ്യമായ നിയമമില്ല, അവർക്ക്

അടിയന്തരാവസ്ഥ ബാധകവുമല്ല. അവർ ഇന്ന് മാന്യന്മാരായി സമൂഹത്തിൽ ഞെളിഞ്ഞ് നടക്കുകയാണ്. ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് തൊഴിൽ കൊടുക്കാമെന്ന് പറഞ്ഞ്, ഈ രാജ്യത്ത് വ്യവസായമുണ്ടാക്കാമെന്ന് പറഞ്ഞ്, പാവപ്പെട്ട ആളുകളുടെ കയ്യിൽ നിന്ന് രൂപയും വാങ്ങിച്ചിട്ട് അവസാനം തെരുവിലിറക്കിയിരിക്കുകയാണ്. അവർക്കെതിരായിട്ട് യാതൊരു കരിനിയമവും ഈ രാജ്യത്തില്ല, അതിനെപ്പറ്റി അന്വേഷിക്കാൻ ആരും തയ്യാറാകുന്നില്ല.

അതുപോലെ തന്നെ മെൻകോസ് എന്ന ഒരു സ്ഥാപനം ഒലവക്കോട്ട് ഉണ്ടായിരുന്നു അതും ഇന്ന് പൂട്ടിയിരിക്കുകയാണ്. അവിടത്തെയും തൊഴിലാളികൾ ഇന്ന് തെരുവാധാരമായിരിക്കുകയാണ്. ശ്രീ. ബാലചന്ദ്രമേനോൻ ഏറ്റെടുത്തിട്ടുള്ള പാലക്കാട്ടുള്ള മാലിയ ബിൾസ് ഉണ്ട്, അത് എം.സി. മേനോൻ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. വളരെ ഭംഗിയായി നടത്തിയിരുന്നു. അത് ഏറ്റെടുത്ത അവസരത്തിൽ പറഞ്ഞതാണ് അതിൽ അഴിമതിയുണ്ട്, ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്ന്. എന്നിട്ടും അമിതമായ വില കൊടുത്ത് ഏറ്റെടുത്തു. ഇന്ന് അത് പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല ഇരുന്നൂറോളം തൊഴിലാളികളെ തെരുവ് തെണ്ടികളാക്കിമാറ്റിയിരിക്കുകയാണ്. ഏഴായിരത്തി അഞ്ഞൂറ് രൂപ വരെ ഷെയർ പിരിച്ചിട്ടുണ്ട്. അങ്ങനെ ഇന്ന് പാലക്കാട് ജില്ലയിലെ മുഴുവൻ വ്യവസായങ്ങളും പൂട്ടിയിരിക്കുകയാണ്. 998 ഓളം തൊഴിലാളികൾ ഈ കാരണം കൊണ്ടുതന്നെ തൊഴിൽ ഇല്ലാത്തവരായി മാറിയിരിക്കുകയാണ്. അവർക്കിന്ന് മിണ്ടുവാൻ നിവൃത്തിയില്ല. ഞങ്ങൾക്ക് തൊഴിൽ തരണമെന്ന് ആവശ്യപ്പെടാൻ നിവൃത്തിയില്ല. അവർക്ക് ഷെയർ പണം തിരിച്ച് തരണമെന്ന് പറയാൻ നിവൃത്തിയില്ല. അവർക്ക് കൂട്ടായി വിലപേശാനുള്ള അവകാശമില്ല. ഇതിന്റെ പേരിൽ പാവപ്പെട്ട 998 ഓളം തൊഴിലാളികൾക്ക് തൊഴിലില്ലാതായി തീർന്നിട്ടുണ്ട്.

സർ, തൃശ്ശൂർ ജില്ലയിലെ ഓട്ടു വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? തൃശ്ശൂർ ജില്ലയിൽ എൺപതിനായിരത്തോളം തൊഴിലാളികൾ ഓട്ടു വ്യവസായത്തിൽ മാത്രം കേന്ദ്രീകരിച്ചിരുന്നതാണ്. അതിൽ നാൽപതിനായിരത്തോളം തൊഴിലാളികൾ ഇന്ന് തൊഴിലില്ലാത്തവരായി തീർന്നിട്ടുണ്ട്. കാരണം ചരക്കുകൾ വാങ്ങിക്കാൻ പണമില്ലാത്തതിന്റെ പേരിൽ സാധനങ്ങൾ കെട്ടിക്കിടക്കുകയാണ്. അതിന്റെ ഫലമായി അതിലേർപ്പെട്ടിരുന്ന തൊഴിലാളികൾ തൊഴിലില്ലാത്തവരായി തീർന്നിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം നാൽപതിനായിരത്തോളം തൊഴിലാളികൾക്ക് ഈ രംഗത്ത് തൊഴിലില്ലാതായിത്തീർന്നിട്ടുണ്ട്. സർ, കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടത്തെ കശുവണ്ടി ഫാക്ടറികളിൽ വളരെയധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. എന്നാൽ 1976 ൽ ആ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വെറും അറുപത് ദിവസം മാത്രമാണ് തൊഴിൽ കിട്ടിയിട്ടുള്ളതെന്നാണ് കണക്കുകൾ കാണിക്കുന്നത്. ബാക്കി ദിവസങ്ങളിൽ അവിടെയുള്ള തൊഴിലാളികൾ പട്ടിണിയിലാണ്. അതുപോലെ തന്നെ കരുനാഗപ്പള്ളിയിലുള്ള പതിമൂന്ന് ഓട്ടു കമ്പനികൾ ഇന്ന് പൂട്ടിയിരിക്കുകയാണ്. ഇങ്ങനെ എല്ലാം പൂട്ടിയിടുന്നത് തൊഴിലാളികൾ സമരം ചെയ്യുന്നതുകൊണ്ടാണോ? കമ്പനികൾ പൂട്ടിയിടുമ്പോൾ മുമ്പൊക്കെ പറയുന്നത് തൊഴിലാളികൾ സമരം ചെയ്തതിന്റെ ഭാഗമായിട്ടാണ് കമ്പനികൾ പൂട്ടിയിടുന്നതെന്നാണ്. ഇന്ന് തൊഴിലാളികൾക്ക് ശബ്ദിക്കാൻ നിവൃത്തിയില്ല. തൊഴിലാളികൾ കഠിനാധ്വാനം ചെയ്യണമെന്നാണ് പറയുന്നത്. കഠിനാധ്വാനം ചെയ്യുന്നതിന് കൂലി ചോദിക്കാൻ പാടില്ല. കഠിനാധ്വാനം ചെയ്തിട്ട് കൂടുതൽ കൂലി ചോദിക്കാൻ പാടില്ല. തൊഴിലില്ലെങ്കിൽ തൊഴിൽ ചോദിക്കാൻ പാടില്ല. വീട്ടിൽ പോയി തലയിൽ കയ്യും വച്ച് മിണ്ടാതിരിക്കണം. ഇതാണ് അടിയന്തരാവസ്ഥയിൽ തൊഴിലാളികൾക്ക് കിട്ടിയ വിധി.



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ



# 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവഹണം) ആക്റ്റ്

## (The Kerala Prison and Correctional Services (Management) Act, 2010) (9 of 2010)



**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

കേരള സംസ്ഥാനം രൂപം കൊണ്ടതിന് ശേഷം സംസ്ഥാനത്ത് ഒരു പ്രത്യേക ജയിൽ നിയമം നിർമ്മിക്കപ്പെട്ടിരുന്നില്ല. 1894 ലെ പ്രിസൺസ് ആക്റ്റും 1900 ലെ പ്രിസൺസ് ആക്റ്റും ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയിട്ടുള്ള ജയിൽ നിയമങ്ങളും 1950 ലെ ട്രാവൻകൂർ-കൊച്ചിൻ ജയിൽ നിയമവുമാണ് കേരളത്തിലെ ജയിലുകളിൽ ഭരണം നടത്തുന്നതിന് വേണ്ടി അനുവർത്തിച്ചു വന്നിരുന്നത്. പ്രിസൺ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് 1958 ൽ കേരള പ്രിസൺസ് ചട്ടങ്ങളും നിലവിൽ വന്നിരുന്നു. എന്നാൽ തടവുകാർക്ക് ശിക്ഷ നൽകുന്ന തരത്തിലുള്ളതോ അവരെ കുറ്റങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനോ അവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനോ പ്രാമുഖ്യം നൽകുന്ന മേൽപ്പറഞ്ഞ നിയമങ്ങളിലെയും ചട്ടങ്ങളിലെയും ചില വ്യവസ്ഥകൾ ആവശ്യമില്ലാത്തതും നിയമപരമായി നടപ്പിലാക്കാൻ കഴിയാത്തതും ആയിരുന്നു.

തുടർന്നുവന്ന കാലങ്ങളിൽ ജയിൽ മാനേജ്മെന്റ് കൂടുതൽ ഊന്നൽ നൽകിയിരുന്നത് കുറ്റവാളികളുടെ തെറ്റുകൾ തിരുത്തുന്നതിനും അവരുടെ സ്വഭാവദോഷങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായിരുന്നു. തടവുകാർ ജയിലിൽ നിന്ന് സ്വതന്ത്ര

രാകുമ്പോൾ അവരെ സാക്ഷരരാക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ തേടുന്നതിന് അവരെ സജ്ജരാക്കുന്ന തരത്തിൽ അവർക്ക് ഉന്നത വിദ്യാഭ്യാസവും തൊഴിൽപരമായ പരിശീലനവും നൽകുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ജയിൽ ഭരണവുമായി ബന്ധപ്പെട്ട സർക്കാരിന്റെ അത്തരം നടപടികൾക്ക് നിയമപരമായ പിൻബലമില്ലായിരുന്നു. തടവുകാരെ സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കാനും അവരോട് ദയാപൂർവം പെരുമാറാനും അവർക്ക് വിദ്യാഭ്യാസവും തൊഴിൽ പരവുമായ പരിശീലനം നൽകുവാനും ജയിലുകളിൽ ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുവാനും തടവുകാരുടെ സ്വഭാവ ദൂഷ്യങ്ങൾ ദൂരീകരിക്കുവാനും പുനരധിവാസം ഉറപ്പാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്.

സംസ്ഥാനത്തിന് പ്രത്യേകമായ ഒരു ജയിൽ നിയമം വേണം എന്ന ആവശ്യം പലപ്പോഴും ഉയർന്നുവന്നെങ്കിലും പല കാരണങ്ങളാൽ അത് ഫലവത്തായില്ല. 1993 ൽ ഗവൺമെന്റ് നിയോഗിച്ച ഉദയഭാനു കമ്മിറ്റി ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് 2002 ൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായി നിയമിക്കപ്പെട്ട കമ്മിറ്റിയും വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ കമ്മിറ്റികളുടെ പഠന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്ര വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് ഈ നിയമം.

ഈ ബിൽ 2010 മാർച്ച് പതിനെട്ടാം തീയതി അന്നത്തെ ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണൻ സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2010 മാർച്ച് 29 ാം തീയതി സഭ പരിഗണിക്കുകയും പാസാക്കുകയും ചെയ്തു. സഭ പാസാക്കിയ ബില്ലിന് 2010 മേയ് 12 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭ്യമായി.

**ഉള്ളടക്കം**

ഈ നിയമത്തിൽ ഇരുപത് അധ്യായങ്ങളിലായി 102 വകുപ്പുകൾ ഉൾപ്പെടുന്നു. ഡയറക്ടർ ജനറലിനെയും ഇൻസ്പെക്ടർ ജനറലിനെയും മറ്റ് സംശുദ്ധീകരണ സാന്മാർഗീകരണ ഉദ്യോഗസ്ഥരെയും നിയമിക്കുന്നതിന് സർക്കാരിനുള്ള അധികാരം മൂന്നാം വകുപ്പിലും പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളുടെയും ഡയറക്ടർ ജനറലിന്റെ അധികാരങ്ങളും ചുമതലകളും 4 ാം വകുപ്പിലും വ്യവസ്ഥ ചെയ്യുന്നു. സംശുദ്ധീകരണ സാന്മാർഗീകരണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് 11 ാം വകുപ്പിലും പ്രിസണിന്റെ പ്രവർത്തനങ്ങൾ 5 ാം വകുപ്പിലും പ്രതിപാദിക്കുന്നു. 36 ാം വകുപ്പിൽ തടവുകാരുടെ അവകാശങ്ങളും 38 ാം വകുപ്പിൽ തടവുകാരുടെ തരം തിരിക്കൽ സംബന്ധിച്ചും വിദേശ തടവുകാരെ സംബന്ധിച്ച് 49 ാം



വകുപ്പിലും വ്യവസ്ഥ ചെയ്യുന്നു. പ്രിസൺ ആശുപത്രി, പ്രിസൺ സ്കൂളുകൾ, പ്രിസണുകളിൽ ഗ്രന്ഥശാല, വനിതാ പ്രിസണുകളിൽ നഴ്സറി സ്കൂളുകളും ക്രഷ് സൗകര്യവും ഉണ്ടായിരിക്കേണ്ടതിനെക്കുറിച്ചും തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും തടവുകാരുടെ ക്ഷേമത്തിനായി 'തടവുകാർക്കുള്ള ക്ഷേമ നിധി പദ്ധതി' ആവിഷ്കരിക്കുന്നതിനും ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇളവ് അനുവദിക്കുന്നതിനായി ഒരു 'ഇളവ് ചെയ്യൽ പദ്ധതി' രൂപീകരിക്കുന്നതിനും തടവുകാരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഒരു 'പരാതി പരിഹാര സമിതി' രൂപീകരിക്കുന്നതിനും 'തടവുകാർക്ക് സൗജന്യ നിയമസഹായം' എന്നിങ്ങനെ തടവുകാരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള നിരവധി വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതോടെ 1950 ലെ തിരുവിതാംകൂർ-കൊച്ചി പ്രിസൺസ് ആക്റ്റും (1950 ലെ 18) 1894 ലെ പ്രിസൺസ് ആക്റ്റിന് (1894 ലെ 9 ാം നമ്പർ കേന്ദ്ര ആക്റ്റ്) മലബാർ ഭാഗത്ത് ഉണ്ടായിരുന്ന പ്രാബല്യവും റദ്ദാക്കപ്പെട്ടു.

## ബർണാഡ് ഷാ, ജവഹർലാൽ നെഹ്റു പിന്നെ പി. സി. ജോർജ്ജ്

'ബർണാഡ് ഷാ പറഞ്ഞതിനെപ്പറ്റി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഒരു കമന്റ് ഉണ്ട്. "It was Bernard Sha, I think, who suggested that every judge and magistrate as well as every prison official should spend a period in prison living like ordinary prisoners, only then would they be justified in sentencing people to imprisonment or to governing them there.'

വളരെ ക്ലിയറല്ലേ, ജഡ്ജിയുൾപ്പെടെ എല്ലാവരും ഒരു ദിവസം ജയിലിൽ പോയി കിടന്നാലേ ജയിൽ എന്താണെന്ന് മനസ്സിലാകൂ. കോടിയേരി ബാലകൃഷ്ണൻ ജയിലിൽ കിടന്നതിന്റെ ഫലമായാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവരാൻ ഇടയായത്. ഒരു സംശയവും വേണ്ട. കോടിയേരി ബാലകൃഷ്ണനെ നേരത്തെ കിടത്തേണ്ടതായിരുന്നു. നേരത്തെ മന്ത്രിയാക്കേണ്ടതായിരുന്നു. എന്നാൽ ഈ ബിൽ നേരത്തെ വരുമായിരുന്നു. ഇത് വളരെ നല്ല ഒരു ബില്ലാണ്; ഇതിനെ പ്രസംഗിച്ച് കുളമാക്കരുത്.'

ബില്ലിന്റെ ചർച്ചാവേളയിൽ ഇടപെട്ട് സംസാരിച്ച പൂഞ്ഞാർ അംഗം പി. സി. ജോർജ്ജാണ് ഇപ്രകാരം അഭിപ്രായപ്പെട്ടത്. 'സർ, അങ്ങനെ നന്നാവാനാണെങ്കിൽ ഇനിയും പലരെയും കിടത്തണമല്ലോ' എന്ന് കെ. ബാബു (തൃപ്പൂണിത്തുറ) ഉടൻ പ്രതികരിക്കുകയുണ്ടായി.

## ഏകാന്തതടവ്, ചാട്ടവാറടി, വിലങ്ങണിയിക്കൽ, പീനൽ ഭക്ഷണം

ഈ നിയമം നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് നിലനിന്നിരുന്ന ജയിൽ നിയമത്തിൽ ഏകാന്ത തടവ്, ചാട്ടവാറടി, വിലങ്ങണിയിക്കൽ, പീനൽ ഭക്ഷണം എന്നീ പ്രാകൃത നടപടികൾ നിലനിന്നിരുന്നു. അതെല്ലാം തന്നെ പുതിയ നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു. തടവുകാർക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനെ സംബന്ധിച്ച് സുപ്രീംകോടതിയും ഹൈക്കോടതികളും നടത്തിയിട്ടുള്ള ഒട്ടേറെ നിരീക്ഷണങ്ങൾ ഈ നിയമത്തിന്റെ ഭാഗമായിത്തീർന്നു. അതുപോലെ തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംബന്ധിച്ചുള്ള ഇന്റർനാഷണൽ കവന്റുകളിലും ഇന്റർനാഷണൽ കൺവെൻഷനുകളിലും ഉരുത്തിരിഞ്ഞിട്ടുള്ള നവീന ആശയങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുകയുണ്ടായി. കൂടാതെ തടവുകാരുടെ അവകാശങ്ങളും മറ്റും എന്തൊക്കെയാണെന്നത് സംബന്ധിച്ചുള്ള ആശയങ്ങളും ഈ നിയമം മുന്നോട്ടുവയ്ക്കുന്നു. തടവുകാരുടെ ഭക്ഷണം, ഡ്രസ്സ്, ശുചിത്വം, തൊഴിൽ പരിശീലനം എന്നിവ സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഈ നിയമത്തിന്റെ പ്രത്യേകതയാണ്. അതോടൊപ്പം പരോൾ നൽകുന്നതിനുള്ള നടപടികൾ, തടവുകാരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള വ്യവസ്ഥകൾ, തടവുകാർ കുറ്റം ചെയ്താലുള്ള ശിക്ഷാ നടപടികൾ, തടവുകാരെ സഹായിക്കാൻ നിയമോപദേശം കൊടുക്കാനുള്ള വ്യവസ്ഥകൾ എന്നിവ ഉൾപ്പെടെ സമഗ്രമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഈ നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ പ്രിസണുകളേയും തടവുകാരേയും സംബന്ധിച്ച ഒരു ആധുനിക വീക്ഷണം ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടി കൊണ്ടുവന്ന ഈ നിയമം മൂലം ആ രംഗത്ത് ഒരു സമഗ്ര മാറ്റത്തിന് ഇടവരുത്തുവാൻ കഴിഞ്ഞു എന്ന് നിസ്സംശയം വിലയിരുത്താവുന്നതാണ്.

ബില്ലിന്റെ അവതരണ വേളയിൽ നടന്ന ചർച്ച ഉപസംഹരിച്ചുകൊണ്ട് വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ നടത്തിയ മറുപടി പ്രസംഗത്തിൽ പ്രമുഖ സ്കോട്ടിഷ് റൈറ്റർ ഓസ്കാർ വൈൽഡിന്റെ ജയിലിനെ സംബന്ധിക്കുന്ന ഒരു കവിത ഉദ്ധരിക്കുകയുണ്ടായി.

ജയിൽ പരിഷ്കരണത്തിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ 2002ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന കവിതയാണ് മന്ത്രി സഭയിൽ ഉദ്ധരിച്ചത്. ആ കവിത ഇപ്രകാരമായിരുന്നു:

Something was dead in each of us,
And what was dead was hope...
I know not whether Laws be right ,
Or whether Laws be wrong;
All that we know we lie in gaol
Is that the wall is strong;
And that each day is like a year,
A year whose days are long...

*(തുടരും)*



# അടിയന്തരാവസ്ഥാ വിളംബരത്തിന്റെ 50 വർഷങ്ങൾ

**ശ്യാം കെ. എസ്.**
അണ്ടർ സെക്രട്ടറി

ഇന്ത്യയിൽ ജനാധിപത്യവും മൗലികാവകാശവും അഭിപ്രായ സ്വാതന്ത്ര്യവും അടിച്ചമർത്തിക്കൊണ്ടുള്ള ദേശീയ അടിയന്തരാവസ്ഥ വിളംബരം ചെയ്തതിന്റെ അമ്പത് വർഷങ്ങൾ 2025 ജൂൺ 25ന് പൂർത്തിയായി. ഭരണഘടനയിൽ ഉണ്ടായിരുന്നതും യുദ്ധകാലയളവിലല്ലാതെ പ്രയോഗതലത്തിൽ അനുഭവിച്ചിട്ടില്ലാത്തതുമായ ഒരു പുതിയ അന്തരീക്ഷമായിരുന്നു 1975 ലെ ദേശീയ അടിയന്തരാവസ്ഥയുടേത്. ഭരണഘടനയുടെ 352ാം അനുച്ഛേദത്തിൽ അടിയന്തരാവസ്ഥയെക്കുറിച്ച് പരാമർശിച്ചിരുന്നെങ്കിലും അത് വൈദേശിക ശക്തിയുടെ ഭീഷണിയാലല്ലാതെ യൂണിയൻ ഗവൺമെന്റ് പ്രയോഗിക്കുമെന്ന് ഭരണഘടനാ നിർമ്മാതാക്കൾ ചിന്തിച്ചിരുന്നില്ല. എന്നാൽ, 1975 ജൂൺ 25 അർധരാത്രിയിൽ രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ജൂൺ 26ന് ആൾ ഇന്ത്യ റേഡിയോയിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നതായും പൊതുജനങ്ങൾ ഭയപ്പെടേണ്ടതില്ലെന്നും അറിയിക്കുകയും ചെയ്തു.

ഭരണഘടനയുടെ 352, 356, 360 എന്നീ അനുച്ഛേദങ്ങളിലാണ് യഥാക്രമം ദേശീയ അടിയന്തരാവസ്ഥയും സംസ്ഥാന അടിയന്തരാവസ്ഥയും സാമ്പത്തിക അടിയന്തരാവസ്ഥയും പരാമർശിച്ചിരിക്കുന്നത്. ആർട്ടിക്കിൾ 352 പ്രകാരം ഇന്ത്യയുടെ സുരക്ഷിതത്വത്തിന് യുദ്ധത്താലോ, ബാഹ്യ ആക്രമണത്താലോ, ആഭ്യന്തര കലാപത്താലോ ഭീഷണി നേരിടുമ്പോൾ അടിയന്തരാവസ്ഥ വിളംബരം ചെയ്യാവുന്നതാണ്. കേന്ദ്ര മന്ത്രിസഭയുടെ ശിപാർശ പ്രകാരമാണ് ഇപ്രകാരം അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടത്. അടിയന്തരാവസ്ഥ’ എന്ന പദം കൊണ്ട്

1975 ലെ നാഷണൽ എമർജൻസി യാണ് പൊതുബോധത്തിലേക്ക് വരുന്നതെങ്കിലും അതിന് മുമ്പ് ചൈനയുമായുള്ള യുദ്ധസമയത്ത് 1962 ലും പാകിസ്ഥാനുമായുള്ള യുദ്ധസമയത്ത് 1971 ലും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. എന്നാൽ 1975ലെ അടിയന്തരാവസ്ഥ മാത്രമാണ് ആഭ്യന്തര കലാപ (Internal Disturbance) ത്തിന്റെ കാരണമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. അടിയന്തരാവസ്ഥ എന്നതുകൊണ്ട് യൂണിയൻ ഗവൺമെന്റിന്റെ പരമാധികാരം ഉപയോഗിച്ച് പൗരന് ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെയും സ്റ്റേറ്റ് ഗവൺമെന്റുകളുടെ സ്വതന്ത്രമായ ഭരണാവകാശത്തെയും നിയന്ത്രിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അത് എപ്രകാരമാണ് പ്രാവർത്തികമാക്കേണ്ടത് എന്നത് സംബന്ധിച്ച സ്പഷ്ടമായ മാർഗനിർദ്ദേശങ്ങൾ ഭരണഘടനയിൽ നിർവചിച്ചിട്ടില്ല.

ആഭ്യന്തര കലാപം മുൻനിർത്തി പ്രഖ്യാപിച്ച 1975 ലെ അടിയന്തരാവസ്ഥയ്ക്ക് വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഭരണഘടനാ സംബന്ധിയായ വിഷയങ്ങളിൽ പാർലമെന്റിന്റെ നിയമനിർമ്മാണാവകാശം സംബന്ധിച്ച് സുപ്രീം കോടതിയും യൂണിയൻ ഗവൺമെന്റും തമ്മിൽ അഭിപ്രായ ഭിന്നത മൂർച്ഛിച്ച കാലഘട്ടമായിരുന്നു 1960 കളുടെ അവസാന പാദം. മൗലികാവകാശങ്ങൾ സംബന്ധിച്ച 1967 ലെ ഗോലക് നാഥ് കേസിലും ബാങ്ക് ദേശസാൽക്കരണം സംബന്ധിച്ച 1969 ലെ ആർ. സി. കൂപ്പർ കേസിലും യൂണിയൻ ഗവൺമെന്റിന് സുപ്രീം കോടതിയിൽ നിന്ന് തിരിച്ചടി നേരിട്ടു. എന്നാൽ 1971 ൽ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ഇന്ദിരാ ഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ 24, 25, 26 ഭരണഘടനാ ഭേദഗതികളിലൂടെ യഥാക്രമം സ്വത്തവകാശം, ബാങ്ക് ദേശസാത്ക്കരണം, പ്രിവി പേഴ്സ് എന്നിവയിലുള്ള മുൻനിലപാട് ഊട്ടിയുറപ്പിച്ചു. എന്നാൽ 1971 ൽ പാകിസ്ഥാനുമായുണ്ടായ യുദ്ധം ഇന്ത്യയിൽ പണപ്പെരുപ്പം വർധിപ്പിച്ചതും അറബ് - ഇസ്രായേൽ സംഘർഷം മൂലം ക്രൂഡോയിൽ വിലയിലുണ്ടായ വർധനവ് സാധാരണക്കാരെ ബാധിച്ചതും യൂണിയൻ ഗവൺമെന്റിനെതിരായ വിപ്രതിപത്തി സൃഷ്ടിച്ചു. സമാനമായി ജോർജ്ജ് ഫെർണാണ്ടസ് നേതൃത്വം നൽകിയ 1974 ലെ ദിവസങ്ങളോളം നീണ്ടുനിന്ന റെയിൽവേ പണിമുടക്ക് ഏഷ്യയിലെ ഏറ്റവും വലിയ തൊഴിലാളി സമരം എന്ന നിലയിൽ ഇന്ത്യയെ നിശ്ചലമാക്കി. സമാന്തരമായി ബിഹാറിൽ നിന്നാരംഭിച്ച് രാജ്യമൊട്ടാകെ പടർന്ന വിദ്യാർഥി സമരത്തിന്റെ നേതൃനിരയിലേക്ക് വന്ദ്യവയോധികനായ സ്വാതന്ത്ര്യ സമര സേനാനി ജയപ്രകാശ് നാരായൺ എത്തിയത് കേന്ദ്ര ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കി.

യൂണിയൻ ഗവൺമെന്റ് പ്രതിരോധത്തിലായിരുന്ന ഇക്കാലയളവിൽ, ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് വിജയം ചോദ്യം ചെയ്തുകൊണ്ട് റായ്ബറേലിയിൽ പരാജയപ്പെട്ട രാജ് നാരായൺ ഫയൽ ചെയ്തിരുന്ന ഇലക്ഷൻ കേസിൽ 1975 ജൂൺ 12 ന് ഇന്ദിരാ ഗാന്ധിയുടെ വിജയം അസാധുവാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവം നടത്തി. ഈ വിധിക്കെതിരെ സുപ്രീം കോടതിയിൽ ഇന്ദിരാ ഗാന്ധി നൽകിയ അപ്പീലിൽ വാദം കേട്ട വെക്കേഷൻ ബഞ്ചിലെ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ 'പ്രധാനമന്ത്രിയായി തുടരാമെങ്കിലും പാർലമെന്റംഗം എന്ന നിലയിൽ വോട്ട് ചെയ്യുന്നതിനോ അലവൻസ് കൈപ്പറ്റുന്നതിനോ അർഹതയുണ്ടായിരിക്കുന്നതല്ല' എന്ന സോപാധിക സ്റ്റേ മാത്രമാണ് അനുവദിച്ചത്. ഈ വിധിയുടെ കൂടി പശ്ചാത്തലത്തിൽ ന്യൂഡൽഹിയിലെ രാംലീലാ മൈതാനത്തിൽ നടന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്ത ജയപ്രകാശ് നാരായൺ യൂണിയൻ ഗവൺമെന്റിന്റെ അധാർമ്മികമായ ഉത്തരവുകളൊന്നും സൈനിക, അർധ സൈനിക, പൊലീസ് സേനാവിഭാഗങ്ങൾ പാലിക്കാൻ ബാധ്യസ്ഥമല്ല എന്ന ആഹ്വാനം നടത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്ന് ഭരണസിരാ കേന്ദ്രത്തിൽ മൂർദ്ധന്യതയിലെത്തിയ ഈ കലുഷിതമായ അന്തരീക്ഷം നേരിടുന്നതിനായാണ് 1975 ജൂൺ 25ന് ഇന്ത്യൻ പ്രസിഡന്റ് അടിയന്തരാവസ്ഥ പ്രഖ്യാപനം പുറപ്പെടുവിച്ചത് എന്നായിരുന്നു കേന്ദ്ര സർക്കാർ വാദം.

പ്രഖ്യാപനത്തിന്റെ തൊട്ടടുത്ത ദിവസം മുതൽ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട പ്രധാന നേതാക്കളെയെല്ലാം അറസ്റ്റ് ചെയ്ത് ജയിലിനുള്ളിൽ അടയ്ക്കുകയും പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്തു. അഭിപ്രായ സ്വാതന്ത്ര്യത്തിനും മൗലികാവകാശങ്ങൾക്കും കർശന നിയന്ത്രണം ഏർപ്പെടുത്തിയ ശേഷം കൊണ്ടുവന്ന 42 ാം ഭരണഘടനാ ഭേദഗതി 'മിനി കോൺസ്റ്റിറ്റ്യൂഷൻ' എന്നറിയപ്പെട്ടു. ഭരണഘടനയുടെ ആമുഖത്തിൽ സോഷ്യലിസം, സെക്കുലറിസം, ഇന്റഗ്രിറ്റി എന്ന വാക്കുകൾ ഉൾപ്പെടുത്തുകയും മൗലികാവകാശങ്ങൾക്കൊപ്പം മൗലിക കടമകൾ (Fundamental Duties) കൂടി ഉൾപ്പെടുത്തുകയും ഭരണത്തിലുള്ള സംസ്ഥാന ഗവൺമെന്റുകളുടെ കാലാവധി ആറ് വർഷമാക്കി വർധിപ്പിക്കുകയും ചെയ്തതിനോടൊപ്പം ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും അധികാരങ്ങളെ കവർന്നെടുക്കുന്നതിനും ഈ ഭരണഘടനാ ഭേദഗതി കാരണമായി. പുരോഗമനാശയങ്ങൾ എന്ന പേരിൽ നിർബന്ധിത വന്ധ്യംകരണം, ചേരിനിർമ്മാർജ്ജനം തുടങ്ങിയ എണ്ണമറ്റ മനുഷ്യാവകാശ ധ്വംസനങ്ങളുടെ നീണ്ട ഉദാഹരണങ്ങളാണ് ഇക്കാലയളവിൽ അരങ്ങേറിയത്. 'ഹേബിയസ് കോർപ്പസ് കേസ്' എന്ന പേരിൽ വിഖ്യാതമായ ADM Jabalpur Vs Sivakant Shukla എന്ന കേസിൽ 21 ാം അനുച്ഛേദ പ്രകാരമുള്ള മൗലികാവകാശങ്ങൾ അടിയന്തരാവസ്ഥയിലും പാലിക്കേണ്ടതാണെന്ന ഭിന്നാഭിപ്രായ



വിധിയെഴുതിയ ജസ്റ്റിസ് എച്ച്. ആർ. ഖന്നയ്ക്ക് ചീഫ് ജസ്റ്റിസ് പദവി നിഷേധിച്ച കേന്ദ്ര സർക്കാർ തീരുമാനം അടിയന്തരാവസ്ഥക്കാലയളവിൽ ജുഡീഷ്യറി നേരിട്ട കറുത്ത ഏടായിരുന്നു.

അടിയന്തരാവസ്ഥക്കാലത്ത് കേരള നിയമസഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടി പരാമർശിക്കാതെ പോകാനാകില്ല. നാലാം കേരള നിയമസഭയിൽ അച്യുതമേനോന്റെ നേതൃത്വത്തിലുള്ള സി.പി.ഐ.-കോൺഗ്രസ്-മുസ്ലീം ലീഗ് പാർട്ടികളുടെ മുന്നണി ഗവൺമെന്റായിരുന്നു അധികാരത്തിലുണ്ടായിരുന്നത്. ആ ഗവൺമെന്റിനൊപ്പം നാലാം കേരള നിയമസഭയ്ക്കും 1970 മുതൽ 1977 വരെ എഴ് വർഷക്കാലയളവ് ലഭിച്ചു. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട പത്ത് എം.എൽ.എ.മാർ ജയിലിലടയ്ക്കപ്പെട്ടുവെങ്കിലും പ്രതിപക്ഷ നേതാവായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ അറസ്റ്റ് ചെയ്തിരുന്നില്ല. ഒരു നിയമസഭാംഗത്തിന് പോലും സാമാന്യ നീതി ലഭ്യമായിരുന്നില്ല എന്നതിന്റെ പ്രത്യക്ഷ ഉദാഹരണം അന്നത്തെ കൂത്തുപറമ്പ് എം.എൽ.എ. ആയിരുന്ന പിണറായി വിജയന് നേരിടേണ്ടി വന്ന പൊലീസ് അതിക്രമങ്ങളായിരുന്നു. 1975 സെപ്റ്റംബർ 28ന് വീട്ടിൽ നിന്ന് അറസ്റ്റ് ചെയ്ത് കൊണ്ടുപോയി പൊലീസ് ലോക്കപ്പിൽ ക്രൂര മർദ്ദനത്തിന് ഇരയായ അദ്ദേഹം അടിയന്തരാവസ്ഥ പിൻവലിക്കും വരെ കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു.

1977 മാർച്ച് 21ന് അടിയന്തരാവസ്ഥ പിൻവലിക്കപ്പെട്ട ശേഷമുള്ള തിരഞ്ഞെടുപ്പ് കൂടി പരാമർശിക്കാതെ ഈ കുറിപ്പ് പൂർണ്ണമാകില്ല. 1977 മേയ് മാസത്തിൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് അധികാരം നഷ്ടപ്പെടുകയും ഭാരതത്തിലെ ആദ്യത്തെ കോൺഗ്രസിതര ഗവൺമെന്റ് മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ അധികാരമേൽക്കുകയും ചെയ്തു. അടിയന്തരാവസ്ഥയുടെ മനുഷ്യത്വധ്വസനം ഏറെ നേരിട്ടവരായിരുന്നു ആ കാബിനറ്റിലെ അംഗങ്ങൾ. അതിനാൽത്തന്നെ, അവരുടെ പാർലമെന്ററി പ്രവർത്തനത്തിൽ തിളങ്ങി നിന്ന അധ്യായമായിരുന്നു 44 ാം ഭരണഘടനാ ഭേദഗതി. 42 ാം ഭരണഘടനാ ദേദഗതിയിലൂടെ കവർന്നെടുത്ത മൗലികാവകാശങ്ങളെയും കോടതികളുടെ അധികാരങ്ങളെയും ഒരു പരിധി വരെ മടക്കിക്കൊണ്ടുവരാൻ ഈ ഭേദഗതിക്ക് കഴിഞ്ഞു. 352 ാം അനുഛേദത്തിൽ *Internal Disturbance* എന്ന പദത്തിന് പകരം *Armed Rebellion* എന്ന പദം ചേർത്തതും കാബിനറ്റിലെ മന്ത്രിമാരെല്ലാം രേഖാമൂലം പ്രസിഡന്റിന് എഴുതി നൽകണമെന്ന നിബന്ധനയും ഒരു മാസത്തിനുള്ളിൽ അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന് പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം ലഭിക്കണമെന്നുള്ളതും ആറ് മാസം കൂടുമ്പോൾ പാർലമെന്റ് വിളിച്ചു ചേർത്ത് അടിയന്തരാവസ്ഥ തുടരുന്നതിന് അനുമതി തേടണമെന്നുമുള്ള ഭരണഘടനാ ഭേദഗതികൾ 1975ലേതിനോട് സമാനമായ സാഹചര്യത്തിൽ ഇനിയൊരു അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിൽ നിന്നും യൂണിയൻ ഗവൺമെന്റിനെ നിയന്ത്രിക്കുന്നുണ്ട്. ചുരുക്കത്തിൽ മനുഷ്യാവകാശങ്ങളുടെയും പത്രസ്വാതന്ത്ര്യത്തിന്റെയും കടയ്ക്കൽ കത്തിവച്ച് യൂണിയൻ ഗവൺമെന്റിന്റെ സർവ്വാധികാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഒരു പ്രഖ്യാപനത്തിന്റെ 50 സംവൽസരങ്ങളെയാണ് 2025 ജൂൺ 25 വീണ്ടും നമ്മെ ഓർമ്മിപ്പിച്ച് കടന്നുപോയത്.




**അടിമമക്ക**
(രണ്ടാം പതിപ്പ് )

**സി. കെ. ജാനു**
റാറ്റ് ബുക്സ് :
കോഴിക്കോട്, 2023

Y15-5927wJAN,1
32R3
(ആത്മകഥ)




**റൂമി പറഞ്ഞ കഥകൾ**

**നിത്യചൈതന്യയതി**
ലിപി പബ്ലിക്കേഷൻസ്:
കോഴിക്കോട്, 2022.

O164,3RUM 32R2
(പേർഷ്യൻ കവി മൗലാന ജലാലുദ്ദീൻ റൂമിയുടെ 'മസ്നവി' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള കഥകൾ)




**കാനം :**
**കനലോർമ്മ**

**അബ്ദുൾ ഗഫൂർ**
**എഡി.**
കരിമ്പന പുസ്തകം :
പാലക്കാട്, 2024.

W,3.212wRAJ
32R4
(കാനം രാജേന്ദ്രനെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ)




**ആ ഇന്ത്യ മരിച്ചിട്ടില്ല**

**സക്കറിയ**
മനോരമ ബുക്സ് :
കോട്ടയം, 2024.

O32,6ZAC R4
(സമകാലിക സംഭവങ്ങളെ വിലയിരുത്തുന്ന ലേഖനങ്ങൾ)




**സീതാറാം യച്ചൂരി :**
**ഓർമ്മ അനുഭവം**
**രാഷ്ട്രീയം**
(രണ്ടാം പതിപ്പ് )

**എം.എ. ബേബി**
**എഡി.**
ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2024.

W,32.2wSIT
32R4
(സീതാറാം യച്ചൂരിയുടെ സംഭാവനകൾ അടയാളപ്പെടുത്തുന്ന ലേഖനങ്ങളുടെ സമാഹാരം)




**കണ്ണകി മുതൽ**
**കൊലുമ്പൻ വരെ**

**പി. ജെ. ജോസഫ്**
കൈപ്പട പബ്ലിഷിംഗ് ഗ്രൂപ്പ് :
ഇടുക്കി, 2023.

V212 IDU 32R3
(ഇടുക്കിയുടെ കുടിയേറ്റ ചരിത്രം)




**കശ്മീർ, അസം : അട്ടിമറിക്കപ്പെട്ട ജനാധിപത്യം വഞ്ചിക്കപ്പെട്ട ജനത**

**കാസിം ഇരിക്കൂർ**
ഐ.പി.എച്ച് ബുക്സ്: കോഴിക്കോട്, 2021.

W6.241 32R1
(കശ്മീരിന്റെയും അസമിന്റെയും ചരിത്രവും രാഷ്ട്രീയവും വിലയിരുത്തുന്ന പുസ്തകം)




**RACE for RIGHTS: A Brief History of Human Rights Movements**

**Dr. K. Robinson Jose**
Kerala Grandhasala Co-operative Socitey: Thiruvananthapuram, 2024.

V:5 R4
(History of human rights movements across the world and approaches towards human rights are described in this book)




**ഊരാളുങ്കൽ : കഥകളും കാര്യങ്ങളും**

**മനോജ് കെ. പുതിയവിള**
കേരള ഗ്രന്ഥശാലാ സഹകരണസംഘം: തിരുവനന്തപുരം, 2024.

XM:329 32R4
(ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സമഗ്രചരിത്രം വിശകലനം ചെയ്യുന്ന കൃതി)




**NEGOTIATING THE NEW NORMAL: How India Must Grow in a Pandemic - Ridden World**

**Saurav Jha**
Hachette India: Gurugram, 2022.

X:89ZB.1-2 R2
(This book examines world economy after global financial crisis of 2008 and COVID-19 pandemic struck.)




**MIDNIGHT KNOCK : A GRIPPING DOCUFICTION ON INDIAN EMERGENCY**

**P.K. Sreenivasan**
Tr.: Agith G Antony & Shalini Menon
Blaze Media : Chennai, 2005.

O32,3SRE,R 111R5
(Translation of Malayalam novel titled 'Rathri muthal rathri vare')




**Religion, Politics and Women's Equaltiy: Status of Women and Sectarian Politics**

**Ram Puniyani**
Sahithya Pravarthaka Co-operative society: Kottayam, 2021.

Y15(Q) R1
(This book brings forth the aspect of gender equation in politics.)

**ARIVORAM**
BIMONTHLY | **AUGUST 2025** | PRICE ₹ 50/-



അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.